കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2019 ജൂലൈ
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**നിലാവിന്റെ ഭംഗി**
(നോവൽ)
**പെരുമ്പടവം ശ്രീധരൻ**
വില ₹50




**ഈസോപ്പ് കഥകൾ**
(പുനരാഖ്യാനം)
**സി വി സുധീന്ദ്രൻ**
വില ₹170





**ആകാശപ്പറവകൾ**
(തിരക്കഥ)
**ഡോ. അശോക് ഡിക്രൂസ്**
വില ₹80





**ഖുദിറാം ബോസ്**
(ജീവചരിത്രം)
**ഡോ. ടി എസ് ജോയി**
വില ₹100




**ഭാരതീയ സംഗീതധാര**
(വൈജ്ഞാനികം)
**ഡോ. ജയപ്രകാശ് ശർമ**
വില ₹90




**വള്ളിനിക്കറിട്ട ബാല്യം**
(കഥ)
**ഡെന്നിസ് അറയ്ക്കൽ**
വില ₹120





**നന്മ മലയാളം നമ്മുടെ മലയാളം**
(വൈജ്ഞാനികം)
**ഷാജി മാലിപ്പാറ**
വില ₹70




**നമ്മുടെ സൗരയൂഥം**
(വൈജ്ഞാനികം)
**പി എം സിദ്ധാർഥൻ**
വില ₹70



**മായുന്ന ഗ്രാമക്കാഴ്ചകൾ**
(വൈജ്ഞാനികം)
**മുരളീധരൻ തഴക്കര**
വില ₹80



**കായൽ കഥകൾ**
(വൈജ്ഞാനികം)
**ഉണ്ണി അമ്മയമ്പലം**
വില ₹100



**ബീർബൽ കഥകൾ**
(പുനരാഖ്യാനം )
**സാഗാ ജെയിംസ്**
വില ₹120




**വിചിത്രക്കണ്ണാടി**
(നോവൽ)
**പി കെ സുധി**
വില ₹90

**കൂടുതൽ പുസ്തകങ്ങൾക്ക്**

**website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം,**
**സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം** 34,
**ഫോൺ** 0471-233 3790,
e-mail : director@ksicl.org

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ജൂലൈ 2019**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**

## ഉള്ളടക്കം



## ആ ചാന്ദ്രദൗത്യത്തിന് 50 വയസ്സ് 6

**ഡോ. എൻ ഷാജി**

1969 ൽ ചന്ദ്രനിൽ മനുഷ്യനെ ഇറക്കുന്നതിൽ അമേരിക്ക വിജയിച്ചു. നീൽ ആംസ്ട്രോങ് ചന്ദ്രനിൽ ഇറങ്ങിയ ആദ്യ മനുഷ്യനായി. 'ഒരു മനുഷ്യന് ഇത് ഒരു ചെറിയ കാൽവെയ്പ്, മനുഷ്യരാശിക്കാകട്ടെ വലിയൊരു മുന്നേറ്റവും' ഇന്നും അർഥവത്താണ് അദ്ദേഹത്തിന്റെ വാക്കുകൾ. ആ ചാന്ദ്രദൗത്യത്തെ കുറിച്ച് വായിക്കൂ ഈ ലേഖനത്തിൽ.

## പച്ചിലക്കുറുമ്പി 10

**ഗ്രേസി**

പച്ചിലക്കുറുമ്പി – അങ്ങനെയായിരുന്നു അച്ഛമ്മ അവളെ വിളിച്ചിരുന്നത്. എന്തിനായിരുന്നു ബാലയെ അച്ഛമ്മ അങ്ങനെ വിളിച്ചത് എന്നറിയണ്ടേ? രസകരമായ ഈ കഥ കൂട്ടുകാർ വായിക്കൂ...





## മലയാളത്തിന്റെ മലമുഴക്കി 14

**സീമ സുരേഷ്**

നമ്മുടെ സംസ്ഥാന പക്ഷിയായ മലമുഴക്കിയെ കുറിച്ച്, അവയെ കാണാൻ പോയ അനുഭവത്തെ കുറിച്ച് വിവരിക്കുന്ന ലേഖനം. കാടില്ലെങ്കിൽ നമ്മളില്ല. മലമുഴക്കിയില്ലെങ്കിൽ പശ്ചിമഘട്ടവും.

**മുൻമൊഴി** ............ 4
സുഗതകുമാരി
**ആനക്കാര്യം** ............ 5
എൻ ടി രാജീവ്
**കവിതാപരിചയം** ............ 9
**സ്കൂൾഡെയ്സ്** ............ 13
എൻ ടി രാജീവ്
**കുയിലും കുട്ടിയും** ............ 20
പ്രൊഫ. മാത്യു ഉലകംതറ
**അമ്മമരം** ............ 21
റെജി മലയാലപ്പുഴ
**ടോം സോയറുടെ സാഹസികജീവിതം** ............ 22
പുനരാഖ്യാനം: ജോളി വർഗീസ്
**സുന്ദരിക്കാക്ക** ............ 25
ദിവാകരൻ വിഷ്ണുമംഗലം
**കടപയാദി** ............ 26
പള്ളിയറ ശ്രീധരൻ
**മലയാളം മിഷൻ രചനകൾ** ............ 27
**കഥയറിയാം** ............ 31
പ്രഭലോചന പി എം
**ആരോഗ്യം** ............ 32
ഡോ. ബി പത്മകുമാർ
**മാമ്പഴക്കാലം** ............ 34
ശങ്കു ചേർത്തല
**സിനിമാപരിചയം** ............ 36
വിനു എ
**രണ്ടാമത്തെ മൈൽ** ............ 40
ബ്രിജി
**അച്ഛനും മകനും** ............ 42
മടവൂർ സുരേന്ദ്രൻ
**ഒരു താരാട്ട്** ............ 45
വട്ടപ്പാറ ശശി
**ആനപിടുത്തക്കാരനാകാനാശ** ............ 46
പി കെ സുധി
**വിജയ് അമൃത്‌രാജ്** ............ 48
സനിൽ പി തോമസ്
**മഹാഭാരതം** ............ 50
സുഗതകുമാരി
**ഇളംതളിര്** ............ 52
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്ത** ............ 54

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**അരവിന്ദ് വട്ടംകുളം**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org,**
**director@ksicl.org**

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**



വര: സുധീർ പി വൈ

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ഒന്നു കൊടുത്താൽ പകരം ആയിരം തരുന്ന ഒരമ്മയുണ്ട് നമുക്കെല്ലാം. നാമതു ശ്രദ്ധിക്കുന്നില്ല. എടുക്കാനല്ലാതെ കൊടുക്കാൻ നമ്മിൽ മിക്കവർക്കും അറിഞ്ഞുകൂടാ.

മഴക്കാലമാണ്. നിങ്ങൾ ഒരു ചെറിയ പരീക്ഷണം നടത്തിനോക്കൂ. മൂന്നോ നാലോ പയർമണികൾ മുറ്റത്തെങ്ങാനും വെയിൽ കിട്ടുന്നിടത്ത് കുഴിച്ചിടുക. മുറ്റമുള്ളവരോടാണ് പറയുന്നത്. (മുറ്റത്തെല്ലാം ടൈൽസ് ഒട്ടിച്ചിരിക്കുന്നവരോടല്ല.) നാലഞ്ചു ദിവസത്തിനകം അവ മുളയ്ക്കുന്നതു കാണാം. പെട്ടെന്നാണ് മുളകൾ നീണ്ട് വള്ളികളായി തീരുന്നത്. ഒരു മരച്ചില്ല ഒടിച്ച് അവയ്ക്കരികിൽ ഉറപ്പിച്ചുനിർത്തുക. കുറച്ചു വളം, ഉണങ്ങിയ ചാണകം കിട്ടുമെങ്കിൽ നന്ന്, അല്ലെങ്കിൽ പൊടിഞ്ഞ ഇലകളോ അടുക്കളയിലെ ഉച്ഛിഷ്ടമോ എന്തായാലും മതി. ഈ വള്ളികൾ കൈനീട്ടി അതിൽ പിടിച്ചു കയറുന്നതു കാണാം. മൂന്നാലു കയറുകൾ കൊണ്ട് ഒരു ചെറു പന്തൽ കെട്ടിക്കൊടുത്താൽ പയർവള്ളികൾക്കു സുഖമായി. അവ പടർന്നുകയറി ഇലകൾ വീശി മിടുക്കിക

ളായി അങ്ങനെ നിൽക്കും. കുറച്ചു നാൾ കൂടെ കഴിഞ്ഞാൽ അവ പൂവിടും. നല്ല ചന്തമുള്ള പൂക്കൾ. നീലനിറവും വെള്ളനിറവുമൊക്കെയുള്ളവ. ചെറു തേനീച്ചകളും ശലഭങ്ങളും അവയിൽ തേൻ കുടിക്കാൻ വരുന്നതുകാണാം. വണ്ടത്താന്മാരുടെ മൂളിപ്പാട്ടു കേൾക്കാം. കുറച്ചു നാൾകൂടി കഴിയുമ്പോൾ ഈ പൂക്കളെല്ലാം കായ്കളായി മാറി പച്ചനിറത്തിൽ തൂങ്ങിക്കിടക്കുന്നതുകാണാം. നല്ല ജാതി പയർമണിയാണു നട്ടതെങ്കിൽ നീളമുള്ള അഴകുള്ള പയറുകൾ കിട്ടും. എന്റെ പയർ എന്നുപറഞ്ഞ് അമ്മയ്ക്കു കൊണ്ടുകൊടുക്കൂ. സന്തോഷമാകും. എന്തൊരു രുചിയാണെന്നോ നമ്മുടെ മുറ്റത്തു നമ്മുടെ കൈകൊണ്ടു നട്ട പച്ചക്കറികൾക്ക്.

നോക്കൂ... നിങ്ങൾ നട്ട ഒരു പയർമണി എത്ര പയറാണു നിങ്ങൾക്കു തിരിച്ചു തരുന്നതെന്ന്. കുറേനാൾ നിങ്ങൾക്ക് സ്വന്തം പയർ പറിച്ച് കറിവയ്ക്കാൻ കൊടുക്കാം. ഇതൊക്കെ കാലാവസ്ഥ ചതിച്ചില്ലെങ്കിലാണേ. ഒരു വൻകാറ്റും മഴയും കൂടെ വന്നാൽ ചിലപ്പോൾ പന്തലെല്ലാം തറപറ്റിയെന്നു വരാം. സാരമില്ല. വീണ്ടും ശ്രമിക്കാമല്ലോ. ഇതാണ് പ്രകൃതിയെന്ന അമ്മയുടെ അനന്തമായ വാത്സല്യം. ഒന്നു പരീക്ഷിച്ചുനോക്കൂ.

സ്നേഹം എന്ന ശീലവും ഇതുപോലെ പരീക്ഷിച്ചു നോക്കാവുന്നതാണ്. കൊച്ചുകാര്യങ്ങൾക്കു പിണങ്ങുകയും മുഖം വീർപ്പിക്കുകയും വഴക്കിടുകയും ചെയ്യാതെ സ്നേഹത്തോടും മര്യാദയോടും പെരുമാറുവാൻ പാലിക്കുക. നമ്മൾ കുഴിച്ചിട്ട വിത്തുകൾപോലെ അതും നാലിരട്ടിയായി തിരിച്ചുവരുന്നതു കാണാം. വീട്ടുകാർക്കും അധ്യാപകർക്കുമൊക്കെ സന്തോഷമാവുകയും ചെയ്യും.

പ്രകൃതി പഠിപ്പിക്കുന്ന നല്ല പാഠങ്ങളാണ് ഇവയൊക്കെ. എന്റെ കുഞ്ഞുങ്ങൾക്ക് പുതുവത്സരത്തിൽ സന്തോഷവും പഠിക്കുവാൻ ഉത്സാഹവും വിജയവും നേരുന്നു.

സ്നേഹത്തോടെ
**സുഗതകുമാരി**



# ആ ചാന്ദ്രദൗത്യത്തിന് 50 വയസ്സ്

ഡോ. എൻ ഷാജി



**ജൂലൈ 21 ചാന്ദ്രദിനമാണ്. മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയ ദിവസം. ആ ചാന്ദ്രദൗത്യത്തിന് 50 വയസ്സ് ആവുകയാണ് ഈ വർഷം. മാനവരാശിയുടെ ഈ മുന്നേറ്റത്തിന്റെ ഓർമയ്ക്കായി സ്കൂളുകളിൽ ഉചിതമായ പരിപാടികൾ സംഘടിപ്പിക്കാൻ മറക്കരുത്. വിശേഷങ്ങൾ തളിരിലേക്ക് അയയ്ക്കുമല്ലോ.**

50 വർഷം മുമ്പ് മുമ്പ് 1969 ജൂലൈ 21 നാണ് മനുഷ്യൻ ആദ്യമായി അമ്പിളിമാമന്റെ ഉപരിതലത്തിൽ ചെന്നിറങ്ങിയത്. അന്ന് ഇന്ത്യൻസമയം പുലർച്ചെ 1.47-ന് ഈഗിൾ എന്നു പേരുള്ള പേടകം അവിടെ ഇറങ്ങി. അതിൽ നീൽ ആംസ്ട്രോങ്, എഡ്വിൻ ആൽഡ്രിൻ എന്നീ രണ്ടു സാഹസികർ ഉണ്ടായിരുന്നു. അതേസമയം കമാൻഡ് മോഡ്യൂൾ എന്ന പേടകത്തിൽ അവരുടെ സഹയാത്രികൻ മൈക്കിൾ കോളിൻസ് ചന്ദ്രനെ ചുറ്റുകയായിരുന്നു. അവിടെയെത്തി ആറു മണിക്കൂർ കഴിഞ്ഞ് 8.26-നു നീൽ ആംസ്ട്രോങ് ചന്ദ്രനിൽ ആദ്യമായി കാലു കുത്തുന്ന മനുഷ്യനായി. 19 മിനിട്ടിനു ശേഷം രണ്ടാമത്തെ യാത്രികനായ എഡ്വിൻ ആൽഡ്രിനും അവിടെ ഇറങ്ങി. ഇത് എക്കാലവും മനുഷ്യർ ഓർക്കുന്ന മഹാസംഭവമായി മാറി.

ചന്ദ്രന്റെ ഉപരിതലത്തിൽ കാൽവെച്ച സമയം നീൽ ആംസ്ട്രോങ് ഇങ്ങനെ പറഞ്ഞു, 'ഒരു മനുഷ്യന് ഇത് ഒരു ചെറിയ കാൽവെയ്പ്, മനുഷ്യരാശിക്കാകട്ടെ വലിയൊരു മുന്നേറ്റവും.' അദ്ദേഹത്തിന്റെ ഈ വാക്കുകൾ ടെലിവിഷനിൽ ലൈവായി സംപ്രേഷണം ചെയ്യുന്നുണ്ടായിരുന്നു. അതു കാണാൻ ടെലിവിഷനു മുന്നിൽ കണ്ണുംനട്ട് നിരവധി ആളുകളും.

ചന്ദ്രനിൽ അന്തരീക്ഷവായു തീരെ ഇല്ലാത്തതിനാൽ ശ്വസിക്കാ

നുള്ള വായുവൊക്കെ അടങ്ങിയ പ്രത്യേകതരം വേഷം - സ്പേസ് സ്യൂട്ട് - ധരിച്ചാണ് അവർ ഇറങ്ങിയത്. ചന്ദ്രനിലെ കാലാവസ്ഥ ഭൂമിയിലേതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. അവിടെ രാത്രിയിൽ താപനില കുറഞ്ഞുകുറഞ്ഞ് −178 ഡിഗ്രി സെൽഷ്യസ് വരെയാകാം. പകലാകട്ടെ അത് 127 ഡിഗ്രി വരെ ഉയരാം. ഈ താപനിലകൾ ഒരു മനുഷ്യനും സഹിക്കാൻ കഴിയില്ല. അതിനാൽ അവരുടെ സ്പേസ് സ്യൂട്ടിൽ തന്നെ എയർ കണ്ടീഷനിംഗ് സൗകര്യങ്ങളും ഉണ്ടായിരുന്നു. ചന്ദ്രൻ ഭൂമിയെ അപേക്ഷിച്ചു വളരെ ചെറുതായതിനാൽ അവിടെ ഗുരുത്വാകർഷണവും കുറവായിരിക്കും. നമ്മുടെ ഇവിടത്തെ ഭാരത്തിന്റെ ഏതാണ്ട് ആറിൽ ഒന്നായിരിക്കും ചന്ദ്രനിലെ ഭാരം. അതിനാൽ അവിടെ


photo:NASA

നീൽ ആംസ്ട്രോങ്, മൈക്കിൾ കോളിൻസ്, എഡ്വിൻ ആൽഡ്രിൻ


photo:NASA Photo ID: S69-31741 - Program: Apolo XI

നീൽ ആംസ്ട്രോങ്

ഓടിനടക്കണമെങ്കിൽ പ്രത്യേക പരിശീലനം വേണം. വേണ്ടത്ര പരിശീലനം നേടിയ ശേഷം ചന്ദ്രനിലേക്കു പോയ അവർ ഇവിടത്തെ മികച്ച പൈലറ്റുമാർ ആയിരുന്നു. പല പ്രധാനപ്പെട്ട പരീക്ഷണങ്ങളും അവർ അവിടെ ചെയ്തു. കൂടാതെ 21 കിലോയിലധികം കല്ലും മണ്ണും അവർ ചന്ദ്രനിൽ നിന്ന് ശേഖരിച്ചു. അവരുടെ മാതൃരാജ്യമായ അമേരിക്കയുടെ പതാകയും അവിടെ സ്ഥാപിച്ചു. ഭൂമിയിലെപ്പോലെ വായുവോ കാറ്റോ ഇല്ലാത്തതിനാൽ അവിടെ കൊടി പാറിപ്പറക്കില്ല. അത് ഉയർന്നു നിൽക്കാൻ വേണ്ടി പ്രത്യേക സപ്പോർട്ടോടു കൂടിയ ഒരു ചെറു കൊടിമരവും അവർ കൊണ്ടുപോയിരുന്നു.

ചന്ദ്രോപരിതലത്തിൽ ഒരു ദിവസത്തോളം ചെലവഴിച്ച ശേഷം അവർ അവരുടെ പേടകത്തെ റോക്കറ്റുകൾ ഉയോഗിച്ച്




Photo NASA HARRISON H. SCHMITT



ഉയർത്തി. അതിനുശേഷം മൈക്കിൾ കോളിൻസിന്റെ നിയന്ത്രണത്തിൽ ഭൂമിയെ ചുറ്റിക്കൊണ്ടിരുന്ന കമാൻഡർ പേടകവുമായി അതിനെ ബന്ധിപ്പിച്ചു. പിന്നീട് മൂവരും കൂടി ഭൂമിയിലേക്കു യാത്ര തിരിച്ചു. ജൂലൈ 25-ന് സമുദ്രത്തിൽ പ്രത്യേക പാരച്യൂട്ടുകളുടെ സഹായത്തോടെ ലാൻഡ് ചെയ്തു.

യാത്രയ്ക്ക് ആകെ എടുത്ത സമയം 8 ദിവസം 3 മണിക്കൂർ 18 മിനിട്ട് 35 സെക്കൻഡ്. യാത്ര കഴിഞ്ഞ് തിരികെയെത്തിയിട്ടും അവരെ ഉടനെ വീട്ടിലേക്കു വിട്ടില്ല. ചന്ദ്രനിലേക്കും തിരിച്ചുമുള്ള യാത്രയ്ക്കിടയിൽ നമുക്കറിയാത്ത ഏതെങ്കിലും തരം രോഗാണുക്കൾ അവരുടെ ശരീരത്തിൽ എത്തിയിട്ടുണ്ടാകുമോ എന്ന സംശയത്താൽ അവരെ രണ്ടാഴ്ചയിലധികം സുരക്ഷിതമായ ഒരിടത്ത് പാർപ്പിച്ചു. അവർ പൂർണ ആരോഗ്യവാൻമാരാണെന്ന് ബോധ്യമായ ശേഷമാണ് പുറത്തുവിട്ടത്. പിന്നീട് ആ വീരൻ മാർക്ക് വൻ സ്വീകരണങ്ങൾ ലഭിച്ചു.

അപ്പോളോ പദ്ധതി എന്ന പേരിൽ നാസ എന്ന അമേരിക്കൻ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഒത്തിരിപ്പേരുടെ അധ്വാനഫലമായാണ് ഈ യാത്ര സാധ്യമായത്. അവരെ ഭൂമിയിൽ നിന്ന് ബഹിരാകാശത്തിലേക്കെത്തിച്ച ഭീമൻ റോക്കറ്റിന്റെ പേര് സാറ്റേൺ - 5 എന്നായിരുന്നു. അതിന്റെ ഉയരം ഒരു 30 നിലക്കെട്ടിടത്തിന്റെ അത്രയായിരുന്നു. ഭാരമാകട്ടെ ഏകദേശം 3000 ടൺ.

**യാത്ര കഴിഞ്ഞ് തിരികെയെത്തിയിട്ടും അവരെ ഉടനെ വീട്ടിലേക്കു വിട്ടില്ല. ചന്ദ്രനിലേക്കും തിരിച്ചുമുള്ള യാത്രയ്ക്കിടയിൽ നമുക്കറിയാത്ത ഏതെങ്കിലും തരം രോഗാണുക്കൾ അവരുടെ ശരീരത്തിൽ എത്തിയിട്ടുണ്ടാകുമോ എന്ന സംശയത്താൽ അവരെ രണ്ടാഴ്ചയിലധികം സുരക്ഷിതമായ ഒരിടത്ത് പാർപ്പിച്ചു. അവർ പൂർണ ആരോഗ്യവാൻമാരാണെന്ന് ബോധ്യമായ ശേഷമാണ് പുറത്തുവിട്ടത്.**

അതിന്റെ ഭാരത്തിന്റെ വലിയൊരു ഭാഗവും ഇന്ധനത്തിന്റേതായിരുന്നു.

ആദ്യ യാത്രയ്ക്കു ശേഷം പിന്നീട് 6 തവണ കൂടി മനുഷ്യർ ചന്ദ്രനിലേക്കു യാത്ര ചെയ്തിട്ടുണ്ട്. ഒരു തവണ ഒരു അപകടം പറ്റിയതു കൊണ്ട് അവർക്ക് ചന്ദ്രനിൽ ഇറങ്ങാതെ തിരികെ പോരേണ്ടി വന്നു.

ഇതുവരെയായി ആകെ 12 പേർ ചന്ദ്രനിലിറങ്ങിയിട്ടുണ്ട്. എല്ലാവരും അമേരിക്കക്കാർ. 1972-നു ശേഷം പിന്നീട് മനുഷ്യർ അവിടേക്കു പോയിട്ടില്ല. വൻ ചെലവാണ് പ്രധാന തടസ്സം. മനുഷ്യനെ ചന്ദ്രനിലിറക്കാനുള്ള അപ്പോളോ പദ്ധതിയുടെ മൊത്തം ചെലവ് അന്നത്തെ കണക്കനുസരിച്ച് 2500 കോടി അമേരിക്കൻ ഡോളറായിരുന്നു. വിലക്കയറ്റം കൂടി കണക്കിലെടുത്താൽ ഇത് ഇന്നത്തെ ഏഴു ലക്ഷം കോടി ഇന്ത്യൻ രൂപയിലധികം വരും.



വര: സുധീർ പി വൈ

# അമ്പിളി

**കുമാരനാശാൻ**

തുമ്പപ്പൂവിലും തൂമയെഴും നിലാ-
വമ്പിൽ തൂവിക്കൊണ്ടാകാശവീഥിയിൽ
അമ്പിളി പൊങ്ങി നിൽക്കുന്നിതാ മര-
ക്കൊമ്പിന്മേൽനിന്നു കോലോളം ദൂരത്തിൽ

വെള്ളമേഘശകലങ്ങളാം നുര-
തള്ളിച്ചുകൊണ്ടു ദേവകൾ വിണ്ണാകും
വെള്ളത്തിൽ വിളയാടിത്തുഴഞ്ഞുപോം
വെള്ളിയോടമിതെന്നു തോന്നീടുന്നു!

വിണ്മേൽ നിന്നു മന്ദസ്മിതം തൂവുമെൻ
വെണ്മതിക്കൂമ്പേ, നിന്നെയീയന്തിയിൽ
അമ്മതന്നങ്കമേറിയെൻ സോദര-
‘നമ്മാവാ’ യെന്നലിഞ്ഞു വിളിക്കുന്നു!

ദേഹശോഭപോലുള്ളത്തിൽ കൂറുമീ-
മോഹനാകൃതിക്കുണ്ടിതെൻ പിന്നാലേ
സ്നേഹമോടും വിളിക്കുംവഴി പോരു-
ന്നാഹാ! കൊച്ചുവെള്ളാട്ടിൻ കിടാവുപോൽ.

വട്ടം നന്നല്ലിതീവണ്ണമോടിയാൽ
മുട്ടുമേ ചെന്നക്കുന്നിന്മുകളിൽ നീ;
ഒട്ടുനിൽക്കങ്ങു വന്നൊന്നു നിന്മേനി
തൊട്ടിടാനും കൊതിയെനിക്കോമനേ.

എന്നു കൈ പൊക്കിയോടിനാനുന്മുഖൻ
കുന്നേറാനൊരു സാഹസി ബാലകൻ
ചെന്നു പിന്നിൽ ഗൃഹപാഠകാലമാ-
യെന്നു ജ്യേഷ്ഠൻ തടഞ്ഞു ഞെട്ടുംവരെ.

കഥ

# പച്ചിലക്കുറുമ്പി

ഗ്രേസി



വര: അരവിന്ദ് വട്ടംകുളം

ഉമ്മറത്തിരുന്ന് ബാല കൗതുകത്തോടെ ആ നാടോടി സ്ത്രീയെ ഉറ്റുനോക്കി. കടുംപച്ച സാരി വലത്തോട്ടാണ് ഉടുത്തിരിക്കുന്നത്. തല നിറച്ചുമുള്ള മുടി എണ്ണയിട്ട് കോതിമിനുക്കി ഒതുക്കിക്കെട്ടിയിട്ടുണ്ട്. നാലും കൂട്ടി മുറുക്കിയതിന്റെ മധുരഗന്ധം ചുറ്റുവട്ടത്തങ്ങനെ കറങ്ങി നടക്കുന്നതറിഞ്ഞ് ബാല മൂക്ക് വിടർത്തി. നെറ്റിയിൽ പൊട്ടിനുപകരം ഒരു പച്ചനക്ഷത്രം ഉദിച്ചു നിൽക്കുന്നതാണ് ബാലയ്ക്ക് ഏറ്റവും ഇഷ്ടമായത്. രണ്ട് കൈത്തണ്ടകളിലും ഓരോ പച്ചവള്ളി ഇലകളും പൂക്കളുമായി കുലഞ്ഞ് പടരുന്നത് കണ്ട് അതിശയിച്ച് നിൽക്കുമ്പോൾ അച്ഛമ്മ ചോദിച്ചു.

''നിന്റെ പേരെന്ത് പെണ്ണേ?''

ഒരു ചിരിയിലുലഞ്ഞ് പെണ്ണ് പറഞ്ഞു.

''എൻ പേർ ഞാനസുന്ദരി!''

അച്ഛമ്മ പൊട്ടിച്ചിരിച്ചു.

''സുന്ദരി തന്നെ! ജ്ഞാനമുണ്ടോ എന്ന് ആര് കണ്ടു?''

ഇടുപ്പിൽ തൂക്കിയ ചെറിയൊരു മടിശ്ശീല വലിച്ചെടുത്ത് അതിന്റെ വായ വിടർത്തി ഉള്ളിലേക്ക് കൈയിട്ട് സുന്ദരി ചോദിച്ചു.

''എത്തറ പണം വേണമമ്മാ?''

മുറ്റത്ത് കൂട്ടിവച്ച ലൊട്ട്ലൊടുക്ക് സാധനങ്ങളിലേക്ക് കണ്ണോടിച്ച് അച്ഛമ്മ പറഞ്ഞു.

''ഒന്നും വേണ്ട!''

മുറുക്കിച്ചുവന്ന ചിരിയോടെ എല്ലാംവാരി ചാക്കിലാക്കി സുന്ദരി അപ്രത്യക്ഷയായി.

മധുരഗന്ധം കുറച്ചുനേരം കൂടി ചുറ്റിത്തിരിഞ്ഞ് സുന്ദരിയുടെ പിന്നാലെ പോയി. അപ്പോഴാണ് ബാല ചിണുങ്ങിയത്.

''അച്ഛമ്മാ, എനിക്കും അതുപോലെ നെറ്റിയിലൊരു നക്ഷത്രം വേണം. പിന്നെ കൈയേല് എലേം പൂവുള്ള പച്ചവള്ളീം.''

അച്ഛമ്മ ബാലയെ കെട്ടിപ്പിടിച്ചു മടിയിലിരുത്തി മുന്നോട്ടും പിന്നോട്ടും ചാഞ്ചാടി ചെറിയൊരു ചിരിയോടെ പറഞ്ഞു.

''എന്റെ ബാലക്കുട്ട്യേ! അത് അവള് പച്ചകുത്തീതാ.. ഒരൂട്ടം സൂചികൊണ്ട് തടിനോപിടിനോന്ന് കുത്തും. വല്ലാണ്ട് നോവൂട്ടോ. പിന്നെ തൂത്താലും മാച്ചാലുമൊട്ട് പോവുകേമില്ല!''

''ശ്ശ്യോ'' എന്ന് ബാല നിരാശപ്പെട്ടു. സൂചികുത്താതെ എന്തുണ്ട് വഴി എന്ന് ആലോചനയിലായി. ഒടുവിൽ മുറ്റത്തിറങ്ങി. ഒരു പച്ചില അടർത്തിയെടുത്തു. കത്രിക കൊണ്ട് പച്ചിലയിൽ ഒരു നക്ഷത്രം വെട്ടിയുണ്ടാക്കി. കിടപ്പുമുറിയിലെ കണ്ണാടിക്കു മുമ്പിലെത്തി. പച്ചില നക്ഷത്രം നെറ്റിയിൽ വച്ചതും ഛേന്ന് താഴെ വീണു. അതെടുത്ത് വീണ്ടും നെറ്റിയിൽ വച്ച് ഒന്നമർത്തിനോക്കി. ഒരു നിമിഷം നെറ്റിയിൽ തങ്ങിനിന്ന് അത് അയ്യോന്ന് പിന്നേയും താഴേക്ക് പോന്നു. അരിശംപൂണ്ട് പച്ചില നക്ഷത്രത്തെ ചവിട്ടിയരച്ച് ബാല മുറിയിൽ നിന്ന് പുറത്തുകടന്ന് കുറച്ചുനേരം ആലോചിച്ച് നിന്ന് മുറ്റത്തേക്കിറങ്ങി കുറേ പച്ചിലകൾ പൊട്ടിച്ചെടുത്തു.

ഉമ്മറത്തിരുന്ന് പച്ചിലത്തോണി, പച്ചിലസൂര്യൻ, പച്ചിലപ്പാമ്പ് അങ്ങനെ പച്ചിലമയമായ കുറേ രൂപങ്ങൾ ഉണ്ടാക്കി. കറും മുറും കറും മുറും എന്ന് കത്രിക പച്ചിലയിൽ പെരുമാറുന്നതുകണ്ട് അച്ഛമ്മ ചിരിച്ചു.

''ഇതെന്താ ബാലേ ഇങ്ങനെയൊരു പച്ചിലക്കുറുമ്പ്. ഇത് കാണുമ്പോ അച്ഛമ്മയ്ക്കു ഒരു കഥ ഓർമ വരണൊണ്ടേയ്!''

പച്ചിലയും കത്രികയും താഴെവച്ച് ബാല കഥ കേൾക്കാനിരുന്നു. അച്ഛമ്മ കഥ തുടങ്ങി.

''പണ്ടു പണ്ട് ഒരു മുനീണ്ടാരുന്നു. മോക്ഷം കിട്ടാനായിട്ട് മുനി ഭയങ്കര തപസ്സ് തുടങ്ങി. ഇതുകണ്ട് ദേവേന്ദ്രന് പേടിയായീട്ടോ. മൂപ്പരങ്ങനെയാ... ആര് തപസ്സു ചെയ്താലും തന്റെ സ്ഥാനം തട്ടിയെടുക്കാനുള്ള ഏർപ്പാടാന്നാ മൂപ്പർടെ വിചാരം. അതുകൊണ്ട് തപസ്സെളക്കാൻ

ഇക്കുറി മൂപ്പര്‍തന്നെ ഇറങ്ങി പ്പുറപ്പെട്ടു. ഒരു പടയാളീടെ വേഷത്തിലാണ് വരവ്. ആശ്ര മത്തിലെത്തി മുനിയോടു പറഞ്ഞു. ഞാന്‍ കൊറെ യുദ്ധ ങ്ങള് ജയിച്ച ഒരു പടയാളിയാ. ഒരുപാടാളുകളെ കൊന്നിട്ടുണ്ട്. ആ പാപോക്കെ തീരാനായിട്ട് തീര്‍ഥാടനത്തിനു പോകണമെ ന്നൊരാഗ്രഹം. അങ്ങുന്ന് എന്നെ സഹായിക്കണം. മട ങ്ങിവരുന്നതുവരെ എന്റെ വാളൊന്ന് സൂക്ഷിക്കണം. ഇതു കേട്ടപ്പോ മുനി പറഞ്ഞു. ഓ! ആയ്ക്കോട്ടെ! അകത്തെ ങ്ങാനും വച്ചിട്ട് പൊയ്ക്കോ! പുറപ്പെടാന്‍ നേരം പടയാളി മുനിയോട് വീണ്ടും അപേ ക്ഷിച്ചു. അങ്ങ് എന്റെ വാള് തുരുമ്പു പിടിക്കാതെ നോക്കണം!

തപസ്സ് തുടരാനൊള്ള തിടു ക്കംകൊണ്ട് മുനി തലയാട്ടി. ഉള്ളിലൊരു ചിരിയോടെ പടയാ ളിയങ്ങ് പോവുകേം ചെയ്തു. അയാള് പിന്നെ ആ വഴി വന്നില്ല കേട്ടോ. അങ്ങനെയിരിക്കെ ഒരുദിവസം മുനിക്ക് വാളിന്റെ കാര്യം ഓര്‍മവന്നു. വാളെടുത്ത് നോക്കിയപ്പോ കൊറേശ്ശെ തുരുമ്പ് പിടിച്ചിരിക്കണത് കണ്ടു. അയ്യോ! ഇനി എന്തു ചെയ്യും? വാക്കു കൊടുത്തതല്ലേ എന്നൊക്കെ ഓര്‍ത്തു മുനിക്ക് വെഷമമായിട്ടോ! ആയുധോം വിദ്യേം ഉപയോഗിച്ചില്ലെങ്കീ തുരുമ്പിച്ചു പോകും. കൊറേ നേരം ആലോചിച്ച് നിന്നിട്ട് മുനി മുറ്റത്തേക്കിറങ്ങി. പിന്നെ പറ മ്പിലേക്ക് നടന്നു. നടക്കണവഴി കണ്ട ചെടികളൊക്കെ മുറിച്ച് വാളിന്റെ മൂര്‍ച്ച പരിശോധിച്ചു. ഝിലും! ഝിലും! എന്ന് വാളിന്റെ ഒച്ചകേട്ട് മുനിക്ക് ഒരു രസം തോന്നി. പിന്നെ എല്ലാദിവസവും വാളുമെടുത്ത് പറമ്പിലേക്കിറങ്ങാന്തൊടങ്ങി. ഝിലും! ഝിലും! എന്ന ഒച്ച കേള്‍ക്കാതെ ഒറ്റദിവസം കഴി ച്ചുകൂട്ടാന്‍ വയ്യാന്നായി. ചെടി കള് മാത്രമല്ല, ഒരുവിധപ്പെട്ട മരങ്ങളും മുറിക്കാന്തൊടങ്ങി. ചുരുക്കിപ്പറഞ്ഞാല് തപസ്സ് ചെയ്യാന്‍ നേരമില്ലാണ്ടായി. ഇതൊക്കെ കണ്ട് ദേവലോ കത്തിരുന്ന് ഒരാള് ഊറിയൂറി ചിരിക്കാനും തൊടങ്ങി. ആരാ?'

ബാലയും ചിരിച്ചു.

'ദേവേന്ദ്രന്‍!'

അച്ഛമ്മ എഴുന്നേറ്റ് അടു ക്കളയിലേക്ക് നടക്കുമ്പോള്‍ തിരിഞ്ഞുനിന്ന് ചോദിച്ചു.

''അതുപോലെ ന്റെ ബാല ക്കുട്ടിക്ക് പച്ചില വെട്ടാഞ്ഞാല് ഇരിക്കപ്പൊറുതിയില്ലാന്ന് വരോ?''

പച്ചിലരൂപങ്ങളിലേക്ക് നോക്കി നിന്നതല്ലാതെ ബാല ഒന്നും മിണ്ടിയില്ല. ഏതായാലും ഇനി പച്ചിലയൊന്നും പറിക്കേ ണ്ടെന്ന് തന്നെ തീര്‍ച്ചപ്പെടുത്തി. വീടിനുള്ളിലൊക്കെ കുറേ നേരം ചുറ്റിത്തിരിഞ്ഞപ്പോള്‍ ബാലയ്ക്ക് മുഷിഞ്ഞു. ബാല പതുക്കെ അടുക്കളയിലേക്ക് കടന്നു. അച്ഛമ്മ നാലുമണിപ്പ ലഹാരം ഉണ്ടാക്കുന്ന തിരക്കി ലാണ്. ബാല വീണ്ടും മുറ്റത്തേ ക്കിറങ്ങി. ആ മുനി ചെടികളും മരങ്ങളുമൊക്കെ ചോടെ മുറി ച്ചിട്ടുണ്ടാവും. ഞാന്‍ കുറച്ച് പച്ചിലകളല്ലേ പറിക്കുന്നുള്ളൂ? അതൊക്കെ പിന്നേം ഒണ്ടായി വരൂല്ലോ എന്ന് പിറുപിറുത്ത് ബാല കുറേ പച്ചിലകള്‍ പറി ച്ചെടുത്ത് പലപലരൂപങ്ങളുണ്ടാ ക്കാന്‍ തുടങ്ങി.

വൈകുന്നേരം അടിച്ചു വാരു മ്പോള്‍ അച്ഛമ്മ പരാതിപ്പെട്ടു.

''എനിക്ക് പണിയായല്ലോ ബാലേ! അമ്മയോട് നാളെ കൊറച്ച് കഥാപ്പുസ്തകങ്ങള് മേടിച്ചോണ്ട് വരാന്‍ പറയാം. ഇങ്ങനെ പച്ചിലക്കുറുമ്പിയാവ ണതിനേക്കാളും നല്ലതല്ലേ കഥ വായിക്കണത്? സ്കൂള് തൊറ ന്നാപ്പിന്നെ നിങ്ങക്കൊന്നും വേറൊന്നിനും നേരോല്ലല്ലോ!''

അമ്മ പക്ഷേ ഓഫീസില്‍ നിന്ന് വന്നതേ തലവേദനയു മായിട്ടാണ്. അതുകൊണ്ടോ മറന്നിട്ടോ അച്ഛമ്മ ഒന്നും പറഞ്ഞില്ല.

അച്ഛന് പൂനയ്ക്ക് മാറ്റം കിട്ടിയതില്‍പ്പിന്നെ മാസത്തി ലൊരിക്കലേ കാണാന്‍ പറ്റാ റുള്ളൂ. കഴിഞ്ഞ അവധിക്കാ ലത്ത് അച്ഛന്‍ കുറേ ഇംഗ്ലീഷ് പുസ്തകങ്ങളാണ് കൊണ്ടുവ ന്നത്. നിന്റെ ഇംഗ്ലീഷൊക്കെ ഒന്ന് നന്നാവട്ടെ എന്ന് പറയു കേംചെയ്തു. അപ്പോ എന്റെ മലയാളം നന്നാവണ്ടേ എന്ന് ബാല ചോദിച്ചപ്പോള്‍ അച്ഛന്‍ വെറുതെ ചിരിച്ചതേയുള്ളൂ.

ഉമ്മറത്ത് അച്ഛമ്മ കത്തി ച്ചുവച്ച നിലവിളക്ക് ഒറ്റത്തി രിനാളം കൊണ്ട് ഇരുട്ടില്‍ ആഞ്ഞുവെട്ടുന്നത് കണ്ട് ബാല അത്ഭുതപ്പെട്ടു. മുനിയുടെ കഥ ഓര്‍ത്തോര്‍ത്താണ് ബാല ഉറ ങ്ങാന്‍ കിടന്നത്. ഉറക്കത്തില്‍ ബാല ഝിലും! ഝിലും! എന്ന് വാളൊച്ച കേട്ടു. ആകാശത്തു നിന്ന് മുറിഞ്ഞുമുറിഞ്ഞ് വീഴുന്ന ചിരിയൊച്ചയും കേട്ടു. പിന്നെ എപ്പോഴോ കാക്കയുടെ കര ച്ചില്‍ എല്ലാറ്റിലും മീതേ കേട്ട് കണ്ണുതിരുമ്മി എഴുന്നേറ്റു. ഒരുത്സാഹവും തോന്നാതെ പിന്നേയും കിടന്നു.

'എണീറ്റ് പല്ലുതേച്ച് പാലു

**ഉമ്മറത്ത് അച്ഛമ്മ കത്തിച്ചുവച്ച നിലവിളക്ക് ഒറ്റത്തിരിനാളം കൊണ്ട് ഇരുട്ടില്‍ ആഞ്ഞുവെട്ടുന്നത് കണ്ട് ബാല അത്ഭുത പ്പെട്ടു. മുനിയുടെ കഥ ഓര്‍ത്തോര്‍ത്താണ് ബാല ഉറങ്ങാന്‍ കിടന്നത്. ഉറക്കത്തില്‍ ബാല ഝിലും! ഝിലും! എന്ന് വാളൊച്ച കേട്ടു. ആകാശത്തുനിന്ന് മുറിഞ്ഞുമുറിഞ്ഞ് വീഴുന്ന ചിരി യൊച്ചയും കേട്ടു.**



കുടിക്കാൻ വായോ!' എന്ന് അച്ഛമ്മ വിളിക്കുന്നത് കേട്ട് ബാല മടിച്ചുമടിച്ച് എഴുന്നേറ്റു. പാലുകുടിച്ച് ഉമ്മറത്തങ്ങനെ ഇരിക്കുമ്പോൾ ഇരിപ്പുറയ്ക്കാതെ ബാല മുറ്റത്തേക്കിറങ്ങി. അപ്പോഴാണ് മുറ്റത്തിന്റെ ഇറമ്പിലെ മാവിലേക്ക് പടരണോ വേണ്ടയോ എന്ന് ശങ്കിച്ചു നിൽക്കുന്ന ഒരു ചുവന്ന വള്ളിച്ചെടി കണ്ണിൽപ്പെട്ടത്. അതിൽ ഇളം പച്ചനിറമുള്ള ഒരൊറ്റയില കണ്ട് ബാലയ്ക്ക് കൗതുകം തോന്നി. അടുത്തു ചെന്ന് നോക്കിയപ്പോൾ ആ ഒറ്റയിലയെ ചുറ്റി വരുന്ന ചുവന്ന് നേർത്തൊരു വര കണ്ടു. പൊടുന്നനെ ബാലയുടെ കൈ നീണ്ടുചെന്നു. അന്നേരം ഇല ആർത്തുകരഞ്ഞു.

"അയ്യോ! എന്നെ കൊല്ലല്ലേ! ഞാനെന്റെ അമ്മയ്ക്ക് ഒറ്റ മോളാ!"

ബാല ഞെട്ടിപ്പോയി. പേടിച്ചു വിറച്ച് ബാല അടുക്കളയിലേക്ക് ഓടി. അച്ഛമ്മ ദോശ ചുടുകയായിരുന്നു. അച്ഛമ്മയുടെ സാരിത്തുമ്പത്ത് തൂങ്ങി ബാല വിക്കി.

"അച്ഛമ്മേ! ഇലയ്ക്ക് ജീവനൊണ്ടോ?"

ദോശ മറിച്ചിട്ട് അച്ഛമ്മ തിരക്കി. "എന്താ കാര്യം?"

പരിഭ്രമത്തോടെ ബാല മുറ്റത്തേക്ക് വിരൽ ചൂണ്ടി

"അവിടെ ഒരു ഇല എന്നെ കൊല്ലല്ലേ എന്ന് കരഞ്ഞു."

അച്ഛമ്മ കുറച്ചു നേരത്തേക്ക് ഒന്നും മിണ്ടിയില്ല. പിന്നെ പതുക്കെ പറഞ്ഞു.

"ചെടിക്ക് ജീവനുണ്ട്. ജഗദീശ് ചന്ദ്രബോസ് എന്നൊരു ശാസ്ത്രജ്ഞനാ അത് കണ്ടുപിടിച്ചത്. ടീച്ചറാരുന്നപ്പോ അച്ഛമ്മ അതൊക്കെ കുട്ടികൾക്ക് പറഞ്ഞുകൊടുത്തിട്ടൊണ്ട്. കുറേക്കൂടി വലുതാവുമ്പോ ബാലേം പഠിക്കും. ആട്ടെ, നീ ഏത് ഇലയാ പറിക്കാൻ പോയത്?"

ബാല അച്ഛമ്മയുടെ സാരിത്തുമ്പ് ചവച്ചുകൊണ്ട് പറഞ്ഞു.

"ആ മുറ്റത്തിന്റെ അരികിൽ നിക്കണ വള്ളിച്ചെടീടെ ഇല."

അച്ഛമ്മയുടെ നോട്ടം ചുളിഞ്ഞു

"അയ്യോ! നീയത് പറിക്കാൻ പോയോ? അതൊരൂട്ടം വള്ളിച്ചീരയാ. ഞാനത് എത്ര അന്വേഷിച്ചിട്ടാ കിട്ടീതെന്നറിയ്യോ?"

ദോശ ചുടുന്നത് മതിയാക്കി അച്ഛമ്മ പറഞ്ഞു.

"ഒരിലയുള്ളത് പറിച്ചെടുത്താൽ ആ പാവം ചെടി എന്തു ചെയ്യും? ചെടിക്ക് ആഹാരം വച്ച് വിളമ്പിക്കൊടുക്കുന്നത് ഇലയല്ലേ?"

ഒരുനിമിഷം എന്തോ ആലോചിച്ചു നിന്ന് അച്ഛമ്മ തുടർന്നു.

"ഒരു കഥേണ്ട്. പാണ്ഡവര് വനവാസക്കാലത്ത് ഏകചക്ര എന്നൊരു സ്ഥലത്ത് ചെന്നു. അവിടെ ഒരു ബ്രാഹ്മണന്റെ വീട്ടിലാ താമസിച്ചത്. ഒരുദിവസം അവരുടെ വീട്ടീന്ന് വലിയ വായിലേ കരച്ചില് കേട്ടു. എന്താ കാര്യാന്നോ? ഏകചക്രയിൽ ബകൻ എന്ന് പേരൊള്ള ഒരു ഭയങ്കര രാക്ഷസൻ ഉണ്ട്. എല്ലാ ദിവസോം രാക്ഷസന് ഒരു ചെമ്പു നിറയെ ചോറും കറീം കിട്ടണം. അത് കൊണ്ടുചെല്ലുന്ന മനുഷ്യനേം തിന്നണം. കാളവണ്ടീലാ ചോറ് കൊണ്ടോണത്. അത്തവണ ബ്രാഹ്മണന്റെ മകനാണ് ചോറ് കൊണ്ടു ചെല്ലേണ്ടത്. അവർക്കാണെങ്കിൽ മകനായിട്ട് ഒറ്റയൊരുത്തനേയുള്ളുതാനും."

അച്ഛമ്മ ഒരു നിമിഷം നിശ്ശബ്ദയായി. പിന്നെ ഒരു നെടുവീർപ്പിട്ടു.

"ഒരുകണക്കിന് അതുപോലെയല്ലേ ഇതും? അപ്പോ ഇലേം ചെടീമൊക്കെ കരഞ്ഞിട്ടൊണ്ടാവും!"

ബാല അച്ഛമ്മയെ ചുറ്റിപ്പിടിച്ചു.

"കഥേടെ ബാക്കി പറ അച്ഛമ്മേ!"

കുനിഞ്ഞ് ബാലയുടെ നെറുകയിലുമ്മവച്ച് അച്ഛമ്മ പറഞ്ഞു.

"പച്ചിലക്കുറുമ്പിക്ക് അത് പിന്നെ... പറഞ്ഞുതരാട്ടോ... നിന്റെ അമ്മേടെ തലവേദന മാറീല്ലാത്രെ! അതോണ്ട് അച്ഛമ്മയ്ക്ക് അടുക്കളേല് കൊറച്ച് ജോലീം കൂടെയൊണ്ട്."



സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
അയ്യോ, ചേച്ചീ മഴ...
എന്നെ കൂടി കൂട്ടണെ...
മഴയ്ക്കല്ലേ നല്ല
ഒന്നാന്തരം
പൂക്കളുള്ള കുട
അച്ഛൻ മേടിച്ചു
തന്നത്. താ,
ഞാൻ തുറന്നു
തരാം...
അതല്ലന്നേ...
ചേച്ചീടെ ഒന്നാന്തരം
ഈ നീലക്കുടയിൽ പോകാൻ
എനിക്ക് മോഹം. അതാ...
ഉം...
സ്വന്തം കുട
നനയ്ക്കാണ്ടിരിക്കാ
നുള്ള സൂത്രമല്ലേ....
മഴയത്ത് ചൂടാന
ല്ലെങ്കിൽ പിന്നെ
കുടയെന്തിനാ?
ഓ... ചേച്ചിക്ക്
മനസ്സിലായില്ലേ...!
മഴ നനഞ്ഞാ കുടയിലെ
പൂക്കളൊക്കെ
ഒലിച്ചു പോയാലോ
എന്ന് പേടിച്ചിട്ടാ...



photo:Praveen P Mohandas

തലയെടുപ്പോടെ, മലയിടുക്കുകളെ പോലും ചിറകടികൾ കൊണ്ട് ഉണർത്തി പറന്നുപറന്ന് ഉയരുന്ന മലമുഴക്കി പശ്ചിമഘട്ടത്തിന്റെ പുണ്യവും നമ്മുടെ പ്രകൃതിയുടെ താളവുമാണ്. അവയെ നന്മയോടെ മനസ്സിലേക്ക് ചേർത്ത് പിടിക്കണം. കാടില്ലെങ്കിൽ നമ്മളില്ല. മലമുഴക്കിയില്ലെങ്കിൽ പശ്ചിമഘട്ടവും. നമ്മുടെ സംസ്ഥാനപക്ഷിയായ മലമുഴക്കിയെ കുറിച്ച്, അവയെ കാണാൻപോയ അനുഭവത്തെ കുറിച്ച് വിവരിക്കുകയാണ് ഈ ലേഖനത്തിൽ.

# മലയാളത്തിന്റെ മലമുഴക്കി

**സീമ സുരേഷ്**

കൂട്ടുകാരെ... എന്തൊക്കെയുണ്ട് സ്കൂൾവിശേഷങ്ങൾ?

മഴയും പുതിയ പുസ്തകവും ബാഗും കൂട്ടുകാരും ഒക്കെ കൂടി അടിച്ചുപൊളിച്ചു പഠിച്ചു തുടങ്ങിയല്ലേ.

കഴിഞ്ഞ ലക്കത്തിലെ ആന വിശേഷങ്ങൾ വായിച്ചില്ലേ?

എന്തൊക്കെ കൗതുക അനുഭവങ്ങളാണല്ലേ പ്രകൃതി നമുക്ക് വേണ്ടി ഒരുക്കിവച്ചിരിക്കുന്നത്!

ഇത്തവണ ആരുടെ വിശേഷമാണെന്നറിയാമോ പറയാൻ പോവുന്നത്?

കേരളത്തിന്റെ, നമ്മുടെ സംസ്ഥാനത്തിന്റെ പക്ഷിയായ, അഭിമാനമായ മലമുഴക്കിയെ കുറിച്ച്.

മലമുഴക്കി വേഴാമ്പലിനെ കുറിച്ച്. എന്തൊരു ഭംഗിയാണെന്നറിയാമോ അവയെ കാണാൻ!

മലമുഴക്കിയെ കാണാൻ പോയ വല്ലാത്ത ഒരു അനുഭവമുണ്ട് എനിക്ക്.

ഏതാണ്ട് പത്തു കൊല്ലമായി ഞാൻ ക്യാമറയുമായി കാടുകളിലൂടെ യാത്ര തുടങ്ങിയിട്ട്.

അങ്ങനെ ഒരുനാൾ രണ്ടു കൂട്ടുകാരുമായി മലമുഴക്കിയെ കാണാൻ യാത്ര പോയി. ആതിരപ്പിള്ളി കാട് വഴി മലക്കപ്പാറയിലേക്ക്. പോവാൻ കാരണമുണ്ട്. അവിടെ, വനം വകുപ്പിലെ ഉദ്യോഗസ്ഥനായ എന്റെ ഒരു കൂട്ടുകാരൻ പറഞ്ഞു: ‘‘അവിടെ ഒരു ആൽമരത്തിൽ മലമുഴക്കി വേഴാമ്പൽ വരാറുണ്ട്. നിങ്ങൾ പോരൂ. അവിടത്തെ അടുത്ത ഊരിലെ മൂപ്പൻ മയിലമണിക്ക് അറിയാം മലമുഴക്കി വരുന്ന ഇടം.’’

അങ്ങനെയാണ് ഞങ്ങൾ മൂന്നുപേരും ഇറങ്ങിത്തിരിക്കുന്നത്. തലേന്നാൾ എത്തി മലക്കപ്പാറയിലെ ഒരു കുഞ്ഞി ഹോംസ്റ്റേയിൽ താമസിച്ചു ഞങ്ങൾ അതിരാവിലെ മൂപ്പനോടൊപ്പം

ഇറങ്ങി. നേരിട്ടുകണ്ട് ആദ്യമായി ഫോട്ടോ എടുക്കാൻ പോവുന്നതിന്റെ ത്രില്ലിലായിരുന്നു ഞാൻ.

മലമുഴക്കിയുടെ പല തരത്തിലുള്ള ചിത്രങ്ങൾ സ്വപ്നം കണ്ട് ഞങ്ങളിങ്ങനെ മണിക്കൂറുകളോളം നടന്ന് കാട്ടിലെ ചെങ്കുത്തായ ഇറക്കത്തിലൂടെ ഇറങ്ങി ഉയർന്ന ആൽമരങ്ങളുള്ള ഒരിടത്ത് എത്തി. 'നമുക്ക് ഇബടെ ഇരിക്കാം, വേഴാമ്പൽ വരും ഇത്തിരി കഴിഞ്ഞാ വരും ആലിൻ പഴം കഴിക്കാൻ.' മൂപ്പനും ഞങ്ങളും കാത്തിരിപ്പ് തുടങ്ങി. വിശപ്പ്, ദാഹം കൂടി കൂടി വന്നു. വെള്ളം പോലും കരുതാൻ മറന്നുപോയിരുന്നു. കണ്ണിലും മനസ്സിലും മലമുഴക്കിയുടെ ചിത്രത്തിന്റെ ചിന്ത മാത്രമായിരുന്നു. അങ്ങനെ കാത്തിരിപ്പ് തുടർന്നു. ഏതാണ്ട് പതിനൊന്നു മണിയായി കാണണം. ഒരു വലിയ ഒച്ച. പിന്നെ ചിറകടികൾ. മൂപ്പൻ സന്തോഷത്തോടെ പറഞ്ഞു: ''ദേ വരുന്നു, വേഴാമ്പല് ദേ വരുന്നു.''

ഞങ്ങളും കണ്ടു. ഒരു കുഞ്ഞുവിമാനം വരുന്ന ഗമയോടെ ഒരു സുന്ദരൻ പറന്നുവരുന്നു. പിന്നെ പതുക്കെ ആലിൻകൊമ്പിൽ ഇരുന്നു.

ഞങ്ങൾ ക്യാമറയുമായി താഴെ പതുങ്ങി ഇരുന്ന് അവനെ നോക്കി. പിന്നെ പതുക്കെ ഫോക്കസ് ചെയ്തു. ഏതാണ്ട് അഞ്ച് മിനിട്ടോളം അവൻ ആ ഇരുപ്പു തന്നെ. ഞങ്ങൾക്കാണേൽ അവന്റെ ഉടൽ മാത്രമേ കാണാനാവുന്നുള്ളു, മുഖവും കൊക്കും ഇലകൾക്കിടയിൽ മറഞ്ഞിരിക്കുന്നു. ഞങ്ങൾ ക്ലിക്ക് ചെയ്യുന്നു. പക്ഷെ അവന്റെ സുന്ദരമുഖമില്ല. പെട്ടെന്ന് അവൻ ശബ്ദമുണ്ടാക്കി പറന്നുപോയി.

അങ്ങനെ മുഖമില്ലാത്ത മലമുഴക്കിയുടെ ചിത്രത്തോടെ അന്ന് സങ്കടത്തോടെ തിരിച്ചു പോന്നു. പക്ഷെ ആദ്യമായി മലമുഴക്കിയെ നേരിട്ട് കാണിച്ചു തന്ന മൂപ്പനെ ഒരിക്കലും മറക്കാനാവില്ല്യ.

അങ്ങനെ വീണ്ടും ആതിരപ്പിള്ളി കാട്ടുവഴിയിലൂടെ പല തവണ മലമുഴക്കിയെ തേടി യാത്രചെയ്തു. പലതവണ നിരാശയോടെ മടങ്ങേണ്ടിവന്നു. അങ്ങനെ ഒരു യാത്രയിൽ അവിചാരിതമായി മലമുഴക്കി ഞങ്ങളുടെ കണ്മുന്നിലേക്കു വന്നു. വാഴച്ചാൽ റോഡിലൂടെ പതുക്കെ കാഴ്ചകൾ കണ്ടു നീങ്ങുമ്പോൾ ആ കാഴ്ച കണ്ണിൽ ഉടക്കി. രണ്ടു മലമുഴക്കികൾ. ആണും പെണ്ണും. തൊട്ടടുത്ത് ഐ ലെവെലിൽ. ഒരു അത്തി മരത്തിൽ. കായകൾ പതുക്കെ കൊക്കു കൊണ്ട് പറിച്ചെടുത്തു ടോസ്സ് ചെയ്തു ഭക്ഷിക്കുന്നു. പരസ്പരം പങ്കുവെച്ച് കഴിക്കുന്നു. എന്ത് സുന്ദരമായ കാഴ്ച. അന്ന് രണ്ടര മണിക്കൂറോളം ഞങ്ങൾ വഴിവക്കിലിരുന്ന് അവയുടെ ചിത്രങ്ങൾ മനസ്സ് നിറഞ്ഞു പകർത്തി. ഏതാണ്ട് രണ്ടു 64 ജി ബി മെമ്മറി കാർഡ് നിറച്ച് ഞങ്ങൾ ആ യാത്ര അവസാനിപ്പിച്ചു. അന്നത്തെ ആ ചിത്രങ്ങൾ കാട് തന്ന സമ്മാനമാണ് എന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്

പിന്നെയും പലതവണ നെല്ലിയാമ്പതി വച്ചും വാൽപ്പാറയിൽ വച്ചും മലമുഴക്കിയെ



photo:Praveen P Mohandas





കണ്ടു.

പിന്നെ കാസിരംഗയിൽ തൊട്ടടുത്ത് വച്ച്, കൂടിനു സമീപത്തു വച്ച് ലഭിച്ചു മഹാഭാഗ്യങ്ങൾ. മലമുഴക്കിയുടെ ചിറകടികൾ ദൂരെ നിന്ന് കേൾക്കാം. അതുകൊണ്ട് തന്നെ ആ ചിറകടികൾ കേൾക്കുമ്പോൾ മനസ്സിൽ സന്തോഷം തുടിക്കും.

## മലമുഴക്കി ജീവിതം

വേഴാമ്പലിനെ കുറിച്ച് കുറെയേറെ കാര്യങ്ങൾ നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. കേരളത്തിൽ വേഴാമ്പൽ വർഗത്തിൽപ്പെട്ട നാലുതരം പക്ഷികളുണ്ട് .

കോഴിവേഴാമ്പൽ, നാട്ടുവേഴാമ്പൽ, പാണ്ടൻ വേഴാമ്പൽ, പിന്നെ മലമുഴക്കിയും.

ശരീരപുഷ്ടി കൊണ്ട് ഏറ്റവും വലിയ വേഴാമ്പലാണ് മലമുഴക്കി. ഇതിന് മരവിതലച്ചി എന്ന് മലയാളത്തിൽ വേറെ പേരുണ്ട്. ഇംഗ്ലീഷിൽ Great Indian Hornbill അല്ലങ്കിൽ Great Hornbill എന്നാണ് ഇവയ്ക്കു പേരുള്ളത്.

മലമുഴക്കി എന്ന പേര് വരാനുള്ള കാരണം ഇതിന്റെ ചിറകടികളുടെ ശബ്ദം തന്നെയാണ്.

ചിറകടിയൊച്ചകൾ കാട്ടിലും മലയിലും പ്രതിധ്വനിക്കും. കേരളത്തിലെ മഴക്കാടുകളിലാണ് നമുക്കിവയെ കാണാൻ കഴിയുക. വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന പക്ഷിയാണിത്. IUCN ന്റെ റെഡ് ലിസ്റ്റിൽ മലമുഴക്കികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ മാത്രമല്ല കേട്ടോ അരുണാചൽ പ്രാദേശിന്റെയും സംസ്ഥാനപക്ഷി മലമുഴക്കി തന്നെയാണ്.

## കേരളത്തിൽ ഇവയെ എവിടൊക്കെ കാണാം?

ആറളം, സൈലന്റ് വാലി, ആതിരപ്പിള്ളി, വാഴച്ചാൽ, വാഴാനി - പീച്ചി ,പെരിയാർ, തട്ടേക്കാട്, ശിരുവാണി, എന്നിങ്ങനെയുള്ള വനസങ്കേതങ്ങളിൽ നമുക്ക് മലമുഴക്കിയെ കാണാൻ പറ്റും. പൂർണവളർച്ചയെത്തിയ ഇവയ്ക്കു രണ്ടര മുതൽ നാലു കിലോ തൂക്കം വരും. കഴുകന്റെ അത്ര വലിപ്പം തോന്നിക്കാറുണ്ട്. മഞ്ഞനിറത്തിലുള്ള പാത്തിയുണ്ട് അതിന്റെ തലയിൽ. മഞ്ഞ, വെള്ള, കറുപ്പ് ഇങ്ങനെ മൂന്നു നിറങ്ങളുള്ള ശരീരം.

ഇനി ആൺ വേഴാമ്പലിനെയും പെൺവേഴാമ്പലിനെയും എങ്ങനെയാണ് തിരിച്ചറിയുക എന്നറിയാമോ?

ചുവന്ന കണ്ണുകളാണ് ആണിന്. പെണ്ണിന്റെ കണ്ണുകൾ വെള്ളയാണ്. ഇവയെ ഇണകൾക്കൊപ്പവും മൂന്നാലു കൂട്ടുകാരുമായും ഉയരമുള്ള വൃക്ഷങ്ങളിൽ കാണാൻ പറ്റും. ഏതാണ്ട് അമ്പത് അടിയോളമുള്ള വൃക്ഷങ്ങളിൽ അവ കൂടുവയ്ക്കുന്നു. സാധാരണ ഫെബ്രുവരി മുതൽ മെയ് വരെയുള്ള കാലങ്ങളിൽ ആണ് അവയുടെ പ്രജനനം നടക്കുക. വളരെ കൗതുകമുള്ള ജീവിതമാണ് അവയുടേത്. മരങ്ങളുടെ

പൊത്തുകളാണ് അവയുടെ കൂടായി മാറുന്നത്. മുട്ടയിടേണ്ട സമയമാകുമ്പോൾ പെൺപക്ഷി മരപ്പൊത്തിനുള്ളിൽ അതിനു പറ്റിയ കൂട് കണ്ടുപിടിച്ചാൽ അതിലേക്കു കയറും. എന്നിട്ട് അതിന്റെ കാഷ്ഠവും ഉമിനീരും ഒക്കെ ചേർത്തു മരപ്പൊത്തു മുഖം അടക്കും. നീണ്ട കൊക്ക് പുറത്തേക്കു കടക്കാനുള്ള ദ്വാരം മാത്രം ഉണ്ടാകും. കൂട് അടയ്ക്കുന്നത് മുട്ട വിരിഞ്ഞു വരുന്ന കുഞ്ഞുങ്ങളെ മറ്റു മൃഗങ്ങളോ ശത്രുക്കളോ ഉപദ്രവിക്കാതിരിക്കാനാണ്. പാമ്പോ കുരങ്ങൻമാരോ മറ്റോ ഉപദ്രവിച്ചാലോ എന്ന ഭയം അമ്മക്കിളിക്കുണ്ടാവില്ലേ. പന്ത്രണ്ടാഴ്ച വരെ, കുഞ്ഞുങ്ങളുടെ തൂവൽ വരുന്ന വരെ കൂട്ടിൽ അമ്മക്കിളിയുണ്ടാവും. ഈ സമയത്ത് അച്ഛൻക്കിളിയാവും അമ്മയ്ക്കും കുഞ്ഞുങ്ങൾക്കും ഭക്ഷണം തേടുന്നതും കൊണ്ടുവന്നു കൂടിന്റെ പൊത്തിലൂടെ നീണ്ടുവരുന്ന കൊക്കിലൂടെ കൊടുക്കുന്നതും. അച്ഛൻക്കിളി ഈ സമയത്തു മെലിയുകയും അമ്മയും കുഞ്ഞുങ്ങളും തടി വയ്ക്കുമെന്നും പറയപ്പെടുന്നു. അമ്മക്കിളിയുടെ പഴയതൂവലുകൾ കൊഴിഞ്ഞു പോയി പുതിയത് വന്നിട്ടുമുണ്ടാവും. പക്ഷിജീവിതത്തിൽ ഏറ്റവും ശ്രേഷ്ഠമെന്നു തോന്നുന്ന സ്വഭാവസവിശേഷതയാണ് മലമുഴക്കിയുടേത്.

'കേരളത്തിലെ പക്ഷികൾ' എന്ന പുസ്തകത്തിൽ പക്ഷി നിരീക്ഷകനും ഗ്രന്ഥകാരനുമായ ഇന്ദുചൂഡൻ (കെ കെ നീലകണ്ഠൻ) എഴുതിയിട്ടുണ്ട്. വേഴാമ്പലിന്റെ കൂടു വലിയ വൃത്തിയായിരിക്കും. ദുർഗന്ധമോ വൃത്തികേടോ ഉണ്ടാകില്ല. പിടപ്പക്ഷിയും കുഞ്ഞുങ്ങളും കൂടിന്റെ മുഖത്തെ ചെറിയ ദ്വാരത്തിലൂടെയാണ് പുറത്തേക്കു വിസർജിക്കുക. എന്തത്ഭുതങ്ങളാണല്ലേ മലമുഴക്കിയുടെ ജീവിതത്തിൽ. വേഴാമ്പലിൽ ഏറ്റവും വലിപ്പമുള്ള മലമുഴക്കി ഭയങ്കര അന്തസ്സ് പ്രകടിപ്പിക്കുമെന്നും അദ്ദേഹം തന്റെ പുസ്തകത്തിൽ പറയുന്നുണ്ട്.

**സാധാരണ ആലുകൾ, ഞാവൽ, വേപ്പ്, എന്നിവയുടെ കായകൾ ഭക്ഷിക്കാനാണ് അവയ്ക്കിഷ്ടം. ഉയരമുള്ള വൃക്ഷങ്ങളുടെ മുകളിൽ കോഴിവേഴാമ്പലും മലമുഴക്കിയും ഒരുമിച്ച് ഉണ്ടാവുമെങ്കിലും വളരെ പതുക്കെ മാത്രമേ മലമുഴക്കി പഴങ്ങൾ കൊത്തി എടുക്കുള്ളു. തിടുക്കത്തിലുള്ള ഭക്ഷണരീതി ഇവയ്ക്കില്ല. പുഴുക്കളെയും പല്ലികളെയുമെല്ലാം മലമുഴക്കി ആഹാരമാക്കാറുണ്ട്.**

സാധാരണ ആലുകൾ, ഞാവൽ, വേപ്പ്, എന്നിവയുടെ കായകൾ ഭക്ഷിക്കാനാണ് അവയ്ക്കിഷ്ടം. ഉയരമുള്ള വൃക്ഷങ്ങളുടെ മുകളിൽ കോഴിവേഴാമ്പലും മലമുഴക്കിയും ഒരുമിച്ച് ഉണ്ടാവുമെങ്കിലും വളരെ പതുക്കെ മാത്രമേ മലമുഴക്കി പഴങ്ങൾ കൊത്തി എടുക്കുള്ളു. തിടുക്കത്തിലുള്ള ഭക്ഷണരീതി ഇവയ്ക്കില്ല. ഇവയുടെ തീറ്റയും രസകരമാണ്. ടോസ്സിടുന്ന പോലെ മുകളിലേക്കിട്ടു കൊക്കിലേക്കു പിടിക്കും. പുഴുക്കളെയും പല്ലികളെയുമെല്ലാം മലമുഴക്കി ആഹാരമാക്കാറുണ്ട്. ഇവയുടെ ആയുസ്സ് അമ്പതു വർഷമാണ് എന്നാണ് ഗവേഷകർ പറയുന്നത്. മാത്രമല്ല ഒറ്റ കൂടു തന്നെ വർഷങ്ങളോളം അവ ഉപയോഗിക്കുമത്രെ. കൂട്ടംകൂട്ടമായി നെല്ലിയാമ്പതിയിൽ ഒരു



ഭാഗത്തു നിന്ന് മറ്റൊരു ഭാഗ ത്തേക്ക് ഇവ പറന്നു പോവുന്ന ദൂരക്കാഴ്ച ഞാൻ കണ്ടിട്ടുണ്ട്. അതുപോലെ തന്നെ അസമിലെ കാസിരംഗയിൽ വച്ച് മലമുഴ ക്കിയെ വളരെ ഉയരം കുറഞ്ഞ വൃക്ഷത്തിലെ കൂട്ടിൽ വച്ചും കണ്ടി രുന്നു. എത്ര നന്മയുള്ള കാഴ്ച യാണ് അതെന്നോ കൂട്ടുകാരെ ...

## മലമുഴക്കിക്കു വേണ്ടി നമുക്കു ചെയ്യാവുന്നത്

കേരളത്തിൽ വേഴാമ്പലിനെ കുറിച്ച് ഗവേഷണം നടത്തിയവ രിൽ ഒരാളാണ് Western Ghat Hornbill Foundation റിസർച്ച് ഡയറക്ടറായ അമിത ബച്ചൻ ഹൈദർ. അദ്ദേഹം പശ്ചിമഘട്ട ത്തിലെ വേഴാമ്പലുകളുടെ നിലനിൽപ്പിനു വേണ്ടി കുറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

2006 മുതൽ വേഴാമ്പൽ കൂടുകളുടെ സംരക്ഷണം ഉറ പ്പാക്കാൻ വേണ്ടി ആദിവാസി സമൂഹത്തെ ഉൾപ്പെടുത്തി ക്കൊണ്ട് ബോധവത്കരണം നടത്തിയിരുന്നു. പശ്ചിമഘട്ട ത്തിന്റെ നിലനിൽപ്പ്, ഇവിടത്തെ ജീവജാലങ്ങളുടെ നിലനിൽപ്പ് ഒക്കെ നടക്കണമെങ്കിൽ വേണ്ട ബോധവൽക്കരണം സാധാരണ ജനങ്ങൾക്കിടയിൽ ഉണ്ടായേ പറ്റൂ.

സംസ്ഥാന വനം വകുപ്പിനോ ടൊപ്പം ചേർന്ന് ഹോൺബിൽ ഫൗണ്ടേഷൻ കുട്ടികൾക്കും മുതിർന്നവർക്കും ബോധവത്ക രണം നടത്തുന്നു.

കേരളത്തിൽ സെൻസസ്



**കേരളത്തിൽ സെൻസസ് പ്രകാരം ഏതാണ്ട് ആയിരത്തോളം മലമുഴക്കികളേയേ ഇപ്പോൾ കാണാൻ കഴിയുന്നുള്ളു എന്ന് അമിത ബച്ചൻ പറയുന്നു. അവയുടെ ആവാസ വ്യവസ്ഥയ്ക്ക് വന്നിട്ടുള്ള മാറ്റങ്ങൾ തന്നെയാണ് ഇവയുടെ നാശത്തിനുള്ള പ്രധാന കാരണം. വലിയ മരങ്ങൾ ഉള്ളയിടത്തെ മലമുഴക്കി ഉണ്ടാവുള്ളു. വനങ്ങൾ പലയിടത്തും പ്ലാന്റേഷൻ ആയി മാറിയത് അവയുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്.**





പ്രകാരം ഏതാണ്ട് ആയിരത്തോളം മലമുഴക്കികളേയേ ഇപ്പോൾ കാണാൻ കഴിയുന്നുള്ളു എന്ന് അമിത ബച്ചൻ പറയുന്നു. അവയുടെ ആവാസ വ്യവസ്ഥയ്ക്ക് വന്നിട്ടുള്ള മാറ്റങ്ങൾ തന്നെയാണ് ഇവയുടെ നാശത്തിനുള്ള പ്രധാന കാരണം.

വലിയ മരങ്ങൾ ഉള്ളയിടത്തെ മലമുഴക്കി ഉണ്ടാവുള്ളു. വനങ്ങൾ പലയിടത്തും പ്ലാന്റേഷൻ ആയി മാറിയത് അവയുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്.

പണ്ടൊക്കെ ആദിവാസികൾ ഇവയെ പിടിക്കുമായിരുന്നു. പക്ഷെ അവർക്കു ബോധവത്കരണം നടത്തിയപ്പോൾ അവർ തന്നെ മലമുഴക്കിയുടെ രക്ഷകരായി ഒപ്പം കൂടി.

2006 മുതൽ 118 കൂടുകളെ നിരീക്ഷിക്കുകയും അവയെ നിലനിർത്താൻ ബച്ചനും ടീമും ശ്രമിക്കുകയും ചെയ്തു.

ആതിരപ്പിള്ളി വാഴച്ചാൽ കാടുകളിൽ കോഴിവേഴാമ്പൽ, മലമുഴക്കി, പാണ്ടൻ വേഴാമ്പൽ എന്നിവയെ ഒരേ വൃക്ഷത്തിൽ തന്നെ കാണാം. വാഴച്ചാലിൽ മാത്രം 250 ഓളം മലമുഴക്കികൾ ഉണ്ട്.

മഴക്കാടുകളുടെ ജീവസ്പന്ദനമാണ് മലമുഴക്കി വേഴാമ്പൽ. ഇപ്പോഴുള്ള മലമുഴക്കികളെ അതേപോലെ നിലനിർത്താൻ നമുക്കാവണം.

പ്രകൃതിയുടെ സന്തുലനാവസ്ഥ നഷ്ടപ്പെട്ടാൽ അത് നമുക്കു ചുറ്റുമുള്ള പക്ഷി മൃഗാദികളെയാണ് ആദ്യം ബാധിക്കുക. അണക്കെട്ടുകളും വനനശീകരണവും വേഴാമ്പലുകളുടെ ജീവിതത്തെ ബാധിച്ചിട്ടുണ്ട്. ഉള്ളവയെ സംരക്ഷിക്കാൻ നമുക്കാവണം. അമിത ബച്ചൻ പറയുന്നു.

തലയെടുപ്പോടെ, മലയിടുക്കുകളെ പോലും ചിറകടികൾ കൊണ്ട് ഉണർത്തി പറന്നു പറന്ന് ഉയരുമ്പോൾ മലമുഴക്കി പശ്ചിമഘട്ടത്തിന്റെ പുണ്യം തന്നെയാണ്. നമ്മുടെ പ്രകൃതിയുടെ താളം കൂടിയാണ്. അവയെ നന്മയോടെ മനസ്സിലേക്ക് ചേർത്ത് പിടിക്കണം. കാടില്ലെങ്കിൽ നമ്മളില്ല. മലമുഴക്കിയില്ലെങ്കിൽ പശ്ചിമഘട്ടവും.



വര: ടി ആർ രാജേഷ്

# കുയിലും കുട്ടിയും

പ്രൊഫ. മാത്യു ഉലകംതറ

**കുട്ടി :** പുള്ളിക്കുയിലേ, പൂങ്കുയിലേ
മാന്തളിരുണ്ണും പൂങ്കുയിലേ
കറുത്ത കമ്പിളിയുടുപ്പുമിട്ടു
ഞെളിഞ്ഞിരിക്കും പൂങ്കുയിലേ
പറഞ്ഞിടാമോ നിൻ ചുണ്ടിൽ
പകർന്നതാരീ മാധുര്യം?
പകർന്നിടാമോ പഞ്ചമരാഗം
പകർന്നുതന്നവനാരാണ്?

**കുയിൽ :** ചീവീടിൻ ചെറു വീണക്കമ്പിയി-
ലാരോ രാഗമൊഴുക്കുന്നു.
കുഞ്ഞേ നിന്നുടെ മിഴികളിലാരോ
കുഞ്ഞുവിളക്കു തെളിക്കുന്നു?
നമ്മുടെ കഴിവുകളെല്ലാമവനുടെ
നന്മയിൽ നിന്നു ലഭിക്കുന്നു
ഒരുമിച്ചണിചേർന്നവന്റെ കീർത്തന
മുരുവിട്ടാൽ നാം വിജയിക്കും.




# അമ്മമരം

റെജി മലയാലപ്പുഴ

മരമെന്നാലത് ഇലയാണ്
ഇലയൊരു പാചകപ്പുരയാണ്.
മരമെന്നാലത്
വേരാണ്, അത് കായാണ്
കായെന്നാലോ ഫലമാണ്
ഫലമോ ഏകും രുചിയേറേ
ഫലത്തിനുള്ളിൽ വിത്താണ്
വിത്തൊരു ജീവൻ പുതുജീവൻ.
പലവിധ നന്മകൾ ചേർന്നോരു
തണലാണല്ലോ അമ്മമരം.

# ടോം സോയറുടെ സാഹസികജീവിതം

**മാർക്ക് ട്വയിൻ**

പുനരാഖ്യാനം: **ജോളി വർഗീസ്**

വീടിന്റെ പിൻഭാഗത്ത് ഒരു മുറിയിൽ ഒരു ജനലിനരികിൽ പോളി ആന്റി സ്വസ്ഥമായിരിക്കുകയായിരുന്നു. കമ്പിളിതുന്നൽ പണിയിലേർപ്പെട്ടിരുന്നപ്പോഴും അവർ ഗ്രീഷ്മകാലത്തിന്റെ ഭംഗിയും കിളികളുടെ കളകളാരവവും ശ്രദ്ധിക്കുകയും മെല്ലെ തലയാട്ടുകയും ചെയ്യുന്നുണ്ടായിരുന്നു. ടോം അവിടേക്ക് കയറിച്ചെന്നു.

''ആന്റീ... ഇനി ഞാൻ കളിക്കാൻ പോകട്ടെ?''

''ഇത്ര നേരത്തെയോ? വേലിയുടെ പകുതിഭാഗമെങ്കിലും തീർന്നോ?''

''മുഴുവനും തീർന്നു.''

''ടോം കള്ളം പറയരുത്... എനിക്ക് അത് തീരെ ഇഷ്ടമല്ല.''

''മുഴുവൻ വേലിയും കുമ്മായം പൂശിക്കഴിഞ്ഞു.''

പോളി ആന്റിക്ക് അവന്റെ വാക്കുകളിൽ വിശ്വാസം ഇല്ലായിരുന്നു. അവർ വേലിക്കരികിലേക്ക് ഇറങ്ങിച്ചെന്ന് ആകെ ഒന്ന് പരിശോധിച്ചു. വേലി മുഴുവൻ ഒരിക്കലല്ല, പലതവണ പൂശി വൃത്തിയാക്കിയിരിക്കുന്നു. അതു കണ്ടപ്പോൾ പാവം ആന്റി വിശ്വസിക്കാനാകാതെ വായും പൊളിച്ചുനിന്നു.

''ഒരിക്കലും ഇത്രയും പ്രതീക്ഷിച്ചില്ല. വേണമെന്ന് വിചാരിച്ചാൽ നീ എല്ലാ ജോലിയും ഭംഗിയായി ചെയ്യും. ഇനി പോയി കളിച്ചോളൂ.'' നല്ല പ്രവൃത്തികൾക്ക് നല്ല സമ്മാനം ലഭിക്കുമെന്നും പറഞ്ഞ് ആന്റി അവന് ഒരു വലിയ ആപ്പിൾ സമ്മാനമായി കൊടുത്തു.

ടോം പുറത്തേക്കിറങ്ങുമ്പോൾ ഒന്നാം നിലയിലെ പിൻവശത്തെ മുറിയിലേക്കുള്ള ഗോവണിയിലൂടെ സിദ്ദു മുകളിലേക്ക് കയറുന്നത് കണ്ടു. അവൻ ഒരുപിടിമണ്ണ് വാരി സിദ്ദുവിനെ എറിഞ്ഞു. പൊടിമണ്ണ് കാറ്റിലൂടെ സിദ്ദുവിനു ചുറ്റും പാറിപ്പറന്നു. പോളി ആന്റി ഓടിയെത്തും മുൻപ് ടോം വേലിചാടി രക്ഷപ്പെട്ടു കഴിഞ്ഞിരുന്നു. കറുത്തനൂലിന്റെ കാര്യം ആന്റിയോട് പറഞ്ഞ് തന്നെ കുഴപ്പത്തിലാക്കിയ സിദ്ദുവിനോടുള്ള പ്രതികാരം വീട്ടിക്കഴിഞ്ഞപ്പോൾ അവന്റെ മനസ്സ് സ്വസ്ഥമായി.



വര: ജോണി ദേവസ്യ

ജെഫ് താച്ചറിന്റെ വീടിന്റെ മുമ്പിലൂടെ പോകുമ്പോൾ പൂന്തോട്ടത്തിൽ ഒരു പുതിയ പെൺകുട്ടിയെ കണ്ടു. നീലക്കണ്ണുകളും രണ്ടു വലിയ വാലുകളായി തൂക്കിയിട്ടിരിക്കുന്ന സ്വർണവർണ മുടിയുമുള്ള ഒരു സുന്ദരിക്കുട്ടി. നിമിഷനേരത്തിനുള്ളിൽ അവന്റെ ഉള്ളിൽ ഒളിച്ചിരുന്ന ആമി ലോറൻസ്, ഓർമകളുടെ നുറുങ്ങുപോലും അവശേഷിക്കാതെ പടിയിറങ്ങി.

അവൾ തന്നെ കണ്ടു എന്ന് ഉറപ്പാക്കുന്നതുവരെ ടോം പുതിയ അതിഥിതാരത്തെ ഉറ്റുനോക്കി നിന്നു. അതേസമയം അവൾ അവിടെ ഉണ്ടെന്ന് അവൻ അറിഞ്ഞ ഭാവവും കാണിച്ചില്ല. അവളുടെ ആരാധനയും അംഗീകാരവും പിടിച്ചുപറ്റാനായി ആൺകുട്ടികൾ കാണിക്കുന്ന എല്ലാ വേലത്തരങ്ങളും അഭ്യാസങ്ങളും അവൻ പ്രദർശിപ്പിച്ചു. അവന്റെ അഭ്യാസ പ്രകടനങ്ങൾക്കിടയിലെ ഒളിഞ്ഞുനോട്ടത്തിലൂടെ ആ പെൺകുട്ടി വീട്ടിലേക്ക് നടക്കുന്നതും അവൻ കണ്ടു.

ടോം അവരുടെ വേലിക്കരികിൽ ചെന്ന് അതിൽ ചാരി നിന്നു. അവൾ അല്പനേരം കൂടി അവിടെത്തന്നെ നിന്നിരുന്നെങ്കിൽ എന്നുള്ള മോഹവുമായി ഒരു നിൽപ്പ്. അവൾ വാതിൽപ്പടിയിൽ കാല് വച്ചപ്പോൾ ടോം ഒരു ദീർഘനിശ്വാസത്തോടെ നോക്കിനിന്നു. മനസ്സ് തളർന്നു. പക്ഷേ അകത്തേക്കു പ്രവേശിക്കുന്നതിനു മുമ്പായി അവൾ ഒരു പാൻസി പൂവ് വേലിക്ക് മുകളിലൂടെ എറിഞ്ഞുകൊടുത്തപ്പോൾ അവന്റെ മുഖം വിടർന്നു.

അവൻ പൂവിന്റെ അടുത്തേക്ക് പതുക്കെ നടന്നു. അവന്റെ കാൽവിരലുകൾകൊണ്ട് അത് തോണ്ടി ചേർത്തുപിടിച്ച്, ചാടിച്ചാടി നടന്ന് വേലിയുടെ അങ്ങേ മൂലയ്ക്ക് ഒതുങ്ങി ഇരുന്നു. ആ പൂവ് സ്നേഹത്തോടെ അവന്റെ ജാക്കറ്റിനുള്ളിൽ ഒളിപ്പിച്ചു. ഹൃദയത്തിനരികെ അതോ ഉദരത്തിനരികിലോ? അവന്റെ ഹൃദയത്തിന്റെ സ്ഥാനം അവന് നിശ്ചയമില്ലായിരുന്നു.

അവൻ വീണ്ടും വേലിക്കരികിലെത്തി. ഓരോ അഭ്യാസവും കുസൃതിയും കാണിച്ച് രാത്രിയാകുന്നതുവരെ അവിടെ നിന്നു. പക്ഷേ സുന്ദരിക്കുട്ടിയെ അവിടെങ്ങും കാണാനുണ്ടായിരുന്നില്ല. അവൾ ഏതെങ്കിലും ജനലിനരികെ ഉണ്ടായിരിക്കണമെന്നും അവൾക്കുവേണ്ടി അവൻ അർപ്പിക്കുന്ന എല്ലാ വീരസാഹസിക കൃത്യങ്ങളും അവൾ സ്വീകരിക്കുന്നുണ്ടായിരിക്കുമെന്നും അവൻ സ്വയം ആശ്വസിച്ചു.

അവൻ വീണ്ടും വേലിക്കരികിലെത്തി. ഓരോ അഭ്യാസവും കുസൃതിയും കാണിച്ച് രാത്രിയാകുന്നതുവരെ അവിടെ നിന്നു. പക്ഷേ സുന്ദരിക്കുട്ടിയെ അവിടെങ്ങും കാണാനുണ്ടായിരുന്നില്ല. അവൾ ഏതെങ്കിലും ജനലിനരികെ ഉണ്ടായിരിക്കണമെന്നും അവൾക്കുവേണ്ടി അവൻ അർപ്പിക്കുന്ന എല്ലാ വീരസാഹസിക കൃത്യങ്ങളും അവൾ സ്വീകരിക്കുന്നുണ്ടായിരിക്കുമെന്നും അവൻ സ്വയം ആശ്വസിച്ചു. അവസാനം തലനിറയെ സുന്ദരസ്വപ്നങ്ങളുമായി അവൻ മനസ്സില്ലാമനസ്സോടെ അവിടെനിന്ന് പോയി.

അത്താഴ സമയത്ത് അവൻ വളരെ ഉത്സാഹഭരിതനായിരുന്നതിനാൽ 'അവന്' എന്ത് സംഭവിച്ചതായിരിക്കുമെന്ന് പോളി ആന്റി അത്ഭുതപ്പെട്ടു. സിദ്ദുവിനെ മണ്ണ് വാരിയെറിഞ്ഞതിനുള്ള ശകാരവും പഞ്ചസാര കട്ടുതിന്നാൻ ശ്രമിച്ചപ്പോൾ കൈവിരലുകൾക്ക് കിട്ടിയ തട്ടും ഒന്നും അവൻ കണക്കിലെടുത്തതേയില്ല.

''സിദ്ദു പഞ്ചസാര എടുക്കുമ്പോൾ ആന്റി അവനെ തല്ലാത്തതെന്താണ്?''

''നീ ഉപദ്രവിക്കുന്നതുപോലെ അവൻ ശല്യപ്പെടുത്താറില്ല. ഞാൻ നോക്കിയിരുന്നില്ലെങ്കിൽ നിന്റെ കൈ എപ്പോഴും പഞ്ചസാരഭരണിയിലാണ്.''

പോളി ആന്റി അടുക്കളയിലേക്കു പോയപ്പോൾ ഒരു കുറ്റവും തന്റെമേൽ ചുമത്തപ്പെടുകില്ല എന്ന ഉറപ്പിൽ സിദ്ദു പഞ്ചസാരഭരണി എടുത്തു. അത് അവന്റെ കൈയിൽ നിന്നു താഴെ വീണ് പൊട്ടിച്ചിതറി.

ടോമിന് സന്തോഷമായി. ആന്റി ഇപ്പോൾ വരും. അവന് കണക്കിന് കിട്ടും. ആന്റി വന്നിട്ട് ആരാണ് പഞ്ചസാര ഭരണി പൊട്ടിച്ചതെന്ന് ചോദിക്കുമ്പോൾ മാത്രം സിദ്ദുവിന്റെ പേര് പറയും. അതുവരെ ഒന്നും മിണ്ടണ്ട. പക്ഷേ ആന്റി വന്നപ്പോൾ ഒന്നും ചോദിക്കാതെ ടോമിനെ വലിച്ച് നിലത്തിട്ട് അടിക്കാൻ തുടങ്ങി.

''എന്നെ എന്തിനാണ് അടിക്കുന്നത്? സിദ്ദുവാണ് അത് പൊട്ടിച്ചത്.''

ആന്റി ഒന്ന് സംശയിച്ചു നിന്നു. അല്പം ഭയവും സ്നേഹവും നിറഞ്ഞ വാക്കുകൾ കേൾക്കാമെന്ന് കരുതി ടോം കാത്തുകിടന്നു.

പക്ഷേ ആന്റി ഒന്നും പറഞ്ഞില്ല.

അവരുടെ മനഃസാക്ഷിയിൽ ഒരു കുത്തലനുഭവപ്പെട്ടപ്പോൾ എന്തെങ്കിലും പറയണമെന്നുണ്ടായിരുന്നു. പക്ഷേ, താൻ ഒരു പാവവും കളിപ്പിക്കാൻ എളുപ്പവുമാണെന്ന് ടോം കരുതിയാലോ എന്നു കരുതി അവൾ ഒന്നും ഉരിയാടാതെ തന്റെ ജോലികൾ തുടർന്നു. ടോം ഒരു മൂലയ്ക്ക് മുഖവും വീർപ്പിച്ച് കുത്തിയിരുന്നു. അവന്റെ ആന്റി അവനെ ശ്രദ്ധിക്കുന്നതായി ഭാവിച്ചില്ലെങ്കിലും അവരുടെ ഹൃദയ





ത്തിൽ അവനെക്കുറിച്ച് ദുഃഖം ഉണ്ടായിരിക്കാമെന്നുള്ള ചിന്ത അവന് അല്പം ആശ്വാസം നൽകി. താൻ രോഗിയായി കിടക്കുകയാണെന്നും മരിക്കാൻ പോകുകയാണെന്നും അപ്പോൾ ആന്റി, തന്റെ മുകളിലേക്ക് കുനിഞ്ഞ് ക്ഷമ ചോദിക്കുന്നതായും അവൻ സ്വപ്നം കണ്ടു. പക്ഷേ അവൻ ഭിത്തിയിലേക്ക് മുഖം തിരിച്ചുകിടക്കും. ക്ഷമിച്ചു എന്നൊരു വാക്ക് പറയാതെ മരിക്കും. അപ്പോൾ ആന്റിയുടെ മുഖം എങ്ങനെയിരിക്കും? സ്വന്തം ദുഃഖങ്ങളും ദുരിതങ്ങളും നിരാശകളും താലോലിച്ച് അവൻ അതിൽ സുഖം കണ്ടെത്തി.

അപ്പോൾ അവന്റെ പൂവിനെക്കുറിച്ച് ഓർത്തു. അത് പുറത്തെടുത്തു. ഉണങ്ങിവരണ്ട ആ പൂവ് അവന്റെ ദുഃഖം ഇരട്ടിപ്പിച്ചു. അവന്റെ ഇപ്പോഴത്തെ അവസ്ഥയറിഞ്ഞാൽ അവൾക്ക് സങ്കടം തോന്നുമോ?

അവസാനം, അവൻ എഴുന്നേറ്റ് ഇരുട്ടിലേക്ക് ഇറങ്ങി നടന്നു. നദീതീരത്തെ ഒരു തടിയിൽ ഇരുന്ന് മുങ്ങിമരിക്കുന്നതിനെക്കുറിച്ചും ആലോചിച്ചു. ഈ ലോകം മുഴുവൻ തന്നെ ഉപേക്ഷിച്ചാൽ എന്തു ചെയ്യും? അത്രയും ദയനീയമായ ഒരു ചിത്രം മനസ്സിൽ താലോലിച്ച് അവൻ കണ്ണീരിന്റെ വക്കിലെത്തി. പിന്നീട് ഒരു ദീർഘനിശ്വാസം ഉതിർത്തുകൊണ്ട് ഇരുട്ടിലൂടെ നടന്ന്, രാവിലെ അവൻ നടന്നുപോയ അതേ തെരുവിൽ എത്തി. അവൻ ആരാധിക്കുന്ന അജ്ഞാത പെൺകുട്ടി ജീവിക്കുന്ന സ്ഥലം.

രണ്ടാം നിലയിലെ ഒരു ജനലിനരികെ, ജനൽ തിരശ്ശീലയ്ക്കപ്പുറം ഒരു മെഴുകുതിരിയുടെ നേർത്ത വെളിച്ചം കാണാം. അവൻ വേലി ചാടിക്കടന്ന് ചെടികൾക്കിടയിലൂടെ പതുക്കെ നടന്ന് ആ ജനലിനരികെ എത്തി, അല്പനേരം മുകളിലേക്കു നോക്കി നിന്നു. എന്നിട്ട്, അവിടെ തറയിൽ തന്റെ പാവം പൂവും മുറുകെപ്പിടിച്ച് കിടന്നു. അങ്ങനെ തണുത്തുവിറച്ച് അവിടെ കിടന്ന് മരിക്കും. അവന്റെ തലയ്ക്ക് മുകളിൽ ഒരു കൂര ഇല്ലാതെയും മരണവേദനയുടെ വിയർപ്പുത്തുള്ളികൾ തുടയ്ക്കാനൊരു സ്നേഹമസൃണമായ കരം ഇല്ലാതെയും മരിക്കും. രാവിലെ അവൾ ജനലിലൂടെ നോക്കുമ്പോൾ അവനെ ആ നിലയിൽ കാണും. അവളുടെ കണ്ണുകളിൽ നിന്ന് രണ്ടുതുള്ളി കണ്ണീർ പൊഴിയുമോ? ശോഭനമായ ഒരു ഭാവി ഉണ്ടായിരുന്ന ഒരു ചെറിയ ജീവിതം അകാലത്തിൽ പൊലിഞ്ഞതോർത്ത് അവൾ സങ്കടപ്പെടുമോ?

ജനലിന്റെ ഒരു പാളി മുകളിലോട്ട് ഉയർന്നു. ഒരു

ജോലിക്കാരിയുടെ അരിശം നിറഞ്ഞ പരുഷവാക്കുകൾ ആ നിശ്ശബ്ദതയെ കീറിമുറിച്ചു. പിന്നാലെ ഒരു തൊട്ടിവെള്ളവും! പാവം, സ്നേഹത്തിന്റെ രക്ത സാക്ഷി നനഞ്ഞുകുതിർന്നു. വിറയ്ക്കുന്ന നായകൻ ചാടി യെഴുന്നേറ്റു. വായുവിലൂടെ എന്തോ ഒന്ന് പറന്നുനീങ്ങി. പിന്നാലെ ഗ്ലാസ് പൊട്ടിവീഴുന്ന ശബ്ദവും. ആരോ ഉച്ചരിച്ച കുറെ ശാപവാക്കുകളും. ഒരു ചെറിയ അവ്യക്തരൂപം വേലിക്ക് മുക ളിലൂടെ ശരംപോലെ പാഞ്ഞ് ഇരുട്ടിൽ മറഞ്ഞു.

ടോം അല്പം സമയത്തി നുശേഷം ഉറങ്ങാനായി തന്റെ നനഞ്ഞ വസ്ത്രം മാറി നിശാ വസ്ത്രം ധരിക്കുകയും നനഞ്ഞ കുപ്പായം നേരിയ മെഴുകുതിരി വെളിച്ചത്തിൽ പരിശോധിക്കു കയും ചെയ്തു. സിദ്ദു ഉണർന്നു. ചോദ്യങ്ങൾ ഉന്നയിക്കാൻ ഉദ്ദേശമുണ്ടായിരുന്നെങ്കിലും ടോമിന്റെ കണ്ണുകളിലെ അപ കടസൂചന മനസ്സിലാക്കി ഒന്നും മിണ്ടാതെ കിടന്നു. പ്രാർഥന ചൊല്ലാതെ ടോം കിടന്നപ്പോൾ, അപ്പോൾ ഒന്നും പറഞ്ഞി ല്ലെങ്കിലും, പിന്നീട് കുറ്റാ രോപണം നടത്താനായി സിദ്ദു അത് മനസ്സിൽ കുറിച്ചിട്ടു. (തുടരും)

കവിത

# സുന്ദരിക്കാക്ക

**ദിവാകരൻ വിഷ്ണുമംഗലം**



എന്തൊരു ചന്തം പുലരിയിൽ നീയെൻ
അരികത്തണയുമ്പോൾ
സ്വന്തം പേരുവിളിച്ചേ കരയും
കറുത്ത സുന്ദരിയേ,

നീയില്ലെങ്കിൽ വിരുന്നുകാര്യം
ചൊല്ലുവതാരാണ്?
നീയില്ലെങ്കിൽ എന്നുടെ മുറ്റം
ആരു വെടിപ്പാക്കും?

പാട്ടുംപാടി കുയിലുകളിപ്പോൾ
വന്നെത്താറുണ്ടോ
നിന്നുടെ ചുള്ളിക്കമ്പിൻ കൂട്ടിൽ
മുട്ടയിടാറുണ്ടോ?

അടുത്തുവന്നാൽ കൊത്തിത്തിന്നാൻ
വറ്റുകൾ ഞാൻ നൽകാം
എനിക്കു നിന്നുടെ കറുപ്പിനഴകിൻ
രഹസ്യമോതാമോ?



വര: ആശ ആർ

# വർഗം കാണാൻ എന്തെളുപ്പം!

പള്ളിയറ ശ്രീധരൻ




അഞ്ചിൽ അവസാനിക്കുന്ന ഏത് സംഖ്യയുടെയും വർഗം 25- ൽ അവസാനിക്കും എന്നു നമുക്കറിയാം. 25 എന്നതു വർഗത്തിലെ ഒന്നാം സ്ഥാനത്തെയും പത്താംസ്ഥാനത്തെയും അക്കങ്ങളാണ്. മറ്റു സ്ഥാനങ്ങളിലെ അക്കങ്ങൾ കണ്ടുപിടിക്കാൻ സാധിക്കുമെങ്കിൽ നമുക്ക് വർഗം എളുപ്പത്തിൽ എഴുതാം.

15, 25 എന്നീ സംഖ്യകളുടെ വർഗം പരിശോധിക്കുക. ഇവ യഥാക്രമം 225 ഉം 625 ഉം ആണല്ലോ.

ഇവയിൽ 25 ഒഴിവാക്കുമ്പോൾ നമുക്ക് 2,6 എന്നിവ കിട്ടുന്നു. 2 എന്നത് 1 x 2 ഉം 6 എന്നത് 3 x 2 ആണെന്നു കാണാം. അപ്പോൾ സംഖ്യയും വർഗവും തമ്മിലെന്താ ബന്ധം? 5 ഒഴിവാക്കിയ സംഖ്യ സംഖ്യയോട് ഒന്ന് കൂട്ടി തമ്മിൽ ഗുണിക്കുന്നു. 35 ന്റെ കാര്യത്തിൽ നമ്മുടെ നിഗമനം ശരിയാണോ എന്നു നോക്കൂ.

35 ൽ 5 ഒഴിവാക്കിയാൽ കിട്ടുന്ന അക്കം 3.

3 നോട് 1 കൂട്ടിയാൽ 4 കിട്ടും.

4 ഉം 3 ഉം ഗുണിക്കുമ്പോൾ 12 കിട്ടും. അപ്പോൾ 35 ന്റെ വർഗം 1225.

ഇതേപോലെ

$45^2$ = (4) x (4+1)/25 = 2025

$55^2$ = (5) x (5+1)/25 = 3025

$65^2$ = (6) x (6+1)/25 = 4225

ദശാംശസംഖ്യകളുടെ വർഗവും ഈ രീതിയിൽ കണ്ടെത്താം. യഥാസ്ഥാനത്ത് ദശാംശബിന്ദു ചേർക്കണം എന്നുമാത്രം.

ഉദാഹരണമായി 7.5 ന്റെ വർഗം കാണണമെന്നിരിക്കട്ടെ. 7.5 ൽ ഒരു ദശാംശമുണ്ട്. അപ്പോൾ വർഗത്തിൽ രണ്ടു ദശാംശസ്ഥാനങ്ങൾ വേണം. അതായത് 7.5 ന്റെ വർഗം 56.25

palliyarasreedharan@gmail.com

ഒറ്റയുടെ സ്ഥാനത്തെ അക്കങ്ങൾ വ്യത്യസ്തമാണെങ്കിലും ഗുണ്യത്തിലെയും ഗുണകത്തിലെയും മറ്റ് അക്കങ്ങൾ തുല്യമായാൽ ഈ ക്രിയ തുടരാം. ഒന്നാം സ്ഥാനത്തെ അക്കങ്ങളുടെ തുക 10 ആയിരിക്കണം എന്നുമാത്രം. അഞ്ചിൽ അവസാനിക്കുന്ന സംഖ്യകളുടെ കാര്യത്തിൽ തുക പത്താണല്ലോ.

ഉദാഹരണമായി 47 x 43 കാണണമെന്നിരിക്കട്ടെ. ഇവിടെ ഒറ്റയുടെ സ്ഥാനത്തെ അക്കം ഒഴികെയുള്ള അക്കം = 4

ഇതിനോട് 1 കൂട്ടുമ്പോൾ 5 കിട്ടുന്നു.

ഇവയുടെ ഗുണനഫലം 4 x 5 = 20

ഒന്നാംസ്ഥാനത്തുള്ള അക്കങ്ങളുടെ ഗുണനഫലം 7 x 3 =21

അതിനാൽ 47 x 43 = 2021

ഇതേപോലെ 61 x 69= (6)(6+1) /(1 x 9) = 4209

72 x 78= (7)(7+1)/(2 x 8) = 5616



## ആമുഖം

പ്രവാസികളുടെ പുതുതലമുറയെ മലയാളഭാഷ പഠിപ്പിക്കുകയാണ് മലയാളം മിഷന്റെ പ്രധാന ദൗത്യം. സാഹിത്യവും സംസ്കാരവും ചരിത്രവും ഒഴിവാക്കി ഭാഷയ്ക്ക് നിലനിൽപ്പില്ല എന്നതിനാൽ മലയാളം മിഷന്റെ പാഠ്യപദ്ധതി പ്രകാരം സാഹിത്യ സംസ്കാരാദികളിലും കുട്ടികൾ പരിചിതരാകേണ്ടതുണ്ട്. 'തളിര്' മാസിക കുട്ടികളുടെ മാസികാലോകത്ത് ലബ്ധപ്രതിഷ്ഠ നേടിയിട്ടുള്ള പ്രസിദ്ധീകരണമാണ്. 'തളിര്' മാസിക മലയാളം മിഷൻ കുട്ടികൾക്കുകൂടി ലഭ്യമാകണമെന്ന് തളിരിന്റെ ചീഫ് എഡിറ്ററും മലയാളം മിഷൻ ഭരണസമിതി അംഗവുമായ സുഗതകുമാരി ടീച്ചറിന്റെ എക്കാലത്തെയും സ്നേഹനിർബന്ധമായിരുന്നു. 2019 ജൂലൈ മാസം മുതൽ അത് സാർഥകമാകുകയാണ്. തളിരിന്റെ പേജുകൾ മലയാളം മിഷനും പങ്കുവയ്ക്കുന്നു. ആദ്യപടിയായി 4 പേജുകളിലായാണ് മലയാളം മിഷൻ സ്വന്തം രചനകൾ പ്രസിദ്ധീകരിക്കുന്നത്. ഈ ഒരു അവസരം മലയാളം മിഷന് ലഭ്യമാക്കുന്നതിനു പിന്നിൽ പ്രവർത്തിച്ച സുഗതകുമാരി ടീച്ചർ, സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറി റാണി ജോർജ്ജ് ഐ എ എസ്, ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ എന്നിവരോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നു. ലോകത്ത് വിവിധ ഭാഷകളിൽ സംസ്കാരങ്ങളിൽ ജീവിക്കുന്ന മലയാളം മിഷൻ വിദ്യാർഥികൾക്ക് തളിര് വായിക്കുവാനും കേരളത്തിലെ 'തളിര്' വായനക്കാരായ കുട്ടികളോട് സംവദിക്കുന്നതിനും ഈ കൂടിച്ചേരൽ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.




**പ്രൊഫ. സുജ സൂസൻ ജോർജ്**
ഡയറക്ടർ
മലയാളം മിഷൻ



വര : ബാബുരാജൻ

മലയാളം മിഷൻ


എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം



# തളിരിൽ കിളിർക്കട്ടെ പുതുനാമ്പുകൾ

പ്രവാസ ജീവിതത്തിന്റെ
ചൂടും ചൂരും നിനവും
ഒപ്പിയെടുത്ത്,
ഒഴുകിവരട്ടെ കുഞ്ഞു കവിതകൾ,
ഓർമ്മകൾ പൂക്കുന്ന കഥകൾ

'മലയാള'ത്തിന്റെ മാധുര്യം...
മലയാളൺമതൻ ഹൃദയ രാഗങ്ങൾ...
പരക്കട്ടെ സൗമ്യ സുഗന്ധം
പാരാവാരപ്പരപ്പിലും
ആകാശ വീഥികളിലും..

'എവിടെയെല്ലാം മലയാളി'
അവിടെയെല്ലാം മലയാളം.

**(സേതു മാഷ്,**
**റജിസ്ട്രാർ,**
**മലയാളം മിഷൻ)**

വര : ബാബുരാജൻ


എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം



# എന്റെ അവധിക്കാലം

ഇന്നെന്നുള്ളിൽ പുഞ്ചിരി തൂകി
കഴിഞ്ഞുപോയോരവധിക്കാലം
കളിയും ചിരിയും കുറുമ്പുമായി
കടന്നു പോയോരവധിക്കാലം
മണ്ണിൽ മെല്ലെ കൈകൾ ചേർത്തു
മണ്ണപ്പം ഞാൻ ചുട്ടു കളിച്ചു
കൂട്ടരുമൊത്തു കളിച്ചു രസിച്ചു
കളിവീടൊന്നും ഉണ്ടാക്കി
മാവിൻ കൊമ്പിൽ വിരുന്നു വന്നൊരു
കുഞ്ഞിക്കിളിയെ കണ്ടു ഞാൻ
പൂന്തേനുണ്ണും ശലഭത്തോടായ്
കുശലം പലതും ചോദിച്ചു
തോട്ടിൻ കരയിൽ ചെന്നൊരു നേരം
പരൽ മീനുകളെ കണ്ടു ഞാൻ
മധുരം നിറയും ചക്കപ്പഴവും
രുചിയേറുന്നൊരു മാമ്പഴവും
കൊതിയോടെന്നും കണ്ടു രസിച്ചു
മതിവരുവോളം തിന്നൂ ഞാൻ
നാളുകൾ പലതു കഴിഞ്ഞേ പോയി
അവധിക്കാലം വിടചൊല്ലീ.

**(ശ്രീജ ഗോപാൽ,**
**ഭെസ്റ്റൻ, സൂറത്ത്,**
**ഗുജറാത്ത്)**

വര : സജി വി

# വരുന്നു...... മലയാളത്തിന്റെ
# മൈന



## റേഡിയോ മലയാളം

മലയാളം മിഷന്റെ വാർത്തകളും വിവരങ്ങളും മലയാള ഭാഷയെ സംബന്ധിക്കുന്ന പരിപാടികളും പ്രക്ഷേപണം ചെയ്യുന്നതിനായി മലയാളം മിഷൻ ഒരു ഓൺലൈൻ റേഡിയോ സ്റ്റേഷൻ ആരംഭിക്കുകയാണ്.







എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം





# കഥയറിയാം

**പ്രഭലോചന പി എം**

ഉലകം ചുറ്റി നടക്കും കാറ്റിന്,
പല നാടുകളുടെ കഥയറിയാം
പല ഭാഷക്കാർ, പല വേഷക്കാർ,
പറയും കഥകൾ പലതറിയാം.

മലയുടെ, പുഴയുടെ കഥയറിയാം,
കാടിൻ, കടലിൻ കഥയറിയാം
കോരിച്ചൊരിയും മാരിക്കാറിനു,
കൂട്ടിന് പോയൊരു കഥയറിയാം.

പാടം ചുറ്റി നടന്ന കഥ
വാടിയിലോടി രസിച്ച കഥ,
പക്ഷികുലങ്ങൾക്കൊപ്പം പാറി,
ഋതുഭേദങ്ങൾ കണ്ട കഥ.

അറിയാമനവധി കഥയെന്നാലും
പറയാൻ കാറ്റിന്നിടയില്ല.
ഇരവും പകലും പാറി നടന്നി
ട്ടിനിയും കാണാൻ പലതില്ലേ?

വര : അരുണ ആർ

# പ്രമേഹം– മധുരമുള്ള രോഗമല്ല

ഡോ. ബി പത്മകുമാർ





ഞങ്ങളുടെ വീടിനടുത്ത് വലിയ ഒരു ബേക്കറി ഉണ്ടായിരുന്നു. കുട്ടിക്കാലത്ത് അച്ഛനുമൊത്ത് ബേക്കറിയിൽ പോകുമ്പോൾ അലമാരയിൽ നിറച്ചുവച്ചിരിക്കുന്ന മധുരപലഹാരങ്ങൾക്കിടയിൽ പൊക്കമുള്ളൊരു കസേരയിലിരുന്ന് കാശുവാങ്ങി പെട്ടിയിലിടുന്ന ഉടമസ്ഥനെ കാണുമായിരുന്നു. അച്ഛന്റെ പരിചയക്കാരനായിരുന്നു അയാൾ. എനിക്ക് അയാളോട് അസൂയ തോന്നിയിരുന്നു. എപ്പോൾ വേണമെങ്കിലും അലമാര തുറന്ന് ജിലേബിയും ഹൽവയും മൈസൂർപാവുമൊക്കെ എടുത്ത് ഇഷ്ടംപോലെ കഴിക്കാമല്ലോ. അതായിരുന്നു അസൂയയുടെ കാരണം.

ഒരിക്കൽ ഞാനത് അച്ഛനോട് പറയുകയും ചെയ്തു. അപ്പോൾ അച്ഛനാണ് എന്നെ ഞെട്ടിച്ച ആ സത്യം പറഞ്ഞത്. ബേക്കറിയുടമയ്ക്ക് മധുരമൊന്നും കഴിക്കാൻ പറ്റുകയില്ലത്രേ. ചായപോലും പഞ്ചസാരയിടാതെയാണ് കുടിക്കുന്നത്. കാരണം അയാൾക്ക് ഷുഗറിന്റെ അസുഖം കലശലായി ഉണ്ട്. അന്നാണ് ഞാൻ മധുരം കഴിക്കാൻ പറ്റാത്ത ഷുഗറിന്റെ അസുഖത്തെപ്പറ്റി ആദ്യമായി കേൾക്കുന്നത്.

കൂട്ടുകാരെല്ലാം പ്രമേഹത്തെക്കുറിച്ച് കേട്ടിരിക്കും. ഉറപ്പാണ്. ഒരുപക്ഷേ വീട്ടിലാർക്കെങ്കിലും ഷുഗറിന്റെ അസുഖവും കാണും. എന്താണ് പ്രമേഹമെന്ന് ആദ്യം മനസ്സിലാക്കാം. നമ്മുടെ ശരീരത്തിലെ കോശങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ ഊർജം ലഭിക്കുന്നത് ഗ്ലൂക്കോസിൽ നിന്നാണ്. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൂടുന്നതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നമാണ് പ്രമേഹം അഥവാ ഡയബറ്റിസ്. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവിനെ നിയന്ത്രിക്കുന്നത് ഇൻസുലിൻ എന്ന ഹോർമോൺ ആണ്. പാൻക്രിയാസ് ഗ്രന്ഥിയാണ് ഇൻസുലിൻ ഉത്പാദിപ്പിക്കുന്നത്. ഇൻസുലിൻ ഉത്പാദനം ഇല്ലാതാവുകയോ പ്രവർത്തനക്ഷമത കുറയുകയോ ചെയ്യുമ്പോഴാണ് പ്രമേഹം ഉണ്ടാകുന്നത്.

പ്രമേഹം രണ്ടുതരം ഉണ്ട്. ടൈപ്പ് ഒന്നും, ടൈപ്പ് രണ്ടും. കുട്ടികളിൽ കാണുന്ന



വര : ടി ആർ രാജേഷ്

**അമിതദാഹം, അമിതവിശപ്പ്, അമിതമായി മൂത്രം പോവുക തുടങ്ങിയവയാണ് പ്രമേഹത്തിന്റെ സുപ്രധാന ലക്ഷണങ്ങൾ. നന്നായി ഭക്ഷണം കഴിച്ചാലും ശരീരം മെലിഞ്ഞിരിക്കുക, മുറിവുണ്ടായാൽ ഉണങ്ങാതിരിക്കുക, ക്ഷീണം തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാകാം.**



പ്രമേഹമാണ് ടൈപ്പ് ഒന്ന്. ഇവരിൽ ഇൻസുലിൻ ഉത്പാദനം തീരെ ഉണ്ടാവുകയില്ല. ഇൻസുലിൻ കുത്തിവയ്പ്പ് മാത്രമാണ് ഇവർക്കുള്ള ചികിത്സ. ടൈപ്പ് രണ്ട് പ്രമേഹം പ്രായമുള്ളവരിലാണ് കാണപ്പെടുന്നത്.

ഇനി പ്രമേഹത്തിന്റെ ലക്ഷണങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം. അമിതദാഹം, അമിതവിശപ്പ്, അമിതമായി മൂത്രം പോവുക തുടങ്ങിയവയാണ് പ്രമേഹത്തിന്റെ സുപ്രധാന ലക്ഷണങ്ങൾ. നന്നായി ഭക്ഷണം കഴിച്ചാലും ശരീരം മെലിഞ്ഞിരിക്കുക, മുറിവുണ്ടായാൽ ഉണങ്ങാതിരിക്കുക, ക്ഷീണം തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാകാം.

ചില പ്രത്യേകതകൾ ഉള്ളവർക്ക് പ്രമേഹസാധ്യത കൂടുതലാണ്. പൊണ്ണത്തടിയുള്ളവർ, വ്യായാമം തീരെ ഇല്ലാത്തവർ, അമിത രക്തസമ്മർദ്ദം ഉള്ളവർ തുടങ്ങിയവർക്ക് പ്രമേഹം പിടിപെടാനുള്ള സാധ്യത കൂടുതലാണ്. പാരമ്പര്യത്തിനും പ്രമേഹം ഉണ്ടാക്കുന്നതിൽ വ്യക്തമായ പങ്കുണ്ട്. അച്ഛനും അമ്മയ്ക്കും പ്രമേഹമുണ്ടെങ്കിൽ കുട്ടികൾക്ക് വരാനുള്ള സാധ്യത 90 ശതമാനമാണെന്ന് ഓർക്കണം. അങ്ങനെയുള്ള കുട്ടികൾ കുട്ടിക്കാലം മുതൽക്കുതന്നെ പ്രമേഹം പിടിപെടാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കണം.

പ്രമേഹത്തെ ഭയാനകമാക്കുന്നത് ഇതൊന്നുമല്ല. പ്രമേഹം കാലക്രമേണ മറ്റ് അവയവങ്ങളെ ബാധിച്ച് അവയുടെ പ്രവർത്തനം തകരാറിലാക്കും. ഇതിനെ പ്രമേഹസങ്കീർണതകൾ എന്നാണ് വിളിക്കുന്നത്. വൃക്കകൾ, കണ്ണ്, നാഡീഞരമ്പുകൾ, ഹൃദയം തുടങ്ങിയവയെ എല്ലാം പ്രമേഹം ബാധിക്കാം. നമ്മുടെ നാട്ടിൽ കണ്ടുവരുന്ന വൃക്കരോഗങ്ങളുടെ പ്രധാന കാരണം ഡയബറ്റിസ് ആണ്. കാലിൽ മുറിവുണ്ടായി പഴുക്കുന്നതിനെത്തുടർന്ന് കാൽ മുറിച്ച് നീക്കേണ്ടിവരുന്ന അവസ്ഥ ഉണ്ടാകാറുണ്ട്.

കൂട്ടുകാർ ഏറ്റവും കൂടുതൽ മനസ്സിലാക്കേണ്ടത് പ്രമേഹം വരാതിരിക്കാനുള്ള മാർഗങ്ങളെക്കുറിച്ചാണ്. ഏറ്റവും പ്രധാനം ശരീരഭാരം കുറയ്ക്കുക എന്നതാണ്. ദിവസവും ഒരുമണിക്കൂറോളം ഓടിയും കളിച്ചും നടന്നും ശരീരത്തിന് ആവശ്യമായ വ്യായാമം ചെയ്യണം. സൈക്കിൾ ചവിട്ടാൻ എല്ലാവരും പഠിക്കണം. സൈക്കിളിങ് നല്ലൊരു വ്യായാമമാണ്.

മറ്റൊരു പ്രധാനകാര്യം ഭക്ഷണക്രമീകരണമാണ്. ബേക്കറി സാധനങ്ങളും ഫാസ്റ്റ്ഫുഡ്-ജങ്ക്ഫുഡ് വിഭവങ്ങളും നിയന്ത്രിക്കണം. അമ്മ വീട്ടിൽ ഉണ്ടാക്കിത്തരുന്ന അടയും കൊഴുക്കട്ടയും റവയുണ്ടയുമെല്ലാം ആവശ്യംപോലെ കഴിക്കണം. പരീക്ഷയ്ക്ക് നല്ല മാർക്കുവേണമെങ്കിൽ വർഷാരംഭത്തിലേ പഠിച്ചുതുടങ്ങണമല്ലോ. അതുപോലെ പ്രമേഹം പിടിപെടാതെയിരിക്കണമെങ്കിൽ ഇപ്പോൾ തന്നെ അതിനുള്ള ശ്രമങ്ങൾ ആരംഭിക്കണം. അങ്ങനെയാണെങ്കിൽ ജീവിതത്തിന്റെ മധുരം ആവോളം നുകർന്നുകൊണ്ട് ജീവിക്കാൻ സാധിക്കും.



# മാമ്പഴക്കാലം

ശങ്കു ചേർത്തല

മുറ്റമാകെ ടൈൽപാകിയ വലിയ വീടായിരുന്നു അത്. മുറ്റത്തുതന്നെ ഒരു കോണിലായി ചുടുകട്ടകൊണ്ടു തടംതീർത്ത് അതിൽ മുന്തിയ ഇനം ഒട്ടുമാവ് വച്ചുപിടിപ്പിച്ചിരുന്നു. ഒരാൾ പൊക്കമേയുള്ളൂ. എങ്കിലും പടർന്നുപന്തലിച്ച് ഉല്ലാസവതിയായാണ് നിൽപ്പ്. കഴിഞ്ഞകൊല്ലം ആദ്യമായി പൂവിട്ടു. മാങ്ങ അധികം ഉണ്ടായില്ല. അതിനുകൂടി ഇക്കൊല്ലം നിറയെ പൂക്കുകയും ഉണ്ണികൾ വിരിയുകയും ചെയ്തിട്ടുണ്ട്.

രാവിലെ സ്കൂൾബസ് കാത്തുനിൽക്കുന്ന നിശാന്തും നിത്യയും മാവിനടുത്തു ചെല്ലും. കൈയെത്തും ദൂരത്തുള്ള കണ്ണിമാങ്ങകളെ താലോലിക്കുകയും ചെയ്യും.

''പൊട്ടിക്കരുത് കേട്ടോ... വലുതായി പഴുക്കുമ്പോൾ മക്കൾക്കു തിന്നാം...''

കുട്ടികൾക്കു കൂട്ടുനിൽക്കുന്ന മുത്തശ്ശി വാത്സല്യത്തോടെ പറയും.

''ഇതുകണ്ടോ നിത്യേ... കൂട്ടത്തിൽ ഇവനാണു ഹീറോ... ആദ്യം പഴുക്കുന്നത് ഇവനായിരിക്കും.'' ചെറുമാങ്ങകൾക്കിടയിൽ ഒറ്റതിരിഞ്ഞു നിൽക്കുന്ന വലിയമാങ്ങ ചൂണ്ടി നിശാന്ത് പറഞ്ഞു.

''ശരിയാണ്! എത്ര പെട്ടെന്നാണ് അവന്റെ വളർച്ച.''

''പോം... പോം...'' സ്കൂൾ ബസ് റോഡിൽ വന്നുനിന്നു ഹോൺ മുഴക്കി.

''മക്കളെ ബസ് വന്നു. ഓടി വരിൻ...''

രണ്ടു പേരക്കുട്ടികളുടെയും പുസ്തകസഞ്ചികൾ തൂക്കി കുതിച്ചോടുന്ന അവർക്കൊപ്പമെത്താൻ മുത്തശ്ശി ബദ്ധപ്പെട്ടു. ചെറുമക്കളെയും വഹിച്ച് വണ്ടി പോയെന്നു കണ്ട് അവർ അകത്തുകയറി. ഗെയിറ്റു ചാരി.

''കുട്ടികൾ പോയോമ്മേ...''

''ദാ ഇപ്പോ പോയതേയുള്ളൂ.''

മാവിനു സമീപമെത്തി അവർ ആകമാനം ഒന്നു കണ്ണോടിച്ചു. മാങ്ങകളുടെ ഭാരംകൊണ്ട് കൊമ്പുകൾ തല കുമ്പിട്ടു നിൽക്കുന്നു. എവിടെനിന്നോ ഒരു മുളംകമ്പ് കൊണ്ടുവന്ന് അവർ ചാഞ്ഞ കൊമ്പ് ഉയർത്തിവച്ചു.

''ഇക്കുറി മാവു കനിഞ്ഞിട്ടുണ്ടല്ലേമ്മേ...''

കാർപോർച്ചിലേക്കു നടക്കുന്നതിനിടയിൽ മകൻ അമ്മയുടെ





**അന്നുരാത്രി പകൽച്ചൂടിനുശേഷമുള്ള നേർത്ത കുളിരിൽ മാങ്ങകൾ ബോധംവിട്ടുറങ്ങിപ്പോയി. വലിയ ചിറകടികളോടെ എവിടെനിന്നോ ഒരു വവ്വാൽ പറന്നുവന്നു. വലിയ മാങ്ങയെ വട്ടമിട്ടു പറന്നു. അവന്റെ ചിറകടിയും തുറിച്ചുനോട്ടവും വലിയ മാങ്ങയെ ഉറക്കത്തിൽ നിന്നുണർത്തി. അവന് ഭയമായി.**

പരിചരണം കണ്ടു രസിച്ചു.

''പോയാണ്ടിൽ പറ്റിച്ചുകളഞ്ഞില്ലേ...''

''ശരിയാണ്.''

ചെറുപ്പക്കാരൻ കാറിനുള്ളിൽ കയറി മെല്ലെ വെളിയിലേക്കിറക്കിക്കൊണ്ടുവന്നു. അമ്മ വേഗം ചെന്ന് ഗെയിറ്റു തുറന്നു കൊടുത്തു. റോഡിലെ തിരക്കിലേക്ക് വാഹനം പ്രവേശിച്ചു.

ഗെയിറ്റു ചാരി അകത്തുനിന്നും കുറ്റിയിട്ട് അവർ വീണ്ടും മാവിൻ ചുവട്ടിലേക്ക് ചെന്നു. ഉണ്ണിമാങ്ങകളിലേക്കു സൂക്ഷിച്ചുനോക്കി. ഇല്ല! പുഴുശല്യമില്ല. വലിയ മാങ്ങയോട് അവർ ചേർന്നുനിന്നു. സാരിത്തുമ്പുകൊണ്ട് അവനെ തുടച്ചുവൃത്തിയാക്കി.

''വേഗം വലുതാകൂ കേട്ടോ... കുട്ടികൾക്കു തിന്നാനുള്ളതാ...''

വല്യമ്മയുടെ തലോടലിൽ അവൻ പുളകം ചൂടി. അടുത്തുള്ള ചെറുമാങ്ങകൾ അവനെ അസൂയയോടെ നോക്കി.

''ചേട്ടന്റെ ഒരു യോഗം.'' അവർ നെടുവീർപ്പിട്ടു.

''രണ്ടാഴ്ച കൂടി കഴിഞ്ഞാൽ ഞാൻ പഴുക്കും. വല്യമ്മ മൂർച്ചയുള്ള കത്തികൊണ്ടു ചെത്തിപ്പൂളി മക്കൾക്കും പേരക്കുട്ടികൾക്കും കൊടുക്കും. അവർ രുചിയോടെ തിന്നും.''

ഒന്നു നിർത്തിയിട്ട് അവൻ തുടർന്നു.

''പേട്ടുമാങ്ങകളായ നിങ്ങളെ ചമ്മന്തിക്കോ അച്ചാറിനോ മത്തിക്കറിക്കോ ഉപയോഗിക്കും.''

''മതി ചേട്ടാ, അധികം നെഗളിക്കണ്ട...''

എവിടെനിന്നോ വന്ന ഒരു പൂവാലൻ അണ്ണാൻ മാങ്കൊമ്പിൽ ചാടിക്കയറി. വലിയ മാങ്ങയെ ഒന്നു മണപ്പിച്ചു. കൊമ്പു കുലുക്കി കടന്നുപോയി.

നിശാന്തിനും നിത്യയ്ക്കും കൊല്ലപ്പരീക്ഷയായി. ട്യൂഷനും വീട്ടിലിരുന്നുള്ള പഠനവും ഒന്നിനും സമയം കിട്ടാതായി. മമ്മിയും പപ്പയും കൂടെത്തന്നെ ഉണ്ട്. ഇടംവലം തിരിയാൻ സമ്മതിക്കില്ല. കണ്ണിൽ ഉറക്കം വന്നുപിടിമുറുക്കുമ്പോഴാണ് അവരുടെ മടക്കം.

''നിത്യേ... നമ്മുടെ മാങ്ങ പഴുത്തിട്ടുണ്ടാവും ഇല്ലേ...?''

''പഴുത്തിട്ടുണ്ടാവില്ല... മൂത്തിട്ടുണ്ടാവും...''

''പരീക്ഷ കഴിയുമ്പോ പഴുക്കും?''

''ചിലപ്പോ...''

മാങ്ങയെക്കുറിച്ചുള്ള കൊതിപ്പിക്കുന്ന വർത്തമാനത്തിനിടെ അവർ ഉറക്കത്തിലേക്കു ലയിക്കും.

തുടർന്നു പരീക്ഷാദിനങ്ങളായിരുന്നു. എന്നും പരീക്ഷ ഇല്ലെങ്കിലും വെളിയിലിറങ്ങാൻ അനുവാദമില്ല. വരുമ്പോഴും പോകുമ്പോഴും മാവിലേക്ക് ഒരൊളിനോട്ടം. അതിനെ സമയം കിട്ടൂ. കുട്ടികൾ വീട്ടിനുള്ളിലേക്കു പ്രവേശിച്ചുകഴിഞ്ഞപ്പോൾ വലിയമാങ്ങ ചെറിയമാങ്ങകൾ കേൾക്കാൻ പറഞ്ഞു.

''എന്താണെന്നറിയില്ല, ഈ വീട്ടിലെ എല്ലാവരും എന്റെ മുഖത്തുനിന്നും കണ്ണെടുക്കാറില്ല ഉണ്ണിമാങ്ങക്കുട്ടന്മാരെ..!''

''ഓ... അയാൾക്കു തുടങ്ങിയിട്ടുണ്ട് ഇളക്കം...''

ചെറുമാങ്ങകൾ കുശുകുശുത്തു.

''സുന്ദരന്മാരെക്കണ്ടാൽ ആരും നോക്കിപ്പോകും ഇല്ലേ?''

''ചേട്ടൻ സുന്ദരൻ തന്നെ സമ്മതിച്ചു.'' ഉണ്ണിമാങ്ങകൾ ഏറ്റുപിടിച്ചു. ''കുറച്ചു ദിവസം കഴിഞ്ഞാൽ ഞങ്ങളും വലുതാകും. ചേട്ടനെപ്പോലെ അഴകുള്ളവരാകുകയും ചെയ്യും.''

''ഉവ്വ്... അതിനിത്തിരി വിഷമിക്കും.'' വലിയ മാങ്ങ അവരെ കളിയാക്കി.

അന്നുരാത്രി പകൽച്ചൂടിനുശേഷമുള്ള നേർത്ത കുളിരിൽ മാങ്ങകൾ ബോധംവിട്ടുറങ്ങിപ്പോയി. വലിയ ചിറകടികളോടെ എവിടെനിന്നോ ഒരു വവ്വാൽ പറന്നുവന്നു. വലിയ മാങ്ങയെ വട്ടമിട്ടു പറന്നു. അവന്റെ ചിറകടിയും തുറിച്ചുനോട്ടവും വലിയ മാങ്ങയെ ഉറക്കത്തിൽ നിന്നുണർത്തി. അവന് ഭയമായി. ഉറങ്ങുന്ന ഉണ്ണിമാങ്ങകളെ വിളിച്ചുണർത്താൻ ശ്രമിച്ചു. പക്ഷേ... ശബ്ദം ഉയരുന്നില്ല. അടുത്ത നിമിഷം വവ്വാൽ മാങ്ങയെ കടന്നുപിടിച്ചു. അവന്റെ മധുരമുള്ള ഉടൽ കറുമുറെ തിന്നു. വെളിച്ചം വീണപ്പോൾ കണ്ണിമാങ്ങകൾ കണ്ട കാഴ്ച അവർക്കു വിശ്വസിക്കാനായില്ല. വലിയ മാങ്ങയുടെ ഞെട്ടിൽ മുക്കാലും കടിച്ചു തിന്നു വികൃതമാക്കപ്പെട്ട ഒരു അസ്ഥികൂടം.




# അതിജീവനത്തിന്റെ തിരയെഴുത്ത്

**വിനു എ**

അഭയാർഥികളാക്കപ്പെടുന്ന മനുഷ്യരുടെ ജീവിതം. അതാണ് പഹുന എന്ന സിനിമ നമുക്ക് കാട്ടിത്തരുന്നത്. പാഖി എ ടൈറെവാല സംവിധാനം ചെയ്ത പഹുന വിവിധ ചലച്ചിത്രമേളകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. നേപ്പാളിന്റെയും സിക്കിമിന്റെയും അതിർത്തികളിലാണ് കഥ നടക്കുന്നത്. വളരെ കുറഞ്ഞ ദിനങ്ങളിൽ ഒറ്റപ്പെട്ടുപോകുന്ന മൂന്ന് കുഞ്ഞുങ്ങളുടെ ജീവിതമാണ് സിനിമ പറഞ്ഞുവയ്ക്കുന്നത്.

ആഭ്യന്തരകലാപങ്ങൾ മൂർച്ഛിച്ച ഒരു പ്രദേശം. കലാപത്തിന്റെ ശബ്ദങ്ങൾ മുഴങ്ങുന്ന തെരുവിൽ നിന്നും രക്ഷ തേടിയോടുകയാണ് ഒരച്ഛനും അമ്മയും മൂന്ന് മക്കളും. വീടിനകത്തു നിന്നും അവർ പിൻഭാഗത്തൂടെ പുറത്തുകടന്ന് ചെടികളുടെ മറപറ്റി രക്ഷപ്പെടുന്നു. അച്ഛൻ അറിയുന്നു, കലാപകാരികൾ അരികിലുണ്ട്. ഭാര്യയെയും മക്കളെയും രക്ഷിക്കാൻ അവരുടെ ശ്രദ്ധ മാറ്റണം. അതിനായി അയാൾ മറ്റൊരു വഴിയിലൂടെ പോകാൻ തീരുമാനിക്കുന്നു. അമ്മയും കുഞ്ഞുങ്ങളും മുമ്പേ പോയവർക്കൊപ്പമെത്തുന്നു.

അതിലൊരു സ്ത്രീയോട് തന്റെ മക്കളെ സംരക്ഷിക്കണമെന്ന് പറഞ്ഞ് അമ്മ അച്ഛനെ തേടി പോകുന്നു. കാടുകൾ, മലകൾ, ഗർത്തങ്ങൾ അവരുടെ യാത്ര അങ്ങനെ മുന്നേറുകയാണ്. പഹുന: ദ ലിറ്റിൽ വിസിറ്റേഴ്സ് എന്ന സിനിമ തുടങ്ങുന്നത് അങ്ങനെയാണ്. കലാപത്തിന്റെ ഭാഗമായി ഒറ്റപ്പെട്ടുപോയവരാണവർ. അവരുടെ പശ്ചാത്തലത്തിൽ അഭയാർഥികളാക്കപ്പെടുന്നവരുടെ ജീവിതമാണ് സിനിമ പറയുന്നത്.

പാഖി എ ടൈറെവാല സംവിധാനം ചെയ്ത പഹുന വിവിധ ചലച്ചിത്രമേളകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. നേപ്പാളിന്റെയും സിക്കിമിന്റെയും അതിർത്തികളിലാണ് കഥ നടക്കുന്നത്. രക്ഷതേടി ഓടുന്ന സംഘം രാത്രിയിൽ ഒരിടത്ത് വിശ്രമിക്കുന്നു. കയ്യിലുള്ള ഭക്ഷണവും കഴിച്ച് അവരവിടെ ഉറങ്ങാൻ തീരുമാനിക്കുന്നു. അടുത്ത ദിവസം അവർ ഒരു ലക്ഷ്യസ്ഥാനത്തെത്തുവാൻ ഉറപ്പിച്ചിട്ടുണ്ട്. അതൊരു പള്ളിയാണ്. കൂട്ടത്തിലുള്ള മദ്യപാനിയായ ഒരാൾ, റായ് അങ്കിൾ, രാത്രിയുടെ ഭീതി ജനിപ്പിക്കുന്ന കഥകൾ കുട്ടികൾക്ക്

പറഞ്ഞു കൊടുക്കുകയാണ്. അതിലൊരു കാര്യം അഭയം തേടി പോകുന്നയിടത്തെ അധികാരികൾ, വലിയവസ്ത്രം ധരിച്ചവർ കുട്ടികളെ പീഡിപ്പിക്കുന്നവരാണ്, കുഞ്ഞുങ്ങളെ തിന്നുന്നവരാണ് തുടങ്ങിയ കഥകളാണ് അയാൾ പറഞ്ഞു കൊടുത്തിരുന്നത്. അത് കുട്ടികളിൽ ഭയം സൃഷ്ടിക്കുന്നു. അടുത്ത ദിവസം വഴിയിലൊരിടത്തു വച്ച് ആ സംഘത്തിൽ നിന്നും ആ കുട്ടികൾ രക്ഷപ്പെടുന്നു. ജീവിക്കണമെന്ന വാശിയോടെയാണ് അവർ അങ്ങനെ ചെയ്യുന്നത്.

## പോരാളികൾ

മൂത്തവൾ അമൃത. രണ്ടാമൻ പ്രണയ്. കുഞ്ഞ് ബിഷാൽ. മൂന്നാമത്തേത് ഒരു വയസാകാത്ത ഒരു കുഞ്ഞ്. തുണിയിൽ പൊതിഞ്ഞ ആ ബിഷാലിനെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തമാണ് മുതിർന്നവർക്കുള്ളത്. ജീവിക്കാനായി ഒരിടം കണ്ടെത്തുകയാണ് ആദ്യം ചെയ്യേണ്ടത്. അത് അവർ കണ്ടെത്തുന്നു. ഉപേക്ഷിക്കപ്പെട്ട ഒരു വാഹനം. അതിനകത്ത് തണുപ്പും വെയിലും മഴയുമേൽക്കാതെ കഴിയാനാവും.

പിന്നെ വേണ്ടത് ഭക്ഷണമാണ്. ആദ്യദിവസം അവർ കാട്ടുകിഴങ്ങുകൾ സമ്പാദിച്ച് കഴിക്കുന്നു. ഒരു കാട്ടുമുയലിനെ കെണിവെച്ച് പിടിച്ച് ഇറച്ചി കഴിക്കാൻ അവർ ശ്രമിക്കുന്നുണ്ട്. മുയലിനെ പിടിച്ചെങ്കിലും അതിനെ കൊല്ലാൻ അവർക്കാവുന്നില്ല. ജീവിക്കാനായുള്ള ഭക്ഷണം അവർ തേടുകയാണ്. പ്രണയ് പുറത്തിറങ്ങി ഒരു ജോലി കണ്ടെത്തുന്നുണ്ട്. ഒരാട്ടിടയന്റെ ജോലി. കൂലിയായി ലഭിക്കുക ഒരു കുപ്പി പാലാണ്. അത് അവരുടെ ഭക്ഷണത്തിന്റെ, പ്രത്യേകിച്ച് കുഞ്ഞിന്റെ ഭക്ഷണത്തിന്റെ ഭാഗമായി മാറുന്നുണ്ട്. അമൃത ഒരു കടയിൽ നിന്നും സാധനങ്ങൾ വാങ്ങാൻ ശ്രമിക്കുന്നുണ്ട്. യാത്രയ്ക്കു മുമ്പ് അമ്മ ഏൽപ്പിച്ച സഞ്ചിയിലെ പണം അവൾ കച്ചവടക്കാരിക്ക് കൊടുക്കുന്നുണ്ട്. എന്നാൽ ആ പ്രദേശം ഇന്ത്യയിലുള്ളതാണ്. അവളുടെ കയ്യിലെ നോട്ടുകൾ നേപ്പാളി നോട്ടുകളാണ്.

## ഇന്ത്യ-നേപ്പാൾ

ഇന്ത്യൻ രൂപ കൂലിയായി നൽകണമെന്ന ഉറപ്പിൽ അമൃത ഒരു സ്ത്രീയുടെ കൂട്ടിരിപ്പുകാരിയായി ജോലി നടുത്തുകൂടെ പോകാറുണ്ട്. കുഞ്ഞ് കരയുന്ന ശബ്ദംകേട്ട് പള്ളിയിലുള്ളവർ അവിടെ വരുമെന്നും തങ്ങൾ പിടിപ്പിക്കപ്പെടുമെന്നും അവർ ഭയക്കുന്നുമുണ്ട്.

കലാപം വിതച്ച നേപ്പാളിലെ പല ഭാഗങ്ങളിൽ നിന്നും അഭയാർഥികളായി നിരവധി പേർ ആ പള്ളിയിൽ താമസിക്കുന്ന കാര്യം അവർക്കറിയുകയില്ല. അവരുടെ മനസിലുള്ളത് ആ രാത്രിയിൽ മദ്യപാനി പറഞ്ഞ



കണ്ടെത്തുന്നു. ആൺകുട്ടിക്കും പെൺകുട്ടിക്കും ഇടയിൽ അവരുടെ ജോലികളുടെ സമയം ക്രമപ്പെടുത്തുന്നതിനെ പറ്റിയും തർക്കം നടക്കുന്നുണ്ട്. ചെറിയ കുഞ്ഞിനെ മാറിമാറി നോക്കി ഇരുവരും ജോലിക്ക് പോകാനുള്ള സൗകര്യം സൃഷ്ടിച്ചെടുക്കുന്നുമുണ്ട്.എങ്കിലും അവരെ തുടർച്ചയായി ആകുലപ്പെടുത്തുന്നത് ആ പള്ളിയിൽ നിന്നും വളരെ ദൂരെയൊന്നുമല്ല അവരുടെ താമസമെന്നതാണ്. പള്ളിയിലെ അച്ചൻ പലപ്പോഴും അതി ഭീതിപ്പെടുത്തുന്ന കഥകളാണ്. അത് യാഥാർഥ്യമാകുമെന്ന് അവർ ഭയന്നുകൊണ്ടിരിക്കുന്നു.

അങ്ങനെയിരിക്കെ ഒരുദിനം അമൃത തിരികെ എത്തുവാൻ വൈകുന്നു. അമൃത എത്തുമെന്ന പ്രതീക്ഷയിൽ തന്റെ ഊഴം കഴിഞ്ഞ് പ്രണയ് ഇറങ്ങിക്കഴിഞ്ഞിരുന്നു. അമൃത കൂട്ടിരിക്കുന്ന സ്ത്രീക്ക് പെട്ടെന്ന് വേദന അനുഭവപ്പെട്ടതിനെ തുടർന്ന് പരിചരിക്കേണ്ടി വന്നതിനാലാണ് അവൾ വൈകിയത്. തന്റെ ജോലിയിൽ ശ്രദ്ധിച്ച



അവൾ കുഞ്ഞിനെ ഓർത്തിരുന്നില്ല.എന്നാൽ പൊടുന്നനെ ഓർത്ത അവൾ ഓടി തങ്ങൾ താമസിച്ച സ്ഥലത്ത് എത്തുമ്പോൾ ആ വാഹനം അവിടെ ഉണ്ടായിരുന്നില്ല.

തന്റെ ജോലിസമയം കഴിഞ്ഞ് തിരികെ വന്നുകൊണ്ടിരുന്ന പ്രണയ് കാണുന്നത് തങ്ങൾ താമസിച്ച വാഹനം കെട്ടിവലിച്ചുകൊണ്ടുപോകുന്നതാണ്. അവൻ സർവശക്തിമെടുത്ത് ഓടി അതിന്റെ മുന്നിലെത്തുന്നു. അവൻ വാഹനത്തിനകത്ത് ചാടിക്കയറി നോക്കുന്നു. കുഞ്ഞ് അതിലില്ല. വാഹനം കെട്ടിവലിച്ചുകൊണ്ടുപോകുന്നവർ ഇറങ്ങി വന്ന് കാര്യമന്വേഷിച്ചു. അവൻ കാര്യം പറഞ്ഞപ്പോൾ അവർ ആ കുഞ്ഞിനെ പള്ളിയിൽ എൽപ്പിച്ചിട്ടുണ്ടെന്ന് പറയുന്നു.

## രക്ഷാപ്രവർത്തനം

അവർക്ക് സഹോദരനെ രക്ഷിച്ചേ പറ്റൂ. മദ്യപാനി പറഞ്ഞ കഥകൾ പ്രകാരം പള്ളിയിലുള്ളവർ കുഞ്ഞിനെ തിന്നാൻ ശ്രമം തുടങ്ങിയിരിക്കും. കുഞ്ഞിനെ എന്തുവില കൊടുത്തും രക്ഷിക്കാൻ അവർ ശ്രമം നടത്തുകയാണ്. പള്ളിയിൽ ഒളിച്ചുകടന്ന് കുഞ്ഞിനെ രക്ഷിക്കാൻ അവർ പദ്ധതിയിടുന്നു. എന്നാൽ അവർ പിടിക്കപ്പെട്ടു. പള്ളിയിൽ വച്ച് ചോദ്യം ചെയ്യപ്പെട്ടപ്പോൾ അഭയാർഥികളായി എത്തിയ സംഘത്തിൽ അവരും ഉണ്ടായിരുന്നുവെന്ന് മനസിലാകുന്നു. അപ്പോഴേക്കും അവിടെ അവരുടെ അച്ഛനും അമ്മയും എത്തിയിരുന്നു. തങ്ങളുടെ മക്കളെ കാണാതെ വിഷമിച്ചിരിക്കുകയായിരുന്നു അവർ. അവർ എല്ലാവരും ഒത്തുചേരുന്നു.

കുട്ടികൾ വഴിയിൽ വച്ച് ഒളിച്ചോടിയിരുന്നില്ലെങ്കിൽ അവർ നേരത്തെ അവിടെ എത്തുമായിരുന്നു. അവരെ തെറ്റിദ്ധരിപ്പിച്ച് പേടിപ്പിച്ച മദ്യപാനി നേരത്തെ തന്നെ അവിടെ എത്തുകയും ചെയ്തിരുന്നു. നുണക്കഥകൾ പറഞ്ഞ അയാൾക്ക് കുട്ടികൾ ശിക്ഷ നൽകുന്നുണ്ട്.

നുണക്കഥകളിലൂടെ തെറ്റിദ്ധരിപ്പിക്കപ്പെടുന്ന സാഹചര്യങ്ങളെ ഓർമിപ്പിച്ചുകൊണ്ടുള്ള





ഈ സിനിമ സിക്കിമിന്റെ സൗന്ദര്യം നിറച്ചാണ് അവതരിപ്പിച്ചിരിക്കുന്നത്. അഭയാർഥികളാക്കപ്പെടുന്ന മനുഷ്യരുടെ ജീവിതം ഈ സിനിമ നമുക്ക് കാട്ടിത്തരുന്നുണ്ട്. അവർ അനുഭവിക്കുന്ന പ്രയാസങ്ങളും ജീവിതസാഹചര്യങ്ങളും ഈ കുട്ടികൾ തിരശീലയിൽ വരച്ചിടുന്നുണ്ട്.വളരെ കുറഞ്ഞ ദിനങ്ങളിൽ ഒറ്റപ്പെട്ടുപോകുന്ന മൂന്ന് കുഞ്ഞുങ്ങളുടെ ജീവിതമാണ് സിനിമ പറഞ്ഞുവയ്ക്കുന്നത്. ആ കുറഞ്ഞ നാളുകളിൽ അവരുടെ ജീവിതത്തിലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കപ്പെട്ടുകഴിഞ്ഞിരുന്നു. വിവിധ സ്കൂളുകളിൽ സഞ്ചരിച്ചാണ് ഇതിലെ അഭിനേതാക്കളെ കണ്ടെത്തിയത്. ജീവിതം വരയുന്ന മനോഹരമായ ഒരു കാവ്യമാണീ സിനിമ.







## പാഖി എ ടൈറെവാല

ബോളിവുഡ് നടിയും എഴുത്തുകാരിയുമാണ് പാഖി എ ടൈറെവാല. ഡൽഹിയിൽ ജനിച്ച അവർ പത്രപ്രവർത്തക, അധ്യാപിക തുടങ്ങിയ മേഖലകളിലും പ്രവർത്തിച്ചിരുന്നു. അഭിനയരംഗത്തെത്തിയത് സിനിമകളിലും സീരിയലുകളിലും ബാല വേഷങ്ങളിലൂടെയായിരുന്നു. പിന്നീട് ബോളിവുഡ് സിനിമകളിൽ വേഷമിട്ട അവർ ആർട്ട് ഓഫ് ലിവിംഗ് അധ്യാപികയെന്ന നിലയിലാണ് സിക്കിമിലും വടക്കുകിഴക്കൻ മേഖലകളിലും സഞ്ചരിക്കുന്നത്. ആ അനുഭവങ്ങളിൽ നിന്നുമാണ് പഹുനയുടെ കഥയെഴുതുന്നതും സിനിമയൊരുക്കുന്നതും.

# രണ്ടാമത്തെ മൈൽ

ബ്രിജി

കുർബാനയുടെ ബൈബിൾ വായന കഴിഞ്ഞ്, അച്ചൻ ഉച്ചത്തിൽ പ്രസംഗിച്ചു കൊണ്ടിരുന്നു. സദസ്സിന്റെ നിശ്ശബ്ദത ഭേദിച്ചുകൊണ്ട് ഒരു കുട്ടി നടകൾ ഓടിക്കയറി, പിച്ചളക്കെട്ടും ചിത്രപ്പണികളുമുള്ള വലിയ വാതിൽക്കൽ വിസ്മയത്തോടെ നിന്നു. സ്വർണ വർണമുള്ള ഉടുപ്പുകൾ ധരിച്ച അച്ചനെ അവൻ സാകൂതം നോക്കിക്കൊണ്ടിരുന്നു. പിന്നീട്, നല്ല നല്ല വസ്ത്രങ്ങളണിഞ്ഞ സ്ത്രീകളും പുരുഷന്മാരും ഇരുന്നിടത്തേക്കെല്ലാം കൗതുകത്തോടെ അവൻ ചാഞ്ഞും ചരിഞ്ഞും നോക്കി.

അവനെത്തന്നെ നോക്കിക്കൊണ്ട് നിന്നിരുന്ന എല്ലാ വലിയ പ്രതിമകളുടേയും കരുണയാർന്ന മുഖവും നോട്ടവും കണ്ട് ബാലന്റെ മുഖത്ത് ആശ്വാസം. പാറിപ്പറക്കുന്ന എണ്ണമയമില്ലാത്ത മുടിയും ദിവസങ്ങളോളം നല്ല ഭക്ഷണം കിട്ടാതെ വെള്ളപ്പാടുകൾ തെളിഞ്ഞുകിടക്കുന്ന വരണ്ടുണങ്ങിയ മുഖവും മഞ്ഞക്കണ്ണുകളും അല്പം പുറത്തേക്കുന്തിയ പല്ലുകളും അവന്റെ ദയനീയ ചിത്രം വരച്ചിട്ടു. അതൊന്നും പക്ഷെ ഇവർക്ക് അറിയുമായിരിക്കില്ല.

കീറിപ്പറിഞ്ഞ ഷർട്ടും മൂടു കീറിയ ട്രൗസറും ആണ് ധരിച്ചിട്ടുള്ളതെങ്കിലും ഒരു ആത്മവിശ്വാസം ആ മുഖത്ത് കാണാമായിരുന്നു. ഒരു പ്രതീക്ഷയുടെയോ മറ്റോ പുഞ്ചിരി ആ മുഖം സുന്ദരമാക്കി.



വര: ബോബി എം പ്രഭ

പക്ഷെ എണ്ണമറ്റ കണ്ണുകൾ അവനെത്തന്നെ നോക്കുന്നുണ്ടായിരുന്നുവെന്ന കാര്യം അവൻ അറിഞ്ഞില്ല.

ക്രിസ്തുവിന്റെ പ്രമാണങ്ങളും സ്നേഹവും പ്രസംഗിച്ചു കൊണ്ടിരുന്ന അച്ചൻ ജനം അസ്വസ്ഥരാവുന്നത് ശ്രദ്ധിച്ചില്ല.

'....ഞാൻ നഗ്നനായിരുന്നപ്പോൾ...നിങ്ങൾ എനിക്ക് ഉടുതുണി തന്നു, എനിക്കു വിശന്നപ്പോൾ... നിങ്ങളെനിക്ക് അപ്പം തന്നു...പാർക്കാനിടമില്ലാത്ത എനിക്കു നിങ്ങൾ അഭയം തന്നു..!'

ജനം അച്ചന്റെ പ്രസംഗം കേൾക്കുന്നുണ്ടെങ്കിലും ചോദിക്കാതെ ചോദിക്കുന്ന നോട്ടങ്ങൾ വാതിൽക്കലേക്കു നീണ്ടു.

ഒരാൾ നോക്കി. തിരിഞ്ഞു മറ്റൊരാളുടെ മുഖത്തേക്കു അർത്ഥം വെച്ചു നോക്കുമ്പോൾ അതൊരു പകർച്ചവ്യാധി പോലെ എല്ലാവരേയും ബാധിച്ചു.

കുട്ടി അവന്റെ മേൽ പെയ്തു കൊണ്ടിരിക്കുന്ന സംശയദൃഷ്ടികളൊന്നും ശ്രദ്ധിച്ചതേയില്ല.

അവന്റെ ശ്രദ്ധ മുഴുവൻ

അൾത്താരയുടെ താഴെ നിരത്തി വച്ചിരിക്കുന്ന 'കാഴ്ച' വസ്തുക്കളിലായിരുന്നു. അലങ്കരിച്ച പാത്രങ്ങളിൽ, പഴങ്ങളും കേക്കും ബ്രഡും വീഞ്ഞും പൂക്കളും.

കുട്ടി സന്തോഷിച്ചു.

ഏതോ ഒരു പള്ളിയിലെ ഫാദർ അവന്റെ അമ്മയ്ക്ക് അഭയം നൽകിയതും അച്ഛനെ ചികിത്സിച്ച് കള്ളുകുടി നിർത്താൻ ഉപദേശിച്ചതും കൊച്ചുകുഞ്ഞായിരുന്ന തന്നെ സംരക്ഷിച്ചതും ഒക്കെ അമ്മ എന്നും പറയുമായിരുന്നു.

പക്ഷെ നന്നാവാൻ ഇഷ്ടമില്ലാതിരുന്ന അച്ഛൻ, ഫാദറെ ഉപദ്രവിച്ച് അവിടുന്ന് അമ്മയേയും തന്നേയും കൊണ്ട് വീണ്ടും തെരുവിലേക്ക് ഇറങ്ങിയത്രെ.

പിന്നീട്... അമ്മയെ നഷ്ടമായപ്പോൾ ഒറ്റപ്പെട്ടു. തെരുവിൽ ചെറിയ ചെറിയ ജോലി ചെയ്ത് അലഞ്ഞപ്പോൾ...ഒരിക്കലും ഈ പള്ളിയിലൊന്നു കയറാൻ തോന്നിയില്ലല്ലോ എന്ന് കുട്ടിക്കു തോന്നി.

വിശന്നു വലഞ്ഞപ്പോൾ ആണ് അമ്മയെ വീണ്ടും ഓർത്തത്. പള്ളിയും.

അമ്മ പറഞ്ഞതെത്ര ശരി. വിശക്കുന്നവർക്കുള്ള ഭക്ഷണമാവും ഈ നിരത്തിവച്ചിരിക്കുന്നത്.

മുൻവശത്തിരിക്കുന്ന കുട്ടികളാരും തന്നെ അതിലേക്കൊന്നു നോക്കുന്നതു പോലുമില്ല. അവർക്കൊന്നും പക്ഷെ വിശപ്പുണ്ടാകില്ല. തനിക്കാണെങ്കിൽ വയറു കത്തിക്കാളുന്നു.

കുട്ടി അങ്ങനെ നോക്കി നിന്നപ്പോൾ മുൻവശത്തിരിക്കുന്ന പീറ്റർ എന്തിനോ തിരിഞ്ഞു നോക്കി. കുട്ടി അവനെ നോക്കി പുഞ്ചിരിച്ചു. പീറ്ററും ചിരിച്ചു.

പീറ്ററിന്റെ മുഖത്തു നിന്നും അനുവാദം കിട്ടിയതു പോലെ കുട്ടി പെട്ടെന്ന് അകത്തേക്ക് ഓടിച്ചെന്നു. 'കാഴ്ച'സാധനങ്ങൾ ഇരിക്കുന്നിടത്തേക്കു കുനിഞ്ഞപ്പോഴേക്കും പിന്നിൽ നിന്നും



**പീറ്ററിന്റെ മുഖത്തു നിന്നും അനുവാദം കിട്ടിയതു പോലെ കുട്ടി പെട്ടെന്ന് അകത്തേക്ക് ഓടിച്ചെന്നു. 'കാഴ്ച'സാധനങ്ങൾ ഇരിക്കുന്നിടത്തേക്കു കുനിഞ്ഞപ്പോഴേക്കും പിന്നിൽ നിന്നും പിടി വീണു. ഒരു പട്ടിക്കുട്ടിയെ പൊക്കിക്കൊണ്ടു പോകുന്നതു പോലെ റാഫേൽ അവനെ പൊക്കി വലിച്ചിഴച്ചു.**

പിടിവീണു.

ഒരു പട്ടിക്കുട്ടിയെ പൊക്കിക്കൊണ്ടു പോകുന്നതു പോലെ റാഫേൽ അവനെ പൊക്കി വലിച്ചിഴച്ചു. താഴെയെത്തിയപ്പോഴേക്കും ഒപ്പം കൂടിയ മറ്റു രണ്ടുമൂന്നു പേർ കുട്ടിയുടെ ഇരുകവിളത്തും മുതുകത്തും ഒക്കെ അടിച്ചു.

''കള്ളൻ ..! എനിക്കപ്പോഴേ സംശയം തോന്നിയിരുന്നു.''

''ചെരുപ്പുകളും ബാഗും മാലയുമൊക്കെ മോഷ്ടിക്കുന്ന സംഘത്തിലെയാവും. ആദ്യം ഇവനെ നോക്കാൻ വിട്ടതാവും.''

കുട്ടി കരയാൻ തുടങ്ങി.

''എവിടെയാടാ ബാക്കിയുള്ളവർ?''

അപ്പോഴേക്കും മറ്റു ചിലരും ഇറങ്ങിവന്നു. വന്നവരൊക്കെ എല്ലും തോലുമായ കുട്ടിയെ അടിച്ചുകൊണ്ടിരുന്നു.

പെട്ടെന്നു പീറ്റർ ഓടി പുറത്തുവന്നു.

''അയ്യോ ഇങ്ങനെ തല്ലല്ലെ അവനെ. പാവം!''

''നിനക്കറിയോ ഇവനെ...?''

''ആ..അറിയും. ജോലിക്കാരീടെ മോനാ...''

''ഏതു ജോലിക്കാരീടെ മോനാടാ? നീ നുണപറയാനും പഠിച്ചോ?''

അപ്പോഴേക്കും അങ്ങോട്ടെത്തിയ പീറ്ററുടെ അമ്മ അവന്റെ

ചെവിക്കു പിടിച്ചു തിരുമ്മി.

"പോലീസിൽ ഏൽപ്പിക്കണം. വലിയൊരു സംഘം ഉണ്ടാവും ഇവനു പിന്നിൽ. വിട്ടേക്കു മാഷെ. ഈ പോലീസുകാരുടെ അന്വേഷണവും കേസും ഒക്കെ... ആരുണ്ട് പുറകെ നടക്കാൻ?'' ചിലർ ഇടപെട്ടു.

പേടിച്ചുവിറച്ച കുട്ടിയെ ഒരു തള്ളോടു കൂടി പിടിവിട്ട റാഫേൽ കൈ മണത്തു നോക്കി മുഖം ചുളിച്ചു.

''ഇതുങ്ങളെ തൊട്ടാൽ കുളിക്കണം.''

കരഞ്ഞ് കണ്ണു തുടച്ചു നടന്നു പോയ കുട്ടി പീറ്ററെ തിരിഞ്ഞു നോക്കി. പെട്ടെന്നു പീറ്റർ അവന്റെ പിന്നാലെ ഓടിയെത്തി. അവന്റെ കൈ പിടിച്ച് നേർച്ച യിടാൻ കൊണ്ടുവന്ന ഇരുപ തിന്റെ നോട്ട് അവന്റെ കയ്യിൽ വച്ചുകൊടുത്തു.

''എന്തെങ്കിലും വാങ്ങി കഴിച്ചോ...ട്ടൊ. നാളെ നീ ആ ബസ് സ്റ്റോപ്പിൽ വന്നാൽ ഞാൻ നിനക്കു പഴവും കേക്കും ഒക്കെ കൊണ്ടുവന്നു തരാം.'' പീറ്റർ അവന്റെ തോളിൽ കയ്യിട്ടു കുറച്ചുദൂരം നടന്നു.

കരച്ചിലിനിടയിലും പുഞ്ചി രിച്ച അവന് ഒരു പ്രത്യേക ഭംഗി യുണ്ടായിരുന്നുവെന്നു പീറ്ററിനു തോന്നി.

പീറ്റർ തിരിച്ച് ഓടിവന്ന പ്പോൾ... ജനം ഒരു കള്ളനെ പിടി കൂടാൻ കഴിഞ്ഞ വീരവാദം മുഴക്കിക്കൊണ്ടു നിന്നിരുന്നു.

തനിക്കാണ്...എനിക്കാണ്.. ആദ്യം സംശയം തോന്നിയത് എന്ന അവകാശവാദം! പീറ്റർ അകത്തു കടന്ന് യഥാസ്ഥാനത്ത് ഇരുന്നു.

രൂപക്കൂട്ടിനകത്തിരിക്കുന്ന ഉണ്ണിയേശുവിന് ആ കുട്ടിയുടെ ഛായ ഉണ്ടോ! പീറ്റർ ഒന്നു ഞെട്ടി. അച്ചൻ അപ്പോഴും പ്രസംഗിച്ചുകൊണ്ടിരുന്നു.

'നീ എന്നോടു കൂടെ ഒരു മൈൽ പോരുവാൻ ആവശ്യപ്പെട്ടാൽ ഒരു മൈൽ കൂടി അധികം അവ നോടൊപ്പം നടക്കണം...'

കവിത



വര: സചീന്ദ്രൻ കാറഡുക്ക

# അച്ഛനും മകനും

**മടവൂർ സുരേന്ദ്രൻ**

അച്ഛാ! കണ്ടോ സൂര്യൻ മുകളിൽ
ഉച്ചിയിൽ നിന്നു തിളയ്ക്കുന്നു
ചൂടോ നന്നായേറുന്നൂ
എന്താണിതിനൊരു പരിഹാരം?
വിശറിയെടുത്തിനി വീശട്ടോ
വെള്ളം കോരിയൊഴിക്കട്ടോ?
കാറ്റിനെ വിട്ടു തലോടട്ടോ?

മകനേ! കേൾക്കൂ! മാനത്തായ്
എരിഞ്ഞുനിൽക്കാൻ കഴിയുന്നോൻ
ശക്തിക്കുടയോൻ സവിതാവ്
നിത്യം നമ്മെ കാക്കുന്നൂ
ചുട്ടു പഴുത്തൊരു തീഗോളം
പ്രപഞ്ചശക്തിക്കാധാരം
അറിയുക അറിയുകയീയൂർജം
പുല്ലിൻ തുമ്പിലുമുണ്ടല്ലോ...

# കുട്ടികളുടെ ദേശീയ സഹവാസ ക്യാമ്പ്

**ജി രാധാകൃഷ്ണൻ**



കുട്ടികളുടെ ദേശീയ സഹവാസ ക്യാമ്പിന്റെ ഉദ്ഘാടനം ബഹു. കേരള ഗവർണ്ണർ ജസ്റ്റിസ് ശ്രീ പി സദാശിവം നിർവഹിക്കുന്നു.

ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ സംഘടിപ്പിച്ചുവരുന്ന 37-ാമത് അഖിലേന്ത്യാ ലേൺ ടു ലീവ് ടുഗതർ ക്യാമ്പ് ഈ വർഷം കേരളത്തിലാണ് നടന്നത്. കേരള സംസ്ഥാന ശിശുക്ഷേമ സമിതിക്കായിരുന്നു ക്യാമ്പിന്റെ നടത്തിപ്പു ചുമതല.

തിരുവനന്തപുരം നഗരത്തിൽ വിശാലമായ കനകക്കുന്ന് കൊട്ടാരത്തിലും കൊട്ടാരവളപ്പിലുമായി 2019 മേയ് 28 മുതൽ ജൂൺ 3 വരെയാണ് ക്യാമ്പ് നടന്നത്. ഏഴു ദിവസം നീണ്ടുനിന്ന ക്യാമ്പിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി 200 ഓളം കുട്ടികളും 70 ഓളം മുതിർന്നവരും പങ്കെടുത്തു.

ഏഴു ദിവസക്കാലം കനകക്കുന്ന് കൊട്ടാരവളപ്പ് വിവിധ സംസ്കാരങ്ങളുടെ, വിവിധ ഭാഷകളുടെ, വിവിധ വേഷവിധാനത്തിന്റെ, വിവിധ ഭക്ഷണരീതികളുടെ സംഗമഭൂമിയായി മാറി.

ആദ്യദിവസം കഴിഞ്ഞപ്പോൾ തന്നെ ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ കൂട്ടുകാരായി മാറാൻ ഇതൊന്നും തന്നെ തടസ്സമായില്ല. പ്രത്യേകിച്ച് ഭാഷ. അവർ തമ്മിലുള്ള സൗഹൃദം ഊട്ടി ഉറപ്പിക്കുന്നതിന് അവരുടെ ആശയ കൈമാറ്റത്തിന് ഒരു പ്രത്യേകഭാഷ തന്നെ രൂപപ്പെട്ടു. വായ്മൊഴിയിലൂടെ (ഇംഗ്ലീഷും ഹിന്ദിയും മലയാളവും തമിഴും തെലുങ്കും ഒക്കെ ഇടകലർന്ന്), ആംഗ്യങ്ങളിലൂടെ ഒക്കെ രൂപപ്പെട്ടു വന്നതായിരുന്നു ആ സംവാദന രീതി.

ഇന്ത്യയുടെ ദേശീയതയും ഐക്യവും അഖണ്ഡതയും നാനാത്വത്തിൽ ഏകത്വവും മാനവരെല്ലാം ഒന്നാണെന്നുള്ള ചിന്തയും സാഹോദര്യസ്നേഹവും ഊട്ടിയുറപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു ക്യാമ്പിൽ കൈകാര്യം ചെയ്ത വിഷയങ്ങൾ.

ചിത്രരചന, ക്രാഫ്റ്റ്, കളികൾ, സയൻസ്, ഇലക്ട്രോണിക്സ്, ലൈഫ് സ്കിൽ എന്നീ വിഷയങ്ങൾ എല്ലാ കുട്ടികൾക്കും ലഭ്യമാകത്തക്ക രീതിയിലാണ് ക്ലാസ്സുകളുടെ രൂപപ്പെടുത്തൽ. കുട്ടികളും അധ്യാപകരും എന്ന രീതി വിട്ട് സുഹൃത്തുക്കൾ എന്ന നിലയിൽ സംവാദ രീതിയിലുള്ള ക്ലാസ്സുകളിൽ കുട്ടികളും അധ്യാപകരും ഒരേ സമയം പഠിപ്പിക്കുന്നവരും പഠിതാക്കളുമായി മാറി. ഇത് വളരെ ഹൃദ്യവുമായിരുന്നു.

കന്യാകുമാരി, പത്മനാഭപുരം കൊട്ടാരം, തെന്മല ഇക്കോടൂറിസ കേന്ദ്രം, കഴക്കൂട്ടം മാജിക് പ്ലാനറ്റോറിയം, വേളി ടൂറിസ്റ്റ് വില്ലേജ്, ശംഖുംമുഖം ബീച്ച്, ശാസ്ത്രസാങ്കേതിക മ്യൂസിയം, തിരുവനന്തപുരം മ്യൂസിയം & കാഴ്ചബംഗ്ലാവ് തുടങ്ങി വിവിധ കേന്ദ്രങ്ങൾ കുട്ടികൾ സന്ദർശിച്ചു. അവിടങ്ങളിലെ കാഴ്ചകളും അവിടെയുള്ള ജനങ്ങളുമായുള്ള ഇടപെടലുകളും കുട്ടികൾക്ക് പുതിയ ഒരു അനുഭവമായി മാറി. തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലാ സബ്കളക്ടർ, തെന്മല ഇക്കോടൂറിസം ഡയറക്ടർ, മാജിക് പ്ലാനറ്റോറിയത്തിൽ പ്രശസ്ത മജീഷ്യൻ ഗോപിനാഥ് മുതുകാട് എന്നിവരുമായുള്ള സംവാദം കുട്ടികൾക്ക് പുതിയ അറിവുകളും അനുഭവങ്ങളും നൽകി. പത്മനാഭപുരം കൊട്ടാര സന്ദർശനം രാജപ്രൗഢിയുടെ ഗതകാലസ്മരണകളിലേക്ക് കുട്ടികളെ കൂട്ടിക്കൊണ്ടുപോയി. മാജിക് പ്ലാനറ്റോറിയത്തിലെ ഇന്ദ്രജാല പ്രകടനങ്ങളിൽ കുട്ടികൾ വിസ്മയഭരിതരായി. തെന്മലയിലെ ചിത്രശലഭ പാർക്കും മാൻപാർക്കും കുട്ടികൾക്ക് കൗതുകവും ട്രക്കിങ് ഏര്യായിലെ സന്ദർശനം കുട്ടികൾക്ക് മറക്കാനാകാത്ത ഒരനുഭവവുമായി തീർന്നു.

ഇത്തരം ക്യാമ്പുകൾ പുതിയ തലമുറയിലെ കുട്ടികളിൽ ഐക്യബോധവും അഖണ്ഡതയും മതനിരപേക്ഷതയും വളർത്തുന്നതിന് ഏറെ സഹായകരമാവും എന്നതിന് യാതൊരു സംശയവുമില്ല.

## തളിരിടട്ടെ സ്വപ്നങ്ങൾ

# ‘തളിര് – വിജയോത്സവം’ - ഒരു റിപ്പോർട്ട്



സിവിൽ സർവിസ് പരീക്ഷാജേതാവ് മുഹമ്മദ് സജ്ജാദിനെ അനുമോദിക്കുന്നു.



മലപ്പുറം ജില്ലയിലെ മലയോര ഗ്രാമമായ കരുവാരകുണ്ടിന് അത്ര പരിചിതമല്ലാത്ത ചില വിജയങ്ങളെ പരിചയപ്പെടുത്താനാണ് വിജയോത്സവം എന്ന പേരിൽ ഒരു അനുമോദന ചടങ്ങ് മേയ് 3 ന് കരുവാരകുണ്ട് ഗവ. എൽ പി സ്കൂളിൽ ലഞ്ച്ബോക്സ് സംഘം ഒരുക്കിയത്. 1000 തളിര് വാർഷികവരിക്കാരെ 30 ദിവസത്തിനുള്ളിൽ സംഘടിപ്പിക്കുക, ഗ്രാമത്തിലെ ആദ്യ സിവിൽസർവീസ് പരീക്ഷാവിജയം, നൂറിൽപ്പരം വിദ്യാർഥികളുടെ എൽ എസ് എസ്, യു എസ് എസ് പരീക്ഷകളിലെ വിജയം എന്നിവയാണ് വിജയോത്സവത്തിലൂടെ ആഘോഷിക്കപ്പെട്ടത്.

സാമൂഹ്യ മാധ്യമങ്ങളുടെ വരവോടെ സാധാരണമായി മുളച്ചുപൊങ്ങിയ അനേകം പൂർവവിദ്യാർഥികൂട്ടായ്മകളിൽ ഒന്നാണ് ജി എച്ച് എസ് എസ് കരുവാരകുണ്ടിലെ ‘ലഞ്ച് ബോക്സ്’. പക്ഷെ വിജയോത്സവം പരിപാടിയുടെ ഉദ്ഘാടനവും മുഖ്യപ്രഭാഷണവും നിർവഹിച്ച സിവിൽ സർവിസ് പരീക്ഷാജേതാവ് മുഹമ്മദ് സജ്ജാദ് വിശേഷിപ്പിച്ച പോലെ ഈ കൂട്ടായ്മയുടെ പ്രസക്തി വ്യത്യസ്ത കാര്യങ്ങൾ ചെയ്യുന്നതിലല്ല മറിച്ച് കാര്യങ്ങളെ വ്യത്യസ്തമായി ചെയ്യുന്നതിലാണ്. സ്കൂളിൽ ഔഷധതോട്ടം നിർമിക്കുക, മാലിന്യങ്ങൾ കൂട്ടിയിട്ടിരുന്ന ഉപേക്ഷിച്ച ടോൾ ബൂത്തിനെ അക്ഷരവെളിച്ചം തെളിക്കുന്ന വായനാമുറിയാക്കി മാറ്റുക, പ്രളയകാലത്തെ മെഡിക്കൽ ക്യാമ്പ്, പുനരുദ്ധാരണ പ്രവർത്തനങ്ങൾ, നാടൻ ഭക്ഷ്യവിഭവങ്ങളൊരുക്കിയ ‘കനി – നാടിന്റെ സ്വന്തം’, ഒടുവിൽ കൂടെ പഠിച്ചവർക്ക് താങ്ങായി മാറുന്ന സംരംഭക പ്രവർത്തനങ്ങൾ തുടങ്ങിയ ഉദ്യമങ്ങളിലൂടെയാണ് നാട്ടുകാർ ‘ലഞ്ച് ബോക്സി’ നെ തിരിച്ചറിഞ്ഞത്.

സംരംഭകചിന്തകളിൽ നിന്ന് ഉടലെടുത്ത തളിര് ടീമിന് നേതൃത്വം നൽകുന്നത് ഡിഗ്രി പഠനകാലത്ത് കാഴ്ച നഷ്ടപ്പെട്ട നുസൈബയായത് അതിന്റെ പ്രവർത്തനങ്ങളോരോന്നും പ്രത്യേകമായി സാമൂഹിക ശ്രദ്ധയാകർഷിക്കുന്നതിനു കൂടി കാരണമാവുന്നു. കാരുണ്യപ്രവർത്തനങ്ങളും തൊഴിലവസരങ്ങളുടെ സൃഷ്ടിക്കലും വിദ്യാഭ്യാസ വികസനമാതൃകകളും തളിര് ടീമിന്റെ വിവിധ പരിപാടികളുടെ ഭാഗമായി നിർവഹിക്കപ്പെടുന്നു. ഇതിന്റെ തുടക്കമാണ് തളിര് – വിജയോത്സവം പോലുള്ള പരിപാടി. 1000 വരിക്കാരുടെ മേൽവിലാസം നൽകാനായി സുഗതകുമാരി ടീച്ചറുടെ വീട്ടിൽ ചെന്നപ്പോൾ ടീച്ചർ സ്വന്തം മുറിയിലേക്ക് വിളിച്ച് അര മണിക്കൂർ സമയം വിശേഷങ്ങൾ പങ്കുവെച്ച സന്ദർഭം ഞങ്ങൾക്ക് കിട്ടാവുന്നതിൽ വെച്ച് ഏറ്റവും വലിയ പ്രതിഫലമാണ്.

കുട്ടികളുടെ ചോദ്യങ്ങൾക്ക് ലളിതമായ ഉത്തരങ്ങൾ നൽകി മുഹമ്മദ് സജ്ജാദ് കുട്ടികളുടെ ഇടയിലേക്കിറങ്ങി. സ്കോളർഷിപ്പ് നേടിയവർക്ക് ഒരു വർഷത്തേക്കുള്ള തളിര് സൗജന്യമാക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയുമുണ്ടായി. രസകരമായ ഇന്ദ്രജാല പ്രകടനവുമായി കരുവാരകുണ്ടിലെ കലാകാരൻ ഗിരീഷ് കുട്ടികളുടെ മനം കവർന്നു. വിജയമന്ത്രങ്ങൾ ചൊല്ലിക്കൊടുത്ത് സൈനുദ്ദീനും ഗാനങ്ങൾ ആലപിച്ച് ഇസ്മായിലും സതീഷും വിദ്യാർഥയായ അനഘയും സദസ്സിനെ കൈയിലെടുത്തു. നിരവധി സ്കൂൾ വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# ഒരു താരാട്ട്

വട്ടപ്പാറ ശശി

ഉണ്ണീയുറ,ങ്ങുറങ്ങുണ്ണീ ഉറങ്ങുറങ്ങു-
ണ്ണി മിഴികൾ അടച്ചുറങ്ങൂ!
അമ്മിഞ്ഞപ്പാൽ നുണഞ്ഞല്ലെ യുറങ്ങു-
ന്നതമ്മയെ ഓർത്തു കൊണ്ടൊന്നുറങ്ങൂ!
കൊച്ചു കളിപ്പാട്ടം വാങ്ങിത്തന്നുണ്ണിയെ
അച്ഛൻ കളിപ്പിച്ചതോർത്തുറങ്ങൂ!
ചേച്ചി തോളിൽക്കേറ്റി ആന കളിപ്പിച്ച-
തോർത്തു കൊണ്ടെങ്കിലും നീയുറങ്ങൂ!
പൂച്ചക്കുരുന്നിനെക്കണ്ടു കൈകൊട്ടി-
ച്ചിരിക്കുന്നതോർത്തു കൊണ്ടൊന്നുറങ്ങൂ!
കാക്ക പറന്നു മുന്നിൽ വന്നിരുന്നിട്ടു
'കാകാ' പാടിത്തന്നതോർത്തുറങ്ങൂ!
മുറ്റത്തു ചെമ്പരത്തിച്ചെടി പൂവിട്ടു
നിൽക്കുന്ന കാഴ്ചയോർത്തൊന്നുറങ്ങൂ!
കാറ്റത്തിളം ചില്ല ആട്ടിക്കളിക്കുന്ന
നാട്ടുമാവിൻ ഭംഗിയോർത്തുറങ്ങൂ!
പൂവിനു ചുറ്റും പറക്കും ശലഭങ്ങൾ
മൂളുന്ന പാട്ടുകളോർത്തുറങ്ങൂ!
അമ്മപ്പശുവിനു ചുറ്റുമോടിത്തിമിർ-
ക്കുന്ന കിടാവിനെ ഓർത്തുറങ്ങൂ!
ഉണ്ണീ, യുറങ്ങുറങ്ങുണ്ണിക്ക് കാവലായ്
കണ്ണനാമുണ്ണിയുണ്ടോർത്തുറങ്ങൂ.

വര: സന്തോഷ് വെളിയന്നൂർ



# ആനപിടുത്തക്കാരനാകാനാശ

പി കെ സുധി

കുഞ്ഞുണ്ണിയും കേശവ്ചന്ദും ഒരേ ഫ്ളാറ്റിലെ ഒരു അപ്പാർട്ടുമെന്റിലെ താമസക്കാരാണ്.

കുഞ്ഞുണ്ണി ഒരു പൂച്ചയും കേശവ്ചന്ദ് അവന്റെ ഉടമസ്ഥനായ സിക്സ്ത്ത് സ്റ്റാൻഡേർഡുകാരനുമാണ്.

കുഞ്ഞുണ്ണി ഒരു സാധാരണ പൂച്ചയല്ല. അവന് പെഡിഗ്രിയും ഐ ഡി യുമുണ്ട് (അതുകൊണ്ടൊരു ഗുണമുണ്ടായി), തിന്നാൻ സ്പെഷ്യൽ ബിസ്ക്കറ്റ്, നഖത്തിന്റെ കിരുകിരുപ്പ് മാന്തിത്തീർക്കാൻ തേക്കുതടിക്കട്ട, കളിക്കാൻ പന്ത്, ചാഞ്ഞുചെരിഞ്ഞുള്ള പൂച്ചക്കിടത്തത്തിന് കുഷൻമെത്ത. ചന്ദുമായി കളിച്ചുമടുക്കുമ്പോൾ കുഞ്ഞുണ്ണിക്ക് ഒറ്റയ്ക്കിരിക്കണം. അവന് ഒളിച്ചിരിക്കാൻ പ്ലാസ്റ്റിക് വീട്, കാഷ്ടിക്കാൻ (അങ്ങനെ പറയാമോ?) കമ്മോടുമാതിരിയുള്ള ഡപ്പിക്കക്കൂസ്. അങ്ങനെ നഗരത്തിലെ ഫ്ളാറ്റിൽ മണ്ണിലെ പൂച്ചകൾക്ക് സ്വപ്നം കാണാനാകാത്ത സൗകര്യങ്ങളെല്ലാം ആസ്വദിച്ചനുഭവിക്കുന്ന ഒരു മാർജ്ജാരനായിരുന്നു കുഞ്ഞുണ്ണി.

തീർന്നില്ല. നുണഞ്ഞു നുണഞ്ഞു രുചിക്കാൻ ഇളം ചിക്കൻ. പൽത്തരിപ്പു മാറുന്നതു വരെ കടിച്ചുടയ്ക്കാൻ കോഴിയെല്ലുകൾ വേറെ.

'ജനിക്കണേൽ കേശവ്ചന്ദിന്റ കുറുഞ്ഞിയായി പിറക്കണം.' നിത്യവും ഇന്റർവെല്ലിൽ കുഞ്ഞുണ്ണിയുടെ വീരചരിതം കേശവ് അവതരിപ്പിക്കും. അതു കേൾക്കുന്ന കേശവിന്റെ കൂട്ടുകാർ പറയാറുണ്ട്.

കേശവ് അവനെ ഗെയിം കാണിച്ചു. ടോം ആന്റ് ജെറി കണ്ടാർത്തു വിളിക്കുന്നത് അവരൊരുമിച്ചാണ്. തറപ്പൂച്ചകൾ എലികളെ പിടിക്കുന്നവരാണ്. അക്കാര്യം കുഞ്ഞുണ്ണിയൊരിക്കലും അറിയരുത്. യൂട്യൂബ് കാണുമ്പോൾ കേശവ്ചന്ദ് മുൻകരുതലെടുത്തു. അതിനു പിന്നെ ഫ്ളാറ്റിലെവിടെയാണ് എലി?

എലിയില്ലാത്ത അപ്പാർട്ടുമെന്റിൽ പൂച്ച തന്നെ വേണ്ടാന്ന് മമ്മിയും ഡാഡിയും. പൂച്ചകൾ പകർത്തുന്ന ടോസ്മോ പ്ലാസ്മോസിസ് രോഗത്തിനെ കുറിച്ച് അവർ ഉത്ക്കണ്ഠപ്പെട്ടു.

ചാവാൻ വേണ്ടിമാത്രം താഴെനിന്നും മുറിക്കുള്ളിൽ ഒരു മഴയുള്ള ദിവസം പറന്നുകയറിയ പാറ്റയെ കുഞ്ഞുണ്ണി ചാടിപ്പിടിച്ചു.

കുഞ്ഞുണ്ണിയുടെ ആദ്യവേട്ട. കേശവിന് സന്തോഷമായി.



വര: ടി ആർ രാജേഷ്

സംഭവം ആഘോഷിക്കുക തന്നെ വേണം. അടുത്ത ഫ്ളാറ്റുകളിൽ കേശവ്ചന്ദ് ലഡുവിതരണം നടത്തി.

മുമ്പൊരിക്കൽ അപ്പാർട്ടുമെന്റിൽ നിന്നും പുറത്തിറങ്ങിയ കുഞ്ഞുണ്ണിക്ക് വഴി പിണഞ്ഞു. അന്നു കാണാതെ പോയ കുഞ്ഞുണ്ണിയെ ഐ ഡി നോക്കി തിരികെയെത്തിച്ച അങ്കിളിന് അവൻ രണ്ടു ലഡു കൊടുത്തു.

ആ അങ്കിൾ ഷുഗറുകാരനാണെങ്കിലും താൻ പറയുന്ന പൂച്ചക്കാര്യങ്ങളെല്ലാം ശ്രദ്ധിച്ചു കേൾക്കുന്ന ആളല്ലേ!

പറന്നുകളിക്കുന്ന ഗോളി തന്നെ. ഇവൻ പൂച്ചകളുടെ ലോകകപ്പിൽ കളിക്കും. പൂച്ച ഗോളി. അവന്റെ പാറ്റാപിടുത്തം ഷൂട്ട് ചെയ്യണമായിരുന്നു.

അങ്കിളേ, എന്തൊരു പെർഫോർമൻസായിരുന്നു. അതു കഴിഞ്ഞ് കുഞ്ഞുണ്ണി കരുപിരാന്ന് ആ പാറ്റേനെ തിന്നു. അങ്കിളേ, ബേ... അതെനിക്കു പിടിച്ചില്ല.

മുതിരുന്തോറും കുഞ്ഞുണ്ണിക്കുണ്ടായ ഒരുത്സാഹക്കുറവ് കേശവിന്റെ ശ്രദ്ധയിൽ പെട്ടു.

അതവൻ എലി പിടിക്കാഞ്ഞിട്ടാണ്. കൂട്ടുകാർ ഓതിക്കൊടുത്തത് കേട്ട് ആരോടോ കേണുപിടിച്ച് കേശവ്ചന്ദ് ഒരു എലിയെ സംഘടിപ്പിച്ചു. അതിനെ കൂടയിലാക്കി ആരോരുമറിയാതെ ഫ്ളാറ്റിൽ കൊണ്ടുവന്നു.

**മുതിരുന്തോറും കുഞ്ഞുണ്ണിക്കുണ്ടായ ഒരുത്സാഹക്കുറവ് കേശവിന്റെ ശ്രദ്ധയിൽ പെട്ടു. അതവൻ എലി പിടിക്കാഞ്ഞിട്ടാണ്. കൂട്ടുകാർ ഓതിക്കൊടുത്തത് കേട്ട് ആരോടോ കേണുപിടിച്ച് കേശവ്ചന്ദ് ഒരു എലിയെ സംഘടിപ്പിച്ചു. അതിനെ കൂടയിലാക്കി ആരോരുമറിയാതെ ഫ്ളാറ്റിൽ കൊണ്ടുവന്നു.**

മുജ്ജന്മപരിചയം. എലിക്കുട്ടന്റെ കഴുത്തിനു തന്നെ കുഞ്ഞുണ്ണി കമ്മിപ്പിടിച്ചു. പല്ലിൽ കോർത്ത എലിയുമായി അവൻ കേശവിന്റെ മുഖത്തു നോക്കി മുരണ്ടു. അത് കേശവിനെ നൊമ്പരപ്പെടുത്തി. വെറുപ്പിച്ചു എന്നു പറയുന്നതിൽ തെറ്റില്ല. (ഒരു മനുഷ്യനും വേണ്ട. നിന്റൊരെലി. കേശവിന് അങ്ങനെ തോന്നിയെന്നതു സത്യം.)

'മിടുക്കൻ കുഞ്ഞുണ്ണി. എലിപിടുത്തക്കാരൻ. നീയാദ്യം പാറ്റേനെ പിടിച്ചു. പിന്നെ എലീനെ. നിനക്കെന്തു സമ്മാനം വേണമെടാ? കുഞ്ഞുണ്ണ്യേ, നിനക്ക് എന്ത് ആശയുണ്ടെങ്കിലും ഞാൻ നിറവേറ്റിത്തരും.'

അടുത്ത ദിവസം എലിമുശിടൊക്കെ മുഴുവനും മാറിയപ്പോൾ കുഞ്ഞുണ്ണിയെ അടുത്തിരുത്തി കേശവ്ചന്ദ് ഗൗരവത്തിൽ ചോദിച്ചു.

'എനിക്ക് ഇനിയൊരു ആനേനെ പിടിക്കണം.'

കുഞ്ഞുണ്ണി പറഞ്ഞതു കേട്ട് കേശവ്ചന്ദ് വായ പൊളിച്ചു പോയി. പൂച്ചയുടെ ആനേനെ പിടിക്കാനുള്ള ആശ!







# അനാരോഗ്യം മാറി; വിജയ് സൂപ്പർ താരമായി

സനിൽ പി തോമസ്

രാമനാഥൻ കൃഷ്ണനു ശേഷം ഇന്ത്യ കണ്ട ഏറ്റവും മികച്ച ടെന്നിസ് കളിക്കാരനായാണ് വിജയ് അമൃത് രാജ് അറിയപ്പെടുന്നത്. അനാരോഗ്യവും ദുർബലമായ ശരീരവും അലട്ടിയിരുന്ന ബാല്യത്തിൽ നിന്നാണ് ലോകം അറിയപ്പെടുന്ന കായികതാരമായി വിജയ് വളർന്നത്. ആ കഥ ഒട്ടേറെ കൂട്ടുകാർക്ക് ഊർജം നൽകാതിരിക്കില്ല.


ഇന്ത്യയുടെ ആദ്യത്തെ പൂർണ പ്രൊഫഷണൽ സ്പോർട്സ് താരം – ചെന്നെയിൽ ജനിച്ച്, ഇപ്പോൾ യു എസിലെ കാലിഫോർണിയയിൽ താമസിക്കുന്ന വിജയ് അമൃത്‌രാജ് എന്ന ടെന്നിസ് താരത്തെക്കുറിച്ച് ചുരുക്കത്തിൽ അങ്ങനെ പറയാം. രാമനാഥൻ കൃഷ്ണനുശേഷം ഇന്ത്യ കണ്ട ഏറ്റവും മികച്ച ടെന്നിസ് കളിക്കാരനായാണ് വിജയ് അറിയപ്പെടുന്നത്. ലോക ടെന്നിസിലെ എ ബി സി ആയിട്ടാണ് 1970 കളിൽ അമൃത്‌രാജ് – ബോർഗ് – കൊണേഴ്സ് ത്രയങ്ങൾ ശ്രദ്ധിക്കപ്പെട്ടത്.

ലോക റാങ്കിങ്ങിൽ 16 വരെയേ എത്താൻ കഴിഞ്ഞിട്ടുള്ളൂ. വിമ്പിൾഡനിൽ രണ്ടുതവണയും യു എസ് ഓപ്പണിൽ ഒരിക്കലും ക്വാർട്ടറിൽ കടന്ന വിജയ് രണ്ടുതവണ ഇന്ത്യയെ ഡേവിസ് കപ്പിന്റെ ഫൈനലിൽ എത്തിച്ചു. പ്രൊഫഷണൽ ടെന്നിസിൽ ഒട്ടേറെ കിരീടജയങ്ങൾ നേടി. ലോകത്തിലെ ഒട്ടുമിക്ക ഇതിഹാസതാരങ്ങളെയും ഒരിക്കലെങ്കിലും വിജയ് അമൃത്‌രാജ് തോൽപ്പിച്ചിട്ടുണ്ട്.

ആസ്ത്മയും മറ്റു ശ്വാസകോശ രോഗങ്ങളും തുടരെ അലട്ടിക്കൊണ്ടിരുന്ന ബാല്യമായിരുന്നു വിജയിന്റേത്. തീർത്തും മെലിഞ്ഞ ശരീരപ്രകൃതി... ആരോഗ്യപ്രശ്നങ്ങൾ ഏറെയുണ്ടായിരുന്നു. ഈ ബാലൻ എങ്ങനെ കളിക്കളത്തിൽ ഇറങ്ങി എന്ന് പലരും തുടക്കത്തിൽ ചോദിച്ചിരുന്നു. രണ്ടുകൈയും കൂട്ടിപ്പിടിച്ചാൽ പോലും ടെന്നിസ് റാക്കറ്റ് ഉപയോഗിക്കാൻ പോന്ന പേശീബലം വിജയിന് ഇല്ലായിരുന്നു. ഇത്തരമൊരു ബാല്യത്തിൽ വിജയിനെ ടെന്നീസ് കോർട്ടറിൽ ഇറക്കി വിജയിപ്പിച്ചതിന്റെ മുഴുവൻ ക്രെഡിറ്റും അമ്മ മാഗിക്കാണ്.

മാഗി ധൈര്യമിന്റെയും റോബർട്ട് അമൃത്‌രാജിന്റെയും രണ്ടാമത്തെ മകനായി 1953 ലാണ് വിജയ് ചെന്നെയിൽ ജനിച്ചത്. ജ്യേഷ്ഠൻ ആനന്ദ്, അനുജൻ അശോക്. ഡോൺ ബോസ്കോ സ്കൂളിലായിരുന്നു പഠനം. തുടർന്ന് ലയോള കോളജിൽ നിന്നും ബിരുദമെടുത്തു.

കുട്ടികൾക്കു ടെന്നിസ് പരിശീലിക്കാൻ അമ്മ മാഗി വീട്ടുവളപ്പിൽ ഒരു കോർട്ട് ഒരുക്കി. പക്ഷേ, ജ്യേഷ്ഠനെയും അനുജനെയും പോലെ ദീർഘനേരം പരിശീ



ലനം നടത്താനുള്ള കായികക്ഷമത വിജയ്ക്ക് ഇല്ലായിരുന്നു. ശ്വാസം കിട്ടാതെ വിജയ് വിഷമിച്ചു. അതിന് അമ്മ തന്നെ പരിഹാരം കണ്ടു. വിജയ്ക്കു മാത്രമായി മാഗി പ്രത്യേക പരിശീലനക്രമവും ആഹാരക്രമവും ഒരുക്കി. ക്രമേണ ശ്വാസസംബന്ധമായ അസുഖങ്ങളിൽ നിന്നു മോചിതനായ വിജയ് സഹോദരങ്ങളെ പിൻതള്ളി മികച്ച ടെന്നിസ് താരമായി വളർന്നു.

1970 ൽ പ്രൊഫഷണൽ കളിക്കാരനായ വിജയ് 1973 ൽ 20–ാം വയസ്സിൽ ലോകം ശ്രദ്ധിച്ച ടെന്നിസ് താരമായി വളർന്നു. എന്നാൽ ദൈർഘ്യമേറിയ മത്സരങ്ങളിൽ വിജയ് ചിലപ്പോഴൊക്കെ വിജയം കൈവിട്ടപ്പോൾ ബാല്യകാലത്തെ ആരോഗ്യപ്രശ്നങ്ങൾ വീണ്ടും തലപൊക്കിയോ എന്ന് പലരും സംശയിച്ചു. പക്ഷേ, അമ്മ പകർന്നുനൽകിയ മനോബലം വിജയിനെ ചിലപ്പോഴൊക്കെ വലിയൊരു പോരാളിയാക്കി.

ഒരു സംഭവകഥ ഇതാ. 1987 ലാണു സംഭവം. ഡൽഹിയിൽ ഡേവിസ് കപ്പ് സെമിയിൽ ഇന്ത്യയും അർജന്റീനയും രണ്ടു റബർ വീതം നേടി (രണ്ടുമത്സരം വീതം ജയിച്ചു) നിൽക്കുന്നു. അഞ്ചാമത്തെ മത്സരത്തിൽ വിജയ് അമൃത്‌രാജ് അർജന്റീനയുടെ യുവതാരം മാർട്ടിൻ ജയ്റ്റനോട് രണ്ടു സെറ്റിൽ തോൽവി വാങ്ങി നിൽക്കുന്നു. മൂന്നാം സെറ്റിൽ ആദ്യ മൂന്നു ഗെയിമും നഷ്ടപ്പെടുത്തിയ വിജയ് നാലാം ഗെയിമിൽ 0–40 നു പിന്നിൽ. കൊടുംചൂടിൽ വിജയ് തളർന്നുകഴിഞ്ഞിരുന്നു. മത്സരം ഉപേക്ഷിക്കുവാൻ അമൃത്‌രാജിനോട് പലരും ഉപദേശിച്ചു.

എന്നാൽ താൻ തളർന്നുവീണാൽ ഉടൻ ആശുപത്രിയിൽ എത്തിക്കുവാൻ ആംബുലൻസ് ഒരുക്കുവാൻ പറഞ്ഞിട്ട് വിജയ് കളി തുടരുവാൻ തീരുമാനിച്ചു. പിന്നെ കണ്ടത് വിജയ്‌യിലെ യഥാർഥ പോരാളിയെയാണ്. മൂന്നാം സെറ്റിൽ തിരിച്ചുവന്ന വിജയ് അടുത്ത രണ്ടു സെറ്റും ജയിച്ച് ഇന്ത്യയെ ചരിത്രത്തിൽ രണ്ടാംതവണ ഡേവിസ് കപ്പിന്റെ ഫൈനലിൽ എത്തിച്ചു. ഏഴു മണിക്കൂർ ആണ് വിജയ് പൊരുതിയത്.



ഹോളിവുഡ് ചിത്രങ്ങളിൽ അഭിനയിച്ചിട്ടുള്ള വിജയ്, 2006 ൽ യു എൻ സമാധാന അംബാസഡറുമായി. ഇപ്പോൾ മികച്ച ടെന്നിസ് കമന്റേറ്ററും. ശ്രീലങ്കക്കാരി ശ്യാമളയാണ് ഭാര്യ. മക്കൾ പ്രകാശ്, വിക്രം. പ്രകാശ് പ്രൊഫഷണൽ ടെന്നിസ് കളിക്കാരനാണ്.

റാക്കറ്റ് എടുക്കാൻ കരുത്തില്ലാതിരുന്ന വിജയ് അമൃത്‌രാജ് ഒറ്റക്കൈകൊണ്ട് ബാക്ക്ഹാൻഡ് കളിക്കുന്നതുകണ്ട് എല്ലാവരും അമ്പരന്നു. അവരോട് വിജയിന് പറയാനുണ്ടായിരുന്നത് ഒന്നു മാത്രം. 'എല്ലാറ്റിനും കാരണം എന്റെ അമ്മയുടെ പ്രോത്സാഹനവും കരുതലും.'

# മഹാഭാരതം

സുഗതകുമാരി



## സേനാപതി ദ്രോണർ (തുടർച്ച)

ദുര്യോധനൻ ചോദിച്ച വരം ഇതായിരുന്നു. 'ആചാര്യ, ആ യുധിഷ്ഠിരനെ ജീവനോടെ പിടിച്ചുകെട്ടി എനിക്ക് തരിക. അതാണെന്റെ ആഗ്രഹം.' 'എന്തുകൊണ്ട് പിടിച്ചുകെട്ടൽ? എന്തുകൊണ്ട് അവന്റെ വധം നീ ആവശ്യപ്പെടുന്നില്ല? പാണ്ഡവരുമായി സഖ്യം ചെയ്യാനുള്ള മാർഗമായിരിക്കും ഇത്. അല്ലേ? എങ്കിൽ അത് നന്നായി!' എന്ന ദ്രോണവാക്യംകേട്ട് ദുര്യോധനൻ പറഞ്ഞു. 'അല്ല ഗുരോ, യുധിഷ്ഠിരനെ കൊന്നാൽ അർജുനൻ കോപിച്ച് നമ്മെ ചുട്ടുകളയും. അതിനാൽ ജ്യേഷ്ഠനെ പിടിച്ചുകെട്ടി വീണ്ടും നിർബന്ധിച്ചു ചൂതുകളിപ്പിച്ചാൽ അവരെ ഇനിയും കാടുകയറ്റാം. അല്ലാതെ അവരിൽ ഒരുവനെ മാത്രം കൊന്നാൽ ഫലമില്ല. സത്യപ്രതിജ്ഞനായ ധർമപുത്രനെക്കൊണ്ട് ഒരു സത്യം ചെയ്യിക്കുകയാണ് എന്റെ ലക്ഷ്യം.'

ദ്രോണർ പറഞ്ഞു. 'യുധിഷ്ഠിരനെ പിടികൂടാൻ എനിക്ക് സാധിക്കണമെങ്കിൽ അർജുനൻ അവിടെ ഉണ്ടായിരിക്കരുത്. അർജുനന്റെ കൺമുന്നിൽവെച്ച് എനിക്കുപോലും അവനെ ബന്ധനസ്ഥനാക്കാനാവില്ല. അതിനാൽ അവരെ തമ്മിലകറ്റുക. അർജുനനെ ദൂരത്താക്കിയാൽ ഞാൻ യുധിഷ്ഠിരനെ ബന്ദിയാക്കുന്നതാണ്.' ദ്രോണർ യുധിഷ്ഠിരനെ ബന്ധനസ്ഥനാക്കുവാൻ പ്രതിജ്ഞചെയ്ത വിവരമറിഞ്ഞ കൗരവസേന ആഹ്ലാദിച്ചു. ചാരന്മാർ മുഖേന ഇതറിഞ്ഞ ധർമപുത്രർ പാർഥനോടു പറഞ്ഞു. 'ഉണ്ണീ, വേണ്ടതു ചെയ്യുക. ദ്രോണർ ഇക്കാര്യം ചെയ്യാൻ അനുവദിച്ചുകൂടാ. നീ ഗുരുവിനെ എതിരിട്ടു പോരാടുക.'

അർജുനൻ പറഞ്ഞു. 'ജ്യേഷ്ഠാ, ഒരിക്കലും ഞാൻ ഗുരുവധം ചെയ്യുകയില്ല, എന്നാൽ ഞാൻ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹം അങ്ങയെ ബന്ധിക്കുകയില്ല തന്നെ. ഇന്ദ്രാദിദേവന്മാർ വന്നു തുണച്ചാലും ജ്യേഷ്ഠനെ തൊടുകയില്ല ആചാര്യൻ. ഇതു സത്യം!' ഇതുകേട്ട പാണ്ഡവസൈന്യം ഹർഷാരവം മുഴക്കി. പാണ്ഡവർ സിംഹനാദം ചെയ്തു. ഗാണ്ഡീവത്തിന്റെ കടുത്ത ഞാണൊലിയിൽ ദിക്കുകൾ വിറച്ചു. ശംഖനാദം മുഴങ്ങി. വ്യൂഹങ്ങൾ നിരന്ന് ഭയങ്കരമായ യുദ്ധമാരംഭിച്ചു.

ധൃഷ്ടദ്യുമ്നൻ സേനയുമായി എതിരിട്ടപ്പോൾ ഉച്ചസ്സൂര്യനെപ്പോലെ ജ്വലിച്ചുകൊണ്ട് ദ്രോണർ പാണ്ഡവപ്പടയെ പിളർന്നുചിതറിച്ചു. അഗ്നിപോലുള്ള ആ രൂപത്തെ നോക്കുവാൻപോലും സൈനികർ ഭയന്നു. ദ്രോണർ കൊന്നൊടുക്കിയ ആയിരങ്ങൾ യുദ്ധഭൂമിയിൽ ചിതറിക്കിടന്നു. ഒഴുകുന്ന ചോരപ്പുഴയിലൂടെ തേരോടിച്ച് പാണ്ഡവന്മാർ ദ്രോണരെ തടഞ്ഞുനിർത്തി. മഹാവീരന്മാർ മഹാവീരന്മാരോടേറ്റു. ഭീമൻ ഗദയുമെടുത്ത് തേരിൽനിന്ന് ചാടിയിറങ്ങി ഭീഷണമായി യുദ്ധംചെയ്ത് ആയിരങ്ങളെ കൊന്നൊടുക്കി. തന്റെ സൂതനെ കൊന്നു വീഴ്ത്തിയതുകണ്ടു ക്രുദ്ധനായ ശല്യർ ഗദയുമെടുത്ത് തേരിൽനിന്ന് ചാടി ഭീമനോടേറ്റു. കാലനെപ്പോലെ ഗദയുയർത്തി കുതിച്ചെത്തുന്ന ശല്യരെ മലപോലെ കുലുങ്ങാതെനിന്നു ഭീമൻ നേരിട്ടു. പൊന്നുകെട്ടിയ ഗദകൾ ഉയർന്നുതാഴുന്നതും ചുഴന്നുവീശുന്നതും ഭയാനകമായ താഡനശബ്ദവും കേട്ട് സൈനികർ നടുങ്ങി. ഗദകൾ തമ്മിൽത്തട്ടി തീപ്പൊരി ചിതറി. ഇരുവരും ഗദാഘാതങ്ങളേറ്റു പൂത്ത മുരിക്കുകളെപ്പോലെ ചോരയൊലിപ്പിച്ച് അലറിനിന്നു. പിന്നോട്ടാഞ്ഞ് എട്ടടിദൂരം ചാടി ഊക്കിലടിച്ച അടിയേറ്റ് ആ രണ്ടു മഹാശക്തന്മാരും പിന്നോട്ടു മറിഞ്ഞു വീണുപോയി. ശല്യരെ കൃതവർമാവ് തന്റെ തേരിലേറ്റി അവിടെനിന്നു മാറ്റി. മദ്യപനെപ്പോലെ ചാഞ്ചാടിക്കൊണ്ട് ഭീമൻ എഴുന്നേറ്റുനിന്ന് വീണ്ടും ഗദയുയർത്തിയലറി. ശല്യരുടെ പലായനം കണ്ടും ഭീമന്റെ വരവു കണ്ടും ഭയന്ന കൗരവസേന പിന്തിരിഞ്ഞോടി.

യുദ്ധം തുടർന്നു. കർണപുത്രനായ വൃഷസേനനും നകുലപുത്രനായ ശതാനീകനും ഏറ്റുമുട്ടി ശരവർഷം പൊഴിച്ചു. ദ്രോണർ പാണ്ഡവസേനയെ പിളർന്നു. തടുത്ത പാഞ്ചാലനെയും ധൃഷ്ടദ്യുമ്നനെയും സഹദേവനെയുമെല്ലാം ഓടിച്ച് കൊടുങ്കാറ്റുപോലെ യുധിഷ്ഠിരനോടടുത്തു. ആ വരവുകണ്ട് യുധിഷ്ഠിരനെ പിടിക്കുകയായി എന്നു കരുതി കൗരവസേന ഉച്ചത്തിൽ ആർത്തു. പാണ്ഡവസേന പരിഭ്രാന്തമായി. അപ്പോഴതാ പാഞ്ചജന്യം മുഴക്കിക്കൊണ്ട് പാർഥസാരഥിയും



വര: ജയേന്ദ്രൻ

ഗാണ്ഡീവമുയർത്തിക്കൊണ്ട് അർജുനനും മഹാരഥത്തിൽ പാഞ്ഞെത്തുന്നു. പാണ്ഡവസേന ഹർഷാരവംമുഴക്കി തിരിഞ്ഞുനിന്നു. പാർഥൻ ദ്രോണരെ തടഞ്ഞുനിർത്തി. ഭയങ്കരമായ യുദ്ധം തുടർന്നു. ചോരപ്പുഴയിൽ ഉടഞ്ഞതേരുകളും കബന്ധങ്ങളും കുതിരകളും വീണൊലിക്കുന്നതിന് മുകളിലൂടെ ദ്രോണസൈന്യത്തിലേക്ക് അർജുനരഥം പാഞ്ഞുകയറി. അമ്പെടുക്കുന്നതും തൊടുക്കുന്നതും എയ്യുന്നതുമൊന്നും കാണാനാവുന്നില്ല. ശരജാലംകൊണ്ട് ആകാശം മൂടി. ഇരുട്ടു പരന്നു. പൊടിപടലങ്ങളിലൂടെ കൗരവസേന പരക്കംപാഞ്ഞു. സൂര്യാസ്തമനം കണ്ട് പാർഥൻ തന്റെ സൈന്യത്തെ പിൻവലിച്ചു കൈനില പൂകി.

ഇനിയെന്തു മാർഗമെന്നു ചിന്തിക്കുന്ന ദുര്യോധനനോടു ദ്രോണർ പറഞ്ഞു. 'അർജുനനെ ധർമപുത്രരിൽ നിന്ന് ദൂരെയകറ്റാതെ ഈ യത്നം സഫലമാകുകയില്ലെന്നു ഞാൻ നേരത്തേ പറഞ്ഞതല്ലേ?' ഇതുകേട്ട് ത്രിഗർത്തരാജാവ് തന്റെ വില്ലാളികളായ അനുയായികളുമൊത്ത് പിറ്റേന്നത്തെ പടയിൽ പാർഥനെ അകലേക്ക് അകറ്റാമെന്നും താൻ തന്നെ പാർഥനെ കൊല്ലുമെന്നും പ്രതിജ്ഞചെയ്തു. അടുത്ത പുലരിയിൽ സൈന്യവ്യൂഹങ്ങൾ അണിനിരക്കവേ യുദ്ധഭൂമിയിൽ തെക്കോട്ടുമാറിനിന്ന് ത്രിഗർത്തൻ അർജുനനെ പേരെടുത്തുപറഞ്ഞ് പോരിന് വെല്ലുവിളിച്ചു. മഹാവീരന്മാരായ അഞ്ചുസോദരന്മാരും പതിനായിരം തേരുമായി ത്രിഗർത്തൻ നിന്നു പോരിനുവിളിച്ചപ്പോൾ പാർഥൻ യുധിഷ്ഠിരനോടു ചോദിച്ചു. 'ജ്യേഷ്ഠാ, ഞാനെന്താണ് ചെയ്യേണ്ടത്. വെല്ലുവിളിച്ചാൽ ചെല്ലാതിരിക്കുന്നതെങ്ങനെ? ഞാൻ ആ സംശപ്തകന്മാരെ കൊന്ന് ഉടൻ മടങ്ങിയെത്തിക്കൊള്ളാം. അനുജ്ഞ തന്നാലും.'

അനുജ്ഞ വാങ്ങി യുധിഷ്ഠിരന്റെ രക്ഷ ധൃഷ്ടദ്യുമ്നനെ ഏൽപ്പിച്ച് മധ്യമപാണ്ഡവൻ തെക്കേദിക്കിലേക്കുപോയി. അവിടെ ചന്ദ്രവ്യൂഹം ചമച്ച് കാത്തുനിൽക്കുന്ന അവരെക്കണ്ട് ദേവദത്തമെന്ന ശംഖൂതിക്കൊണ്ട് പാർഥൻ പോരിനടുത്തു. കഠിനയുദ്ധം ആരംഭിച്ചു. പാർഥബാണങ്ങളേറ്റു ചിതറിയ സൈന്യത്തെ കാഹളംവിളിച്ച് വീണ്ടും ഒന്നിച്ചുകൂട്ടി ത്രിഗർത്തൻ പോരു തുടങ്ങി. അവർ അസ്ത്രങ്ങളാൽ കൃഷ്ണപാർഥന്മാരെ മൂടി. ചൊടിച്ചുകൊണ്ട് അർജുനൻ വില്ലുയർത്തി മഹാസ്ത്രങ്ങൾ ചൊരിഞ്ഞ് അവരെ മുടിച്ചുതുടങ്ങി.

ഈ വിധം തെക്കേത്തലയ്ക്കൽ ഭയങ്കരമായി പോരുനടക്കവേ മറുഭാഗത്ത് ദ്രോണർ ഗരുഡവ്യൂഹം ചമച്ച് അക്ഷൗഹിണിപ്പടയുമായി മുന്നോട്ടടുത്തു. ആ വരവുകണ്ടു ശങ്കിച്ച യുധിഷ്ഠിരനെ ആശ്വസിപ്പിച്ചുകൊണ്ട് വീരനായ ധൃഷ്ടദ്യുമ്നൻ പാഞ്ഞടുത്ത് ദ്രോണരെ തടഞ്ഞു. ദ്രോണാചാര്യരുടെ മഹാസ്ത്രവർഷത്താൽ പാണ്ഡവപ്പട കൊടുങ്കാറ്റേറ്റ മേഘങ്ങൾപോലെ ചിതറിത്തുടങ്ങി.

(തുടരും)

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.



## കത്ത്

ഈ വേനൽക്കാലം എനിക്ക് വളരെ വിരസമായാണ് അനുഭവപ്പെട്ടത്. വേനൽച്ചൂട് എന്നെ ഒരുപാട് മയക്കത്തിലേക്ക് തളർത്തി. അതിന് ഒരു കാരണമുണ്ട്. ഞാൻ റോസ്മലയിൽ ആണ് പഠിച്ചിരുന്നത്. റോസ്മല എന്ന കുഗ്രാമം ആയിരുന്നു എന്റെ നാടും. ഞാൻ 1 മുതൽ 7 ാം ക്ലാസുവരെ അവിടെയായിരുന്നു പഠിച്ചത്. ഇനി എട്ടാം ക്ലാസ് റോസ്മല സ്കൂളിൽ ഇല്ല. എനിക്ക് ഏറ്റവും പ്രിയപ്പെട്ട അധ്യാപകരെയും അതിലുപരി എന്റെ പ്രിയ കൂട്ടുകാരെയും വിട്ടുപിരിഞ്ഞ വേദന എന്നെ തളർത്തി. ഞങ്ങൾ ഒരുപാട് കരഞ്ഞാണ് അവിടെ നിന്നും പടിയിറങ്ങിയത്. ഇനി ഒരിക്കൽക്കൂടി കാണാം എന്ന പ്രതീക്ഷയില്ലായിരുന്നു. എന്നാലും എന്റെ കൂട്ടുകാരെ ഞാൻ ഇതുവരെയും കണ്ടിട്ടില്ല. അവരെ വിട്ടുപിരിഞ്ഞതിൽ എനിക്ക് ഒരുപാട് വിഷമമുണ്ട്. ഞങ്ങളുടെ 7 വർഷത്തെ ഓർമകളും കൈയിൽ മുറുകെ പിടിച്ചുകൊണ്ടാണ് ഞങ്ങൾ അടുത്ത 8–ാം ക്ലാസിലേക്കു പോകുന്നത്. വെറുപ്പും ദേഷ്യവും എല്ലാം ഈ കഴിഞ്ഞ 7 വർഷത്തിൽ ഞങ്ങൾ പ്രകടിപ്പിച്ചു. അതിന്റെ അവസാനം വിഷമത്തിലൂടെയും കരച്ചിലിലൂടെയും തള്ളിക്കളഞ്ഞു. ആരും തങ്ങളുടെ കൂട്ടുകാരെ മറക്കരുത്. നല്ല കൂട്ടുകാർ നമ്മളെ നല്ല വഴികളിലേക്ക് കടത്തിവിടും.“പൊഴിയുവാനുള്ളതാകല്ലേ സുഹൃദ്ബന്ധം. തളിരിട്ടു നിന്നതിൽ പുഷ്പങ്ങൾ വിരിയണം. അക്ഷരപുഷ്പങ്ങൾ വിടരണം. അതിനുചുറ്റും പൂമ്പാറ്റയാം കുഞ്ഞുങ്ങൾ ഒരുമിച്ച് കൈകോർത്ത് ഒന്നാണ് നാം എന്ന് പാഠം പഠിക്കണം.”

**ഗയാന എസ് എ, ക്ലാസ് 8,**
**ജി യു പി എസ്, റോസ്മല,**
**റോസ്മല പി ഒ.**

---

പ്രിയപ്പെട്ട ടീച്ചർക്ക്

എന്റെ ഏറ്റവും പ്രിയപ്പെട്ട മാസികയാണിത്. എനിക്ക് ഇതിൽ ഏറ്റവും പ്രിയപ്പെട്ടത് മുൻമൊഴി, ഉണ്ടാക്കാം എന്നീ രണ്ട് പംക്തികളാണ്. ഉണ്ടാക്കാം എന്ന പംക്തിയിലെ ഓരോന്നും ഞാൻ ഉണ്ടാക്കാറുണ്ട്. വളരെ രസകരമാണ് തളിര് മാസിക വായിക്കാൻ. ഞാൻ വായന ഇഷ്ടപ്പെടുന്ന ഒരാളാണ്. അതിനാൽ ഇതിലെ ഓരോ പംക്തികളും ആവേശത്തോടെ ഞാൻ വായിക്കാറുണ്ട്. ഈ മാസിക വായിക്കുന്നതുകൊണ്ട് നമ്മുടെ അറിവുകൾ വികസിക്കും. ഒരുതവണ എനിക്ക് തളിര് വായനാമത്സരത്തിൽ ബുക്ക് വാങ്ങിക്കാൻ സാധിച്ചു. ഈ വർഷം ഞാൻ പുസ്തകാസ്വാദന മത്സരത്തിൽ പങ്കെടുത്തിരുന്നു. അതിൽ ഞാൻ തളിര് വായനാമത്സരത്തിലൂടെ വാങ്ങിച്ച സൗരോർജത്തിന്റെ കഥ എന്ന പുസ്തകമാണ് വായിച്ചത്. അതിൽ മൂന്നാം സ്ഥാനം ലഭിച്ചു. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ കത്ത് ചുരുക്കുന്നു.

എന്ന്

**സനിഷ, ക്ലാസ് 5 ബി,**
**ജി എച്ച് എസ് ഉളിയനാട്**

# വര



സൗപർണ്ണിക മോൾ, ക്ലാസ്: 9 സി, എം റ്റി എച്ച് എസ് ചണ്ണപ്പേട്ട, കൊല്ലം - 691311





അർച്ചന എസ് നമ്പി, ടി സി 52/2042 (4), ചെറുവള്ളി മഠം, നേമത്തുകോണം, നേമം പി ഒ, തിരുവനന്തപുരം - 20

# വ്യക്തിത്വവികാസത്തിന്റെ അടിസ്ഥാന ഘടകമാണ് വായന

## പെരുമ്പടവം ശ്രീധരൻ

വ്യക്തിത്വവികാസത്തിന്റെ അടിസ്ഥാന ഘടകമാണ് വായനയെന്നും ഒരു വ്യക്തിയെ രൂപപ്പെടുത്തുന്നത് അവൻ വായിച്ച പുസ്തകങ്ങളാണെന്നും പ്രശസ്ത സാഹിത്യകാരൻ പെരുമ്പടവം ശ്രീധരൻ പറഞ്ഞു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പള്ളിപ്പുറം മോഡൽ പബ്ലിക് സ്കൂളിൽ വച്ച് നടന്ന വായനാദിനാഘോഷം ഉദ്ഘാടനം ചെയ്തുകൊണ്ട് കുട്ടികളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ അധ്യക്ഷത വഹിച്ചു. പ്രസ്തുത ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 10 പുസ്തകങ്ങളുടെ പ്രകാശന കർമം ശ്രീമതി ഫെമിന ബീഗം,



വായനാദിനാഘോഷത്തിൽ കുട്ടികളുമായി സംവദിക്കുന്ന പ്രശസ്ത സാഹിത്യകാരൻ ശ്രീ പെരുമ്പടവം ശ്രീധരൻ.






വായനാദിനാഘോഷം ശ്രീ പെരുമ്പടവം ശ്രീധരൻ ഉദ്ഘാടനം ചെയ്യുന്നു.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

ശ്രീ കണിയാപുരം സൈനുദ്ദീൻ എന്നിവർക്ക് നൽകി പെരുമ്പടവം ശ്രീധരൻ നിർവഹിച്ചു. പള്ളിപ്പുറം മോഡൽ പബ്ലിക് സ്കൂളിലെ ഹെഡ്മിസ്ട്രസ്സ് ശ്രീമതി ഡെൽസി ജോസഫ് സ്വാഗതം ആശംസിച്ചു. സ്കൂൾ അധ്യാപികയും എഴുത്തുകാരിയുമായ ശ്രീമതി സിലിമോൾ എ വി യെ ചടങ്ങിൽ ആദരിച്ചു. മത്സരവിജയികൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ പുരസ്കാരങ്ങൾ സമ്മാനിച്ചു. ശ്രീമതി പൊടിമോൾ അഷറഫ്, അഡ്വ. മുനീർ, നജീബ് കെ എച്ച് എം എന്നിവർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു. സ്കൂളിലെ ലൈബ്രേറിയൻ ശ്രീമതി പ്രിയ നന്ദി പറഞ്ഞു.

ചിഞ്ജു പ്രകാശ് രചിച്ച *എനിക്കിഷ്ടം, കരയിലും വെള്ളത്തിലും* എന്നീ പുസ്തകങ്ങളും ഡോ. ജി അജിത്കുമാർ രചിച്ച *കരിക്കട്ടയിൽ നിന്ന് എണ്ണച്ചായത്തിലേക്ക്*, ആനന്ദൻ ചെറായി രചിച്ച *കാക്കക്കല്യാണം*, കെ എൻ കുട്ടി കടമ്പഴിപ്പുറം രചിച്ച *ചിറകുള്ള മനുഷ്യൻ*, ഷേർളി സോമസുന്ദരൻ രചിച്ച *ചിപ്കോ ചിപ്കോ*, സെബാസ്റ്റ്യൻ പള്ളിത്തോട് രചിച്ച *ഫാദർ തിയോഫിൻ*, എ ചന്ദ്രശേഖർ രചിച്ച *രാമു കാര്യാട്ട്*, ഡോ വി വി കുഞ്ഞിക്കൃഷ്ണൻ രചിച്ച *ജലം ജീവൻ*, ഡോ. അമിതാബച്ചൻ കെ എച്ച് രചിച്ച *കുട്ടിയും വേഴാമ്പലും* എന്നീ 10 പുസ്തകങ്ങളാണ് പ്രകാശനം ചെയ്തത്.

## അക്ഷരയാത്ര തൃശ്ശൂരിൽ

കുട്ടികളിൽ വായനശീലം വളർത്തുക എന്ന ലക്ഷ്യവുമായി തുടങ്ങിയ അക്ഷരയാത്ര ജൂലൈ ആദ്യവാരം തൃശ്ശൂരിലെത്തും. മലയാളത്തിനു ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിനെത്തുടർന്ന് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ച വായനാപ്രോത്സാഹന പദ്ധതിയാണ് അക്ഷരയാത്ര. കുട്ടികളിലേക്ക് നേരിട്ടു പുസ്തകമെത്തിക്കുക എന്നതാണ് അക്ഷരയാത്രയുടെ ഉദ്ദേശ്യങ്ങളിലൊന്ന്. കുട്ടികൾക്കുള്ള സാഹിത്യമത്സരങ്ങൾ, സ്കൂളിൽനിന്നും വിരമിച്ച മലയാളം അധ്യാപകരെ ആദരിക്കുന്ന ചടങ്ങ്, സാഹിത്യ സാംസ്കാരിക മേഖലയിലെ പ്രമുഖരുമായി കുട്ടികൾക്ക് സംവദിക്കാനുള്ള ഇടം തുടങ്ങിയവയെല്ലാം അക്ഷരയാത്രയുടെ ഭാഗമാണ്. ജില്ലയിലെ കുട്ടികൾക്ക് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ പകുതിവിലയ്ക്ക് വാങ്ങാനുള്ള അവസരമാണ് അക്ഷരയാത്രയിലുള്ളത്. ഇരുപതോളം സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തുന്ന അക്ഷരയാത്രയിലെ പുസ്തകമേളയിൽ ഇരുന്നൂറിലധികം ബാലസാഹിത്യ പുസ്തകങ്ങളാണ് ലഭ്യമാവുന്നത്. ഒരു സ്കൂളിൽ രണ്ടു ദിവസം പുസ്തകപ്രദർശനങ്ങൾ ഉണ്ടാവും. സമീപസ്കൂളുകളിലെ കുട്ടികൾക്കും ഇവിടെനിന്നും പുസ്തകങ്ങൾ ലഭ്യമാവും. ഏകദേശം നാൽപ്പതുലക്ഷം രൂപ മുഖവിലയുള്ള ബാലസാഹിത്യ പുസ്തകങ്ങൾ ജില്ലയിലെ കുട്ടികളിലേക്ക് എത്തിച്ചേരും എന്നാണ് പ്രതീക്ഷിക്കുന്നത്.

## കേരള സാഹിത്യ അക്കാദമി

**ചെറുകഥാശില്പശാല– 2019**

**അപേക്ഷകൾ ക്ഷണിക്കുന്നു**

**കേരള സാഹിത്യ അക്കാദമി 2019 ആഗസ്റ്റ് 10,11,12 തീയതികളിൽ അങ്കമാലിക്കടുത്തുള്ള കാലടിയിൽവച്ച് സംസ്ഥാനതലത്തിൽ ചെറുകഥാശില്പശാല സംഘടിപ്പിക്കുന്നു. 18 വയസ്സുമുതൽ 40 വയസ്സുവരെയുള്ള യുവ എഴുത്തുകാർക്ക് പങ്കെടുക്കാം. തെരഞ്ഞെടുക്കുന്നവർക്ക് താമസം, ഭക്ഷണം, യാത്രാബത്ത എന്നിവയും സാക്ഷ്യപത്രവും അക്കാദമി നൽകും. മലയാളത്തിൽ തയ്യാറാക്കിയ അപേക്ഷയും ബയോഡാറ്റയും ഏറ്റവും പുതിയ ഒന്നോ രണ്ടോ കഥകളുടെ കോപ്പിയോടൊപ്പം 2019 ജൂലൈ 15 ന് മുമ്പ് സെക്രട്ടറി, കേരള സാഹിത്യ അക്കാദമി തൃശ്ശൂർ 680020 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ 0487 2331069**, E-mail keralasahityaakademi@gmail.com

**ഡോ. കെ പി മോഹനൻ**
**സെക്രട്ടറി**

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020
RNI No. 20076/70 July 2019
Regd KL/TV (N)/399/2018-2020 Published on 29-06-2019 Vol:25, Issue:07, ₹20

